Newspaper for malayalees Worldwide CHICAGO/TORONTO ◆Estd.2020

# വാചകം
VACHAKAM

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World

TORONTO
Vol.1 / Issue 19/ Pages32
10
സെപ്റ്റംബർ 2026
വ്യാഴാഴ്ച
1202 ചിങ്ങം 25

www.vachakam.com
canada@vachakam.com
news@vachakam.com

# യൂറോപ്യൻ ഭരണകൂടവുമായി സുരക്ഷാ-വ്യാപാര ബന്ധങ്ങൾ ശക്തമാക്കി കാർണി!



വാഷിംഗ്ടണുമായുള്ളവ്യാപാരതർക്കങ്ങൾ രൂക്ഷമാകുന്ന പശ്ചാത്തലത്തിൽ, കാനഡയുമായി ഇതുവരെയില്ലാത്ത തരത്തിലുള്ള പുതിയൊരു തന്ത്രപ്രധാന സുരക്ഷാ-സാമ്പത്തിക പങ്കാളിത്തത്തിന് യൂറോപ്യൻ യൂണിയൻ തുടക്കമിടുകയാണ്. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി ഫ്രാൻസിലെ സ്ട്രാസ്ബർഗിലുള്ള യൂറോപ്യൻ പാർലമെന്റിനെ അഭിസംബോധന ചെയ്ത് സംസാരിക്കാനിരിക്കെയാണ് യൂറോപ്യൻ യൂണിയൻ സ്ഥാനപതി ജനവീവ് ടൂട്ട്സ് ഈ ചരിത്രപരമായ വെളിപ്പെടുത്തൽ നടത്തിയത്.സ്വിറ്റ്സർലാൻഡ്, നോർവേ, യുണൈറ്റഡ് കിംഗ്ഡം എന്നീ യൂറോപ്യൻ ഇതര രാഷ്ട്രങ്ങളുമായി ഇയു നിലവിൽ പുലർത്തുന്ന കരാറുകളിൽ നിന്നും തികച്ചും വേറിട്ടതും കൂടുതൽ ആഴത്തിലുള്ളതുമായ ഒരു പങ്കാളിത്തമാണ് ഓട്ടവയുമായി യൂറോപ്യൻ കമ്മീഷൻ പ്ലാൻ ചെയ്യുന്നത്. വാഷിംഗ്ടണിന്റെ ഏകപക്ഷീയമായ സാമ്പത്തിക അടിച്ചമർത്തലുകൾക്കും അന്താരാഷ്ട്ര വ്യാപാര അനിശ്ചിതത്വങ്ങൾക്കും മറുപടിയായി കാനഡയും യൂറോപ്പും കെട്ടിപ്പടുക്കുന്ന ഈ പുതിയ ആഗോള സഖ്യത്തിന്റെ വശങ്ങളും അതിന്റെ ആഗോള പ്രതിഫലനങ്ങളും താഴെ

ശേഷം പേജ് 8ൽ

## അമേരിക്കയുമായുള്ള വ്യാപാര യുദ്ധവും ആൽബർട്ടയിലെ വിഘടനവാദ ഭീഷണിയും; അടിയന്തിര ക്യാബിനറ്റ് പ്ലാനിംഗ് ഫോറം വിളിച്ച് മാർക്ക് കാർണി!



വാഷിംഗ്ടണുമായി കടുക്കുന്ന അമേരിക്കൻ വ്യാപാര യുദ്ധവും വരാനിരിക്കുന്ന ആൽബർട്ട പ്രവിശ്യാ റഫറണ്ടവും സൃഷ്ടിക്കുന്ന വൻ ഭീഷണികൾക്കിടയിൽ കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി തങ്ങളുടെ അടിയന്തിര ക്യാബിനറ്റ് പ്ലാനിംഗ് ഫോറം ആൽബർട്ടയിലെ ബാഫിൽ വിളിച്ചു ചേർത്തു. സെപ്റ്റംബർ 21-ന് പാർലമെന്റ് പുനരാരംഭിക്കുന്നതിന് മുൻപായി, കാനഡ നേരിടുന്ന ചരിത്രത്തിലെ തന്നെ ഏറ്റവും കടുത്ത വാണിജ്യ-ആഭ്യന്തര രാഷ്ട്രീയ വെല്ലുവിളികൾ നേരിടാൻ കർമ്മപദ്ധതികൾ തയാറാക്കുകയാണ് കാർണി ഭരണകൂടം.അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഭരണകൂടം കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് മേൽ ഏകപക്ഷീയമായി ചുമത്തിയ കടുത്ത ഇറക്കുമതി തീരുവകൾക്ക് ബദലായി 27.8 ബില്യൺ കനേഡിയൻ ഡോളർ മൂല്യമുള്ള തിരികെ തിരിച്ചടി തീരുവകൾ കാനഡ പ്രാബല്യത്തിൽ വരുത്തിയതിന് തൊട്ടുപിന്നാലെയാണ് ഈ നയതന്ത്ര യോഗം നടക്കുന്നത്. ഒപ്പം, വരാനിരിക്കുന്ന ശരത്കാലത്തിൽ ആൽബർട്ടയിൽ നടക്കുന്ന റഫ

ശേഷം പേജ് 8ൽ

യൂറോപ്പിനെപ്പോലെ കേരളത്തെയും പൊള്ളിക്കാൻ ഉഷ്ണ തരംഗം...............പേജ് 14

അമർഷങ്ങളുടെ അങ്കത്തട്ട്......................പേജ് 18

'പിണറായി കുടുംബ യൂണിറ്റ്" സി.പി.എം. വിശാല സമ്മേളനത്തിൽ ഹിറ്റാകുമോ, ഫ്ളോപ്പാകുമോ?..........പേജ് 20

വിവാദങ്ങൾ തട്ടമിട്ടിറങ്ങുമ്പോൾ........പേജ് 21

അധികാരത്തിന്റെ കുറവ്........................ പേജ് 25

NEXT GEN The Future is New പേജ് 30ൽ

## കാനഡയ്ക്കെതിരെ പ്രതികാരം കടുപ്പിച്ച് ട്രംപ്; മദ്യത്തിനും പാലുൽപ്പന്നങ്ങൾക്കും വൻ നിരോധനവും ഇറക്കുമതി നിയന്ത്രണവും



അമേരിക്കയും കാനഡയും തമ്മിലുള്ള വ്യാപാര യുദ്ധം അതീവ ഗുരുതരമായ ഘട്ടത്തിലേക്ക് കടക്കുന്നു. കാനഡയിൽ നിന്നുള്ള മദ്യത്തിനും മറ്റ് നിരവധി തന്ത്രപ്രധാന ഉൽപ്പന്നങ്ങൾക്കും നിരോധനം ഏർപ്പെടുത്തിക്കൊണ്ട് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രതികാര നടപടികൾ കൂടുതൽ കടുപ്പിച്ചു. അതിർത്തി കടന്നുള്ള വ്യാപാരത്തിൽ കാനഡ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് മറുപടിയായാണ് അമേരിക്കയുടെ ഈ പുതിയ പ്രഹരം. കാനഡയിൽ നിന്നുള്ള മദ്യത്തിന് പുറമെ പാലുൽപ്പന്നങ്ങൾക്കും മറ്റ് വാണിജ്യ സാമഗ്രികൾക്കും യുഎസിലേക്ക് പ്രവേശിക്കുന്നതിന് പൂർണ്ണ നിരോധനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. കനേഡിയൻ പ്രവിശ്യകൾ അമേരിക്കൻ നിർമ്മിത മദ്യത്തിന് ഏർപ്പെടുത്തിയ വിലക്കുകൾ പിൻവലിക്കാൻ വിസമ്മതിച്ചതാണ് ട്രംപിനെ ചൊടിപ്പിച്ചത്. ഇതോടെ ഇരു അയൽരാജ്യങ്ങളും തമ്മി

ശേഷം പേജ് 10ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# BRISTOL DENTAL CLINIC

**Family, Cosmetic & Specialty Dentistry**

**Dr. Annie Thomas,** Family, Cosmetic & Laser
**Dr. Laura Minea,** Family & Cosmetic
**Dr. Roshini Gopal,** Family & Cosmetic
**Dr. Mahima Mahima,** Family & Cosmetic
**Dr. James Chacko,** Oral Surgery & Implants
**Dr. Shakti Singh,** Orthodontist
**Dr. Manav Nayyar,** Endo
**Dr. Mehrdad Radvar,** Perio
**Dr. Saurabh Chhabra,** Prosthodontist




• Informed Dentistry • New Patients & Emergencies Welcome
• Comprehensive Dental Services Provided Under One Roof

## SPECIALITY SERVICES

• Laser Dentistry • Cosmetic Dentistry • Orthodontics • Endodontics
• Periodontics • Oral Surgery • Implants • Dentures & Snap-On Smiles

**We Accept CDCP (Canadian Dental Care Plan)**

1-512 Bristol Road West,
Mississauga, ON L5R 3Z1
info@bristoldental.ca

**(905) 712-3409**
@ Bristol Road West & McLaughlin Road

**CALL US FOR**
**Smile Contouring, Braces, Invisalgn, Perio & Gum Surgery, Root Canals, Oral Surgery, Wisdom Teeth, Implants, Dentures - all types**

LOOK DEEPER™
BRISTOL DENTAL CLINIC

www.bristoldental.ca

Newspaper for malayalees Worldwide
CHICAGO/TORONTO ◆ Estd.2020

# വാചകം
VACHAKAM

TORONTO
Vol.1 / Issue 19/ Pages 32
10
സെപ്റ്റംബർ 2026
വ്യാഴാഴ്ച
1202 ചിങ്ങം 25

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World

www.vachakam.com
canada@vachakam.com
news@vachakam.com

# അധികാരത്തണലിൽ നിന്ന് രാഷ്ട്രീയ കൊടുങ്കാറ്റിലേക്ക്: ഇ.ഡി റിപ്പോർട്ടും പിണറായിയുടെ രാഷ്ട്രീയ ഭാവിയും



സിഎംആർഎൽ മാസപ്പടി കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാവും മുൻ മുഖ്യമന്ത്രിയുമായ പിണറായി വിജയനെതിരെ കേസെടുക്കുന്ന കാര്യത്തിൽ സർക്കാർ ഉടൻ തീരുമാനമെടുക്കുമെന്ന വിവരങ്ങൾ പുറത്തുവന്നതോടെ കേരള രാഷ്ട്രീയം വീണ്ടും വലിയൊരു ചൂടേറിയ ചർച്ചയിലേക്ക വഴിമാറിയിരിക്കുകയാണ്. അഡ്വക്കറ്റ് ജനറലിന്റെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും നിയമോപദേശങ്ങൾക്ക് ശേഷം അടുത്ത മന്ത്രിസഭാ യോഗത്തിലാകും സർക്കാരിന്റെ അന്തിമ തീരുമാനം ഉണ്ടാകുക.കേവലം ഒരു കമ്പനിയുടെ സാമ്പത്തിക ക്രമക്കേട് എന്ന നിലയിൽ ആദായനികുതി വകുപ്പ് അന്വേഷണം തുടങ്ങിയ വിഷയം, ഇന്ന് സി.പി.എമ്മിന്റെ അത്യുന്നത നേതാക്കളെയും കുടും

ശേഷം പേജ് 10ൽ

## പിണറായി വിജയനെതിരെ കേസെടുക്കുന്നതിൽ നിയമോപദേശം തേടും; സണ്ണി ജോസഫ്

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രിയും നിലവിലെ പ്രതിപക്ഷ നേതാവുമായ പിണറായി വിജയനെതിരെ കേസെടുക്കുന്ന കാര്യത്തിൽ എടുത്തുചാടി തീരുമാനമുണ്ടാകില്ലെന്ന് കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ്.വിഷയം കെ.പി.സി.സി യോഗം വിശദമായി ചർച്ച ചെയ്തതായും നിയമവശങ്ങൾ കൃത്യമായി പരിശോധിച്ച ശേഷമേ അടുത്ത നടപടികളിലേക്ക് കടക്കൂ എന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. പിണറായി വിജയനെതിരെ കേസെടുക്കണമെന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇ.ഡി) ശുപാർശ യോഗത്തിൽ ഉയർന്നുവന്ന പശ്ചാത്തലത്തിലാണ് പാർട്ടി നിലപാട് വ്യക്തമാക്കിയത്.സംസ്ഥാനത്ത് തുടരുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയെക്കുറിച്ചും സണ്ണി ജോസഫ് മാധ്യമങ്ങളോട് സംസാരിച്ചു. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് വൈദ്യുതി കരാറുകൾ റദ്ദാക്കിയതുൾപ്പെടെയുള്ള അശാസ്ത്രീയമായ തീരുമാനങ്ങളാണ് നിലവിലെ കടുത്ത ക്ഷാമത്തിന് പ്രധാന കാരണമെന്ന് അദ്ദേഹം ആരോപിച്ചു.

# 'മുഖ്യമന്ത്രി ജനകീയനാകണം'; കെപിസിസി യോഗത്തിൽ സർക്കാരിനെതിരെ വിമർശനം



തിരുവനന്തപുരം: കെപിസിസി യോഗത്തിൽ സംസ്ഥാന സർക്കാരിനെതിരെ രൂക്ഷ വിമർശനം. മുഖ്യമന്ത്രിയും മന്ത്രിമാരും പാർട്ടി നേതാക്കളുടെ ആവശ്യങ്ങൾക്ക് വേണ്ടത്ര പരിഗണന നൽകുന്നില്ലെന്ന് തൃശൂർ ഡിസിസി അധ്യക്ഷൻ വിമർശിച്ചു. മുഖ്യമന്ത്രി കൂടുതൽ ജനകീയ സമീപനം സ്വീകരിക്കണമെന്നും പ്രധാന തസ്തികകളിലെ നിയമനങ്ങളിൽ ജാഗ്രത വേണമെന്നും യോഗത്തിൽ ആവശ്യമുയർന്നു.പിഎം ശ്രീ പദ്ധതിയുമായി മുന്നോട്ടുപോകരുതെന്ന നിലപാടും യോഗത്തിൽ നേതാക്കൾ വ്യക്തമാക്കി. പദ്ധതിയെക്കുറിച്ചുള്ള പാർട്ടിയുടെ നിലപാട് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ ബുദ്ധിമുട്ടുണ്ടാകുമെന്ന് നേതാക്കൾ ചൂണ്ടിക്കാട്ടി. എന്നാൽ പദ്ധതിയിൽ അന്തിമ തീരുമാനം എടുത്തിട്ടില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ കരിക്കുലത്തിൽ കേന്ദ്രത്തിന്റെ ഇടപെടൽ അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

കെപിസിസി ഭാരവാഹികൾക്ക് ഏത് സമയത്തും തന്നെ നേരിട്ടോ മന്ത്രിമാരെയോ കാണാമെന്നും മുഖ്യമന്ത്രി യോഗത്തിൽ വ്യക്തമാക്കി.അതേസമയം, കേരളത്തിന്റെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷിയെ യോഗത്തിലേക്ക് ക്ഷണിക്കാത്തതുമായി ബന്ധപ്പെട്ട് കോൺഗ്രസിൽ അതൃപ്തി ശക്തമാകുന്നു. രാഷ്ട്രീയകാര്യ സമിതി യോഗത്തിൽ സർക്കാരിനെതിരെ വിമർശനം ഉന്നയിച്ചതിന് പിന്നാലെയാണ് ദീപാദാസ് മുൻഷിയെ കെപിസിസി യോഗത്തിലേക്ക് വിളിക്കാതിരുന്നതെന്ന ചർച്ചയും ഉയർന്നിട്ടുണ്ട്. വിഷയത്തിൽ അവർ കെപിസിസി അധ്യക്ഷനെ അതൃപ്തി അറിയിച്ചേക്കുമെന്നാണ് സൂചന.അതേസമയം, സംഭവത്തെക്കുറിച്ച് പ്രതികരിക്കാൻ സണ്ണി ജോസഫ് തയ്യാറായില്ല. യോഗത്തിൽ കെപിസിസി ഉപാധ്യക്ഷയും എംഎൽഎയുമായ രമ്യാ ഹരിദാസിനെതിരെയും കടുത്ത വിമർശനമുയർന്നു. കയ്യാങ്കളി വിവാദത്തിൽ എംഎൽഎയ്ക്കെതിരെ ശക്തമായ നടപടി വേണമെന്ന് ഒരു വിഭാഗം നേതാക്കൾ ആവശ്യപ്പെട്ടു. വിവാദം പാർട്ടിക്ക് നാണക്കേടുണ്ടാക്കിയെന്നും സംഘടനയുടെ സൽപ്പേരിനെ ബാധിച്ചെന്നും നേതാക്കൾ ചൂണ്ടിക്കാട്ടി.

ഇ–പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ




# മിസ്സിസ്സാഗയിൽ മലയാളിത്തനിമയുടെ നിറവിൽ TCL ഓണം 2026 അവിസ്മരണീയമായി

മിസ്സിസ്സാഗ: ഓണപ്പൂക്കളുടെ നിറവും തിരുവാതിരയുടെ താളവും വടംവലിയുടെ ആവേശവും നാടൻ ഓണസദ്യയുടെ രുചിയും ഒത്തുചേർപ്പോൾ മിസ്സിസ്സാഗയിലെ പോൾ കോഫി പാർക്ക് ഒരുദിവസത്തേക്ക് കൊച്ചു കേരളമായി മാറി. ടീം കനേഡിയൻ ലയൺസ് (TCL) സംഘടിപ്പിച്ച 'TCL ഓണം 2026' മലയാളികളുടെ ആവേശകരമായ പങ്കാളിത്തത്തോടെ ഓഗസ്റ്റ് 30 ഞായറാഴ്ച പ്രൗഢഗംഭീരമായി അരങ്ങേറി.

രാവിലെ 10 മുതൽ വൈകുന്നേരം 7 വരെ നീണ്ടുനിന്ന ആഘോഷത്തിൽ കാനഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നൂറുകണക്കിന് മലയാളി കുടുംബങ്ങൾ പങ്കെടുത്തു. പ്രവാസജീവിതത്തിന്റെ തിരക്കുകൾക്കിടയിലും സ്വന്തം നാടിന്റെ സംസ്കാരവും പാരമ്പര്യവും ആഘോഷിക്കാനും സൗഹൃദങ്ങൾ പുതുക്കാനും കുടുംബസമേതം ഒരുമിക്കാനും TCL ഒരുക്കിയ ഈ വേദി എല്ലാവർക്കും ഹൃദ്യമായ അനുഭവമായി.

കേരളീയ വേഷത്തിൽ അണിനിരന്ന മലയാളി മങ്കമാരുടെ മനോഹരമായ തിരുവാതിര ആഘോഷത്തിന് പ്രത്യേക ശോഭ നൽകി. കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ നൃത്ത കലാപരിപാടികൾ വേദിയെ സജീവമാക്കിയപ്പോൾ കാണികളുടെ നിറഞ്ഞ കൈയടികൾ പരിപാടികളുടെ ആവേശം ഇരട്ടിയാക്കി. കലയും സംസ്കാരവും മാത്രമല്ല, കായികവിനോദങ്ങൾക്കും മത്സരങ്ങൾക്കും ആഘോഷത്തിൽ വലിയ പ്രാധാന്യം നൽകി. വിവിധ പ്രായക്കാർക്കായി സംഘടിപ്പിച്ച മത്സരങ്ങൾക്കൊപ്പം ആവേശം നിറച്ച വടംവലി മത്സരം കാണികൾക്കും മത്സരാർത്ഥികൾക്കും ഒരുപോലെ ആവേശം പകർന്നു. സൗഹൃദ മത്സരങ്ങൾക്കിടയിലും ടീമുകളുടെ പോരാട്ടവീര്യം ആഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നായി.

ഓണത്തിന്റെ ഏറ്റവും പ്രിയപ്പെട്ട ഭാഗമായ നാടൻ ഓണസദ്യയും പരിപാടിയുടെ ഭാഗമായി ഒരുക്കിയിരുന്നു. K-er-a-l-a Curry Hou-se ഒരുക്കിയ കേരളത്തിന്റെ തനത് രുചികൾ നിറഞ്ഞ വിഭവസമൃദ്ധമായ സദ്യ പ്രവാസി മലയാളികൾക്ക് ഗൃഹാതുരത്വം നിറഞ്ഞ അനുഭവമാണ് സമ്മാനിച്ചത്. കാനഡയിലെ പ്രമുഖ സാമൂഹികസാംസ്കാരിക പ്രവർത്തകനും Choice Homes, Kerala Curry House, Coconut Groves, Taste of Malayalees Kokkadens Cakes തുടങ്ങിയ സ്ഥാപനങ്ങളുടെ ഉടമയുമായ ടോമി കൊക്കാറ്റ് (Broker of Record, Choice Homes Reatly Inc. Brokerage) ആയിരുന്നു TCL ഓണം 2026ന്റെ മെഗാ ടീം സ്പോൺസർ.

TCL ഓണം 2026ന്റെ വിജയത്തിന് പിന്നിൽ സംഘടനാ നേതൃത്വത്തിന്റെയും വിവിധ കമ്മിറ്റികളുടെയും കൂട്ടായ പരിശ്രമം നിർണായകമായി. ടീം കനേഡിയൻ ലയൺസ് പ്രസിഡന്റ് നിഖിൽ വർഗീസ്, വൈസ് പ്രസിഡന്റ് റൈജു ദേവസിക്കുട്ടി, സെക്രട്ടറി തെരേസ തോംസൺ, ട്രഷറർ ബിനു ജോസഫ്, ജോയിന്റ് ട്രഷറർ ജിതിൻ ജോസഫ്, ജോയിന്റ് സെക്രട്ടറി മേരി സിറിയക്, മീഡിയ & കമ്മ്യൂണിക്കേഷൻസ് മാനേജർ വിനു ദേവസ്യാ, ഇവന്റ് മാനേജർമാരായ ജയ്ദീപ ജോൺ, ദീപ ടോമി, യൂത്ത് അനിമേറ്റർ ബിനു ചെറിയാൻ, ആർട്സ് & കൾച്ചറൽ മാനേജർ ബിൻസി ബോബി ചെറിയാൻ, ധന്യ ബിബിൻ, മേഘ പുത്തൂരൻ, സ്പോർട്സ് മാനേജർ ഷെറിൻ ജോസഫ്, ജോസ് തോമസ്, ഷൈജു ജി.പി., എക്സ്ഓഫീഷ്യോ നിക്സൺ മാനുവൽ, കമ്മ്യൂണിറ്റി ഔട്ട്റീച്ച് ബിജു തോമസ്, യൂത്ത് ലീഡർമാരായ സാറ ജോസഫ്, ബിയ സെബാസ്റ്റ്യൻ എന്നിവരോടൊപ്പം മറ്റ് കൗൺസിൽ അംഗങ്ങളും കമ്മിറ്റി ഭാരവാഹികളും സന്നദ്ധപ്രവർത്തകരും പരിപാടിയുടെ വിജയത്തിനായി നേതൃത്വം നൽകി.

ഓണം ഒരു ആഘോഷത്തിനപ്പുറം മലയാളിയുടെ ഒരുമയുടെയും സ്നേഹത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രതീകമാണ്. ആ ആത്മാവിനെ പൂർണമായി ഉൾക്കൊണ്ട് സംഘടിപ്പിച്ച TCL ഓണം 2026, പ്രവാസി മലയാളികളുടെ കൂട്ടായ്മയുടെ ശക്തിയും കേരളീയ സംസ്കാരത്തിന്റെ സമൃദ്ധിയും ഒരിക്കൽ കൂടി വിളിച്ചോതി. തിരുവാതിരയുടെ താളവും വടംവലിയുടെ ആവേശവും കുട്ടികളുടെ ചിരിയും ഓണസദ്യയുടെ രുചിയും കുടുംബസംഗമത്തിന്റെ ഊഷ്മളതയും ആഘോഷത്തിന് പൂർണത നൽകി. മലയാളി എവിടെയുണ്ടോ അവിടെയുണ്ട് കേരളം; കേരളമുള്ളിടത്ത് ഓണവും. ആ സന്ദേശം ഹൃദയത്തിൽ നിറച്ച്, മിസ്സിസ്സാഗയിലെ മലയാളി സമൂഹത്തിന് TCL ഓണം 2026 സമ്മാനിച്ചത് ഒരു ആഘോഷദിനം മാത്രമല്ല, എന്നും ഓർമ്മയിൽ നിലനിൽക്കുന്ന ഒരു മനോഹരമായ കൂട്ടായ്മയുടെ അനുഭവം കൂടിയായിരുന്നു.

NEXT GEN
The Future is New

പ്രിയപ്പെട്ട രക്ഷിതാക്കളേ, കുട്ടികളെ,

നമ്മുടെ പുതുതലമുറ സ്പീഡിന്റെ ലോകത്താണ്. ആ തിരക്കിനിടയിൽ പലർക്കും നല്ലതേത് മോശമേത് എന്ന് തിരിച്ചറിയാനാകുന്നില്ല. അവരെ നല്ലതിലേക്കും നന്മയിലേക്കും നയിക്കാൻ ഇതാ ഒരു പുതിയ ഇംഗ്ലീഷ് പംക്തി. NEXT_GEN. അതും ന്യൂജൻ ശൈലിയിൽ ഈ ലക്കം മുതൽ അവതരിപ്പിക്കുന്നു..! ഇത് അവരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട ചുമതല രക്ഷിതാക്കളെ ഏൽപ്പിക്കുകയാണ്.

കുട്ടികൾക്ക് ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് നഷ്ടപ്പെടുന്നുവെന്ന് തോന്നുമ്പോൾ, അത് അവരുടെ ചിന്തകളെ പരിമിതപ്പെടുത്തുകയും ചെറിയ കാര്യങ്ങളിൽ തളർന്നുപോകുകയും ചെയ്യുന്നു. അതിന്റെ ഫലം ആശയക്കുഴപ്പമാണ്. കൃത്യമായ തീരുമാനങ്ങൾ എടുക്കാനും സ്വന്തം അഭിപ്രായങ്ങൾ രൂപീകരിക്കാനും അവരെ പ്രാപ്തരാക്കുകയാണ് ഈ പംക്തിയിലൂടെ ലക്ഷ്യമിടുന്നത്.

ഇത് വിദ്യാർത്ഥികൾക്കും ബുദ്ധിപരമായ വെല്ലുവിളികൾ ഇഷ്ടപ്പെടുന്ന എല്ലാവർക്കും ഒത്തിരി ഉപകാരപ്പെടുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു!

(കാണുക ... പേജ് 30)

എഡിറ്റർ




# ടൊറൊന്റോ സെന്റ് മേരിസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പ്രധാന തിരുനാൾ സെപ്തംബർ 12, 13 തീയതികളിൽ

ടൊറോന്റോ: കാനഡയിലെ ക്നാനായ കത്തോലിക്കാ സഭാ സംവിധാനങ്ങൾക്ക് ആരംഭം കുറിച്ച സെന്റ് മേരിസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ സ്വർഗ്ഗീയ മാധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ സെപ്തംബർ 12, 13 (ശനി, ഞായർ) തീയതികളിൽ ആഘോഷപൂർവ്വം കൊണ്ടാടുന്നു. മിസ്സിസ്സാഗയിലെ സെന്റ് ജോസഫ് സ്കൂളിൽ വച്ചാണ് തിരുനാൾ തിരുകർമ്മങ്ങൾ നടക്കുന്നത്.

സെപ്തം. 12 ശനിയാഴ്ച: വൈകുന്നേരം 5.30 ന് ഇടവക വികാരി ഫാ. മാത്യു മേലെടത്ത് കൊടിയേറ്റം നടത്തുന്നതോടെ തിരുനാൾ കർമ്മങ്ങൾക്ക് തുടക്കമാകും. തുടർന്ന് മുത്തിയമ്മയുടെ രൂപം എഴുന്നള്ളിച്ചുവയ്ക്കും. ഇടവകയിലെ കുട്ടികളുടെ ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ സ്വീകരണ കുർബാനയും അന്ന് നടക്കും. യു.എസ്.എ സെന്റ് ആന്റണി കത്തോലിക്ക ദേവാലത്തിലെ വികാരി ഫാ. ബോബൻ വട്ടമ്പുറത്ത് ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിക്കും. ലണ്ടൻ സെക്രെഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ പള്ളി വികാരി ഫാ. സജി ചാഴിശ്ശേരി കുർബാന മധ്യേ സന്ദേശം നൽകും. തിരുനാളിനോടനുബന്ധിച്ച് കൂടാരയോഗങ്ങളുടെ ആഭിമുഖ്യത്തിൽ കലാസന്ധ്യയും തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

സെപ്തം. 13 ഞായർ: രാവിലെ 10.00 മണിക്ക് ചരടഒ സഭാ സമൂഹത്തിന്റെ വികാരി ജനറാളും, കോട്ടയം സെക്രെഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഇടവക വികാരിയുമായ ഫാ. ജോസ് ചിറയിൽപുത്തൻപുരയുടെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ തിരുനാൾ കുർബാന അർപ്പിക്കപ്പെടും. ഫാ. ബോബൻ വട്ടമ്പുറത്ത് തിരുനാൾ സന്ദേശം നൽകും. തുടർന്ന് വിശുദ്ധരുടെ രൂപങ്ങളും വഹിച്ചുകൊണ്ട് മുത്തുകുടകളുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടെ ഭക്തിനിർഭരമായ തിരുനാൾ പ്രദിക്ഷണം നടക്കും. വിശുദ്ധ കുർബാനയുടെ ആശീർവാദത്തിനും സ്നേഹവിരുന്നിനും ശേഷം തിരുകർമ്മങ്ങൾ സമാപിക്കും.

ജോഷി ജോബ്പ്രീത ജോഷി പാലത്തടത്തിൽ കുടുംബമാണ് ഈ വർഷത്തെ തിരുനാൾ ഏറ്റെടുത്തു നടത്തുന്നത്. ഇടവക വികാരി ഫാ. മാത്യു മേലെടത്ത്, കൈക്കാരന്മാരായ ജോൺ അരയത്ത്, അനീഷ് തെക്കേടത്ത് എന്നിവരുടെ നേതൃത്വത്തിലുള്ള പാരിഷ് കൗൺസിൽ അംഗങ്ങൾ ഉൾപ്പെട്ട വിവിധ കമ്മിറ്റികൾ തിരുനാൾ ആഘോഷങ്ങളുടെ വിജയത്തിനായി പ്രവർത്തിച്ചു വരുന്നു.

*ജോൺ കുരുവിള അരയത്ത്*

# ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റ്; കാനഡ ഗ്ലാഡിയേറ്റേഴ്സ് വീണ്ടും ചാമ്പ്യന്മാർ



ഷിക്കാഗോ: ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരം ആവേശകരമായി സമാപിച്ചപ്പോൾ, കഴിഞ്ഞ വർഷത്തെ ചാമ്പ്യന്മാരായ ഗ്ലാഡിയേറ്റേഴ്സ് കാനഡ വീണ്ടും കിരീടം നിലനിർത്തി. മാണി മെമ്മോറിയൽ റോളിംഗ് ട്രോഫിയും 11,111 ഡോളർ സമ്മാനത്തുകയും സ്വന്തമാക്കിയാണ് ഗ്ലാഡിയേറ്റേഴ്സ് കാനഡ കിരീടം നിലനിർത്തിയത്. രണ്ടാം സമ്മാനമായ ജോയി മുണ്ടപ്ലാക്കിൽ മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും 5555 ഡോളറും കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീം സ്വന്തമാക്കി. വാശിയേറിയ ഫൈനൽ പോരാട്ടത്തിൽ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീമിനെ പരാജയപ്പെടുത്തിയാണ് ഗ്ലാഡിയേറ്റേഴ്സ് കാനഡ ചാമ്പ്യന്മാരായത്.

സ്റ്റീഫൻ കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്ത ഗ്ലാഡിയേറ്റേഴ്സ് കാനഡയും സിറിയക് കൂവക്കാട്ടിൽ സ്പോൺസർ ചെയ്ത കെബിസി കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീമും നേ ാർത്ത് അമേരിക്കൻ വടംവലി വേദികളിലെ ശക്തരായ എതിരാളികളായി ഏറെ ശ്രദ്ധിക്കപ്പെട്ട ടീമുകളാണ്. മൂന്നാം സ്ഥാനത്തിനായുള്ള പോരാട്ടത്തിൽ സ്റ്റീഫൻ കിഴക്കേകുറ്റിന്റെ ലണ്ടൻ ഗ്ലാഡിയേറ്റേഴ്സ്, മുത്ത് കല്ലിടുക്കിലിന്റെ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലാക്ക് ടീമിനെ പരാജയപ്പെടുത്തി മറിയം കിഴക്കേക്കുറ്റ് മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും 3333 ഡോളറും അടങ്ങുന്ന മൂന്നാം സ്ഥാനം കരസ്ഥമാക്കി.

കെബിസി ബ്ലാക്ക് മംഗല്യാ ജ്വല്ലറി നൽകിയ ട്രോഫിയും 1111 ഡോളർറും അടങ്ങുന്ന നാലാം സ്ഥാനത്തിന് അർഹരായി. രാവിലെ 10 മണിക്ക് ആരംഭിച്ച മത്സരങ്ങൾ പാലക്കാട് എം.പി. വി.കെ. ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം വരെ നീണ്ടുനിന്ന മത്സരങ്ങൾക്കൊപ്പം താളമേളങ്ങളും കലാപരിപാടികളും അരങ്ങേറിയതോടെ ബെൻസൺവില്ലിലെ എനർജി സ്പോർട്സ് കോംപ്ലസിൽ ആവേശത്തിന്റെ അലയൊലികൾക്ക് സാക്ഷിയായി.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 16 ടീമുകൾ ഇത്തവണത്തെ ടൂർണമെന്റിൽ മാറ്റുരച്ചു. പ്രമുഖ സിനിമാതാരം അൻസിബ ഹസൻ, പ്ലേബാക്ക് സിംഗർ സുധീഷ് ശശികുമാർ, ഷിക്കാഗോയിലെ മറ്റു അനുഗ്രഹീത ഗായകരും കലാകാരന്മാരും അവതരിപ്പിച്ച കലാപരിപാടികൾ വടംവലി മാമാങ്കത്തിന് കൂടുതൽ നിറപ്പകിട്ടേകി. 5,000ലധികം ആളുകൾ വടംവലി കാണാനായി എനർജി സ്പോർട്സ് കോംപ്ലെക്സിലേക്ക് ഒഴുകിയെത്തിയതായി സംഘാടകർ അറിയിച്ചു. ഇന്ത്യൻ-അമേരിക്കൻ രുചി വൈവിധ്യങ്ങളുമായി ഒരുക്കിയ ഫുഡ് ഫെസ്റ്റിവലും പരിപാടിയുടെ ഭാഗമായി നടന്നു. ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിലാണ് ഫുഡ് ഫെസ്റ്റിവൽ ഏകോപിപ്പിച്ചത്.

റൊണാൾഡ് പൂക്കുമ്പേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും സിറിയക് കൂവക്കാട്ടിലിന്റെ നേതൃത്വത്തിലുള്ള വടംവലി കമ്മിറ്റിയും ടൂർണമെന്റിന്റെ വിജയത്തിനായി പ്രവർത്തിച്ചു. കാനഡയിൽ നിന്നും നോർത്ത് അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും നൂറുകണക്കിന് വടംവലി പ്രേമികളാണ് ഈ കായികമാമാങ്കത്തിൽ പങ്കെടുക്കാനെത്തിയത്. കെവി ടിവി വഴി ടൂർണമെന്റ് മുഴുവൻ തത്സമയം സംപ്രേഷണം ചെയ്തതോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പതിനായിരക്കണക്കിന് പ്രേക്ഷകർക്കും മത്സരത്തിന്റെ ആവേശത്തിന് സാക്ഷിയാകാൻ സാധിച്ചു.

ഇത്രയും വലിയൊരു ടൂർണമെന്റ് വിജയകരമായി സംഘടിപ്പിക്കാനായത് ഷിക്കാഗോ സോഷ്യൽ ക്ലബ്ബിലെ അംഗങ്ങളുടെയും ക്ലബ്ബിനെ പിന്തുണയ്ക്കുന്ന എല്ലാ സ്പോൺസർമാരുടെയും അകമഴിഞ്ഞ സഹകരണത്തിന്റെ ഫലമാണെന്ന് ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ അറിയിച്ചു. മികച്ച ഏകോപനത്തോടെ പ്രവർത്തിച്ച ടൂർണമെന്റ് കമ്മിറ്റികളെയും കമ്മിറ്റി അംഗങ്ങളെയും, സ്പോൺസർമാരെയും,

വോളണ്ടിയർമാരെയും, പരിപാടിയെ പിന്തുണച്ച എല്ലാവരെയും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നതായി വടംവലി ടൂർണമെന്റ്ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അറിയിച്ചു. ഷിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡന്റ് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പൂതേത് എന്നിവരുടെ നേതൃത്വത്തിലാണ് വടംവലി ടൂർണമെന്റിന്റെപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

ടൂർണമെന്റ് കമ്മിറ്റിക്ക് സിറിയക്ക് കൂവക്കാട്ടിൽ ചെയർമാനായും, മാനി കരിക്കുളം വൈസ് ചെയർമാനായും, സ്റ്റീഫൻ കഴിക്കേക്കുറ്റ് ജനറൽ കൺവീനറായും, ബിനു കൈതക്കത്തോട്ടിൽ ഫിനാൻസ് ചെയർമാനായും നേതൃത്വം നൽകി.

*അനിൽ മറ്റത്തിക്കുന്നേൽ*



# അമേരിക്കയിലെ വീടും കാറും ഉപേക്ഷിച്ച് ഇന്ത്യക്കാർ നാട്ടിലേക്ക്? എച്ച്–1ബി വിസ പ്രതിസന്ധി രൂക്ഷമാകുന്നു!

അമേരിക്കയിലെ ടെക് മേഖലയിലുണ്ടായ വൻ തൊഴിൽ നഷ്ടവും കർശനമായ വിസ നിയന്ത്രണങ്ങളും മൂലം നിരവധി ഇന്ത്യൻ കുടുംബങ്ങൾ ദുരിതത്തിലായതായി റിപ്പോർട്ടുകൾ. ജോലിയും വരുമാനവും നഷ്ടപ്പെട്ടതോടെ ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന വീടുകളും വാഹനങ്ങളും ഉപേക്ഷിച്ച് പലരും ഇന്ത്യയിലേക്ക് മടങ്ങുകയാണെന്ന് വ്യക്തമാക്കുന്ന വാർത്തകൾ പ്രചരിക്കുന്നു.ടെക്സസിലെ ഡാള്ളസിന് സമീപമുള്ള സെലീന, മെലീസ തുടങ്ങിയ പ്രദേശങ്ങളിലെ മലയാളി ഉദ്യോഗസ്ഥരടക്കമുള്ള നിരവധി കുടുംബങ്ങളാണ് ഈ പ്രതിസന്ധി നേരിടുന്നത്. ജോലി നഷ്ടപ്പെട്ട് നിശ്ചിത ദിവസങ്ങൾക്കകം പുതിയ ജോലി കണ്ടെത്താൻ സാധിക്കാത്തതാണ് ഇവരെ കടുത്ത തീരുമാനത്തിലേക്ക് നയിക്കുന്നത്.

അമേരിക്കൻ വിസ ചട്ടങ്ങൾ അനുസരിച്ച് ജോലി നഷ്ടപ്പെടുന്ന എച്ച്-1ബി വിസ ഉടമകൾക്ക് പുതിയ ജോലി കണ്ടെത്താൻ വെറും 60 ദിവസത്തെ സാവകാശം മാത്രമാണ് ലഭിക്കുന്നത്. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ അനുയോജ്യമായ തൊഴിൽ കണ്ടെത്തുക എന്നത് നിലവിലെ സാമ്പത്തിക അന്തരീക്ഷത്തിൽ ഏറെ പ്രയാസകരമാണ്.

മാന്ദ്യ ഭീഷണിയും നിർമ്മിത ബുദ്ധിയുടെ കടന്നുവരവും കാരണം അമേരിക്കൻടെക്കമ്പനികളിൽനിയമനങ്ങൾ കുത്തനെ കുറഞ്ഞിരിക്കുകയാണ്. ഇത് എച്ച്-1ബി വിസയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് ഇന്ത്യൻ ജീവനക്കാരുടെ ഭാവി പ്രതിസന്ധിയിലാക്കി.വർഷങ്ങളായി അമേരിക്കയിൽ സ്ഥിരതാമസമാക്കിയ പല കുടുംബങ്ങളും വലിയ തുക ബാങ്ക് വായ്പയെടുത്താണ് വീടുകളും ആഡംബര വാഹനങ്ങളും വാങ്ങിയത്. എന്നാൽ തൊഴിൽ നഷ്ടപ്പെട്ടതോടെ പ്രതിമാസ ഗഡുക്കളും വസ്തു നികുതിയും അടച്ചുതീർക്കാൻ സാധിക്കാത്ത അവസ്ഥയിലായി. ടെക്സസിലെ ചില പ്രാദേശിക വിപണികളിൽ റിയൽ എസ്റ്റേറ്റ് മൂല്യം ഗണ്യമായി ഇടിഞ്ഞതും പ്രവാസികൾക്ക് തിരിച്ചടിയായി. വാങ്ങിയ വിലയേക്കാൾ കുറഞ്ഞ തുകയ്ക്കാണ് വീടുകളുടെ മൂല്യം നിർണ്ണയിക്കപ്പെടുന്നത് എന്നതിനാൽ ഇവ പെട്ടെന്ന് വിറ്റഴിക്കാൻ സാധിക്കുന്നില്ല.

വായ്പാ തിരിച്ചടവ് മുടങ്ങിയതോടെ ബാങ്ക് നടപടികൾ ഒഴിവാക്കാൻ താക്കോലുകൾ ഉപേക്ഷിച്ച് ഏകപക്ഷീയമായി നാട്ടിലേക്ക് മടങ്ങാൻ ചില കുടുംബങ്ങൾ നിർബന്ധിതരാവുകയായിരുന്നു. വിമാനത്താവളങ്ങളിൽ പോലും വാഹനങ്ങൾ ഉപേക്ഷിച്ചു പോകുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.വർഷങ്ങൾക്ക് മുൻപ് വൈ2കെ പ്രതിസന്ധിയുടെ സമയത്തും സമാനമായ രീതിയിൽ വിദേശ ജീവനക്കാർ അമേരിക്ക വിട്ടുപോയ സംഭവം പ്രവാസികൾ ഓർത്തെടുക്കുന്നു. എന്നാൽ നിലവിലെ സാഹചര്യം അതിനേക്കാൾ കഠിനമാണെന്ന് മേഖലയിലെ പ്രമുഖർ ചൂണ്ടിക്കാണിക്കുന്നു. വർക്ക് പെർമിറ്റിൽ മാറ്റങ്ങൾ വരുത്താനും വിസ നിയമങ്ങൾ കൂടുതൽ കർശനമാക്കാനുമുള്ള യുഎസ് ഭരണകൂടത്തിന്റെ നീക്കങ്ങളും പ്രവാസികളുടെ ആശങ്ക ഇരട്ടിയാക്കിയിട്ടുണ്ട്. ഈ അനിശ്ചിതത്വം കാരണം അമേരിക്കയിൽ തുടരുന്നത് സുരക്ഷിതമല്ലെന്ന ചിന്ത വളരുകയാണ്.

നിക്ഷേപിച്ച പണം തിരികെ ലഭിക്കാതെയും സാമ്പത്തികമായി കനത്ത നഷ്ടം സഹിച്ചും മാതൃരാജ്യത്തേക്ക് തിരികെയെത്തേണ്ടി വരുന്നത് പ്രവാസി കുടുംബങ്ങളിൽ വലിയ മാനസിക സംഘർഷമാണ് സൃഷ്ടിക്കുന്നത്. പ്രൊഫഷണൽ രംഗത്ത് മികച്ച പരിചയസമ്പത്തുള്ളവർ പോലും നാട്ടിൽ പുതിയ അവസരങ്ങൾക്കായി തിരച്ചിൽ ആരംഭിച്ചു.

അമേരിക്കൻ ഐടി രംഗത്തെ അസ്ഥിരത ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെയും ബാധിക്കാൻ സാധ്യതയുണ്ടെന്ന് സാമ്പത്തിക വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. പ്രവാസികൾ അയച്ചിരുന്ന പണത്തിന്റെ അളവിൽ കുറവുണ്ടാകുന്നത് പ്രാദേശിക വിപണിയെയും ബാധിച്ചേക്കാം.



# കാനഡയുടെ കരസേനയിൽ വൻ അഴിച്ചുപണി! ഭാവി യുദ്ധങ്ങൾക്ക് സജ്ജമാകാൻ ശക്തമായ നീക്കം

ഒട്ടാവ: കനേഡിയൻ കരസേനയിൽ കഴിഞ്ഞ മുപ്പത് വർഷത്തിനിടയിലെ ഏറ്റവും വലിയ അഴിച്ചുപണി. മാറി വരുന്ന ആഗോള ഭീഷണികളും പുതിയ കാലഘട്ടത്തിലെ യുദ്ധതന്ത്രങ്ങളും നേരിടാൻ തയ്യാറെടുക്കുന്നതിന്റെ ഭാഗമായാണ് നീക്കം. മുൻപ് ഭൂമിശാസ്ത്രപരമായ തരംതിരിവോടെ നാല് ഡിവിഷനുകളായി പ്രവർത്തിച്ചിരുന്ന സേനയെ പുനഃസംഘടിപ്പിച്ച് പുതിയ രീതിയിലേക്ക് മാറ്റി. വിദേശ യുദ്ധങ്ങൾ, ആഭ്യന്തര പ്രതിരോധം, അടിസ്ഥാന സൗകര്യ പിന്തുണ എന്നിവയ്ക്ക് മുൻഗണന നൽകുന്ന മൂന്ന് പ്രധാന ഡിവിഷനുകളായാണ് സേനയെ പുനഃക്രമീകരിച്ചിരിക്കുന്നത്.

പുതിയ മാറ്റങ്ങൾ പ്രകാരം എഡ്മണ്ടൻ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന മൂന്നാം ഡിവിഷൻ ഇനി മുതൽ 'ഒന്നാം കനേഡിയൻ ഡിവിഷൻ' (മന്യൂവർ ഡിവിഷൻ) എന്നറിയപ്പെടും. ഇതായിരിക്കും കാനഡയുടെ പ്രധാന സൈനിക സംഘം.

ക്യൂബെക്കിലെ രണ്ടാം ഡിവിഷൻ ആഭ്യന്തര സുരക്ഷയും അതിർത്തി സംരക്ഷണവും ഉറപ്പാക്കും. പരിശീലനത്തിനും ഭരണനിർവ്വഹണത്തിനുമായി കിംഗ്സ്റ്റൺ കേന്ദ്രീകരിച്ച് പ്രത്യേക ഡിവിഷനുകളും പ്രവർത്തിക്കും. കൃത്യമായ ഡാറ്റകളും യുദ്ധപരിശീലന മോഡലുകളും വിശകലനം ചെയ്താണ് സൈന്യത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ ഘടനയ്ക്ക് രൂപം നൽകിയിരിക്കുന്നത്.

വൻ ശക്തികൾ തമ്മിലുള്ള കടുത്ത മത്സരം, ആഗോള കാലാവസ്ഥാ വ്യതിയാനം, നിർമ്മിത ബുദ്ധി അടക്കമുള്ള സാങ്കേതിക മുന്നേറ്റങ്ങൾ എന്നിവ കണക്കിലെടുത്താണ് സേനയുടെ ഈ മാറ്റമെന്ന് ആർമി കപ്പാബിലിറ്റി ഡെവലപ്മെന്റ് ഡയറക്ടർ ജനറൽ മേജർ ജനറൽ ക്രെസ്രഫാൻ മാസൺ വ്യക്തമാക്കി.

റഷ്യയിൽ നിന്നുള്ള കടുത്ത ഭീഷണിയും, അമേരിക്കയിൽ ഡൊണാൾഡ് ട്രംപ് അധികാരം ഏറ്റെടുത്തതിന് പിന്നാലെ പ്രതിരോധ മേഖലയിൽ ഉയർന്ന പുതിയ വെല്ലുവിളികളും നേരിടാൻ കാനഡ സൈനിക ബജറ്റും സൗകര്യങ്ങളും വിപുലീകരിച്ചു വരികയാണ്.

# ഹോളിവുഡ് സിനിമകൾ പിടിക്കാൻ ട്രംപിന്റെ തന്ത്രം; കനേഡിയൻ സിനിമാ വ്യവസായത്തിന് ഭീഷണിയാകുന്ന പുതിയ നികുതി ഇളവുകൾ



അമേരിക്കൻ സിനിമാ നിർമ്മാണങ്ങൾ രാജ്യത്തിന് പുറത്തേക്ക് പോകുന്നത് തടയാൻ പുതിയ ഫെഡറൽ നികുതി ഇളവുകൾ പ്രഖ്യാപിക്കാനൊരുങ്ങി അമേരിക്കൻ ഭരണകൂടം. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇതു സംബന്ധിച്ച നിർദ്ദേശം മുന്നോട്ടുവെച്ചിട്ടുണ്ട്. അമേരിക്കൻ നിർമ്മാതാക്കൾ കാനഡ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലേക്ക് പോയി സിനിമകൾ ചിത്രീകരിക്കുന്നത് തടയുകയാണ് ഈ നീക്കത്തിന്റെ പ്രധാന ലക്ഷ്യം.

ഹോളിവുഡിന്റെ സാമ്പത്തിക ഭദ്രത തകരുകയാണെന്നും കാലിഫോർണിയൻ സിനിമാ മേഖല കടുത്ത പ്രതിസന്ധിയിലാണെന്നും ട്രംപ് തുറന്നടിച്ചു. നിർമ്മാതാക്കൾക്ക് യുഎസിൽ തുടരാൻ ആവശ്യമായ ആനുകൂല്യങ്ങൾ ഇല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 'മോഷൻ പിക്ചർ, ടെലിവിഷൻ ആന്റ് എന്റർടൈൻമെന്റ് റിവൈറ്റലൈസേഷൻ ആക്ട്' എന്ന പേരിൽ പുതിയ നിയമനിർമ്മാണം കൊണ്ടുവരാനാണ് ഭരണകൂടം തയാറെടുക്കുന്നത്.

ഹോളിവുഡിൽ നിന്ന് തൊഴിലവസരങ്ങൾ വൻതോതിൽ കുറയുന്ന പശ്ചാത്തലത്തിലാണ് ഭരണകൂടം പുതിയ നിയമത്തെക്കുറിച്ച് ആലോചിക്കുന്നത്. ലൊസാഞ്ചലസ് കൗണ്ടിയിലെ സിനിമാടെലിവിഷൻ മേഖലയിൽ നിന്നുള്ള തൊഴിലവസരങ്ങൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുത്തനെ ഇടിഞ്ഞിരുന്നു. വൻകിട സിനിമാ ചിത്രീകരണങ്ങൾ യുഎസിന് പുറത്തേക്ക് മാറുന്നതാണ് ഇതിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

കുറഞ്ഞ നിർമ്മാണച്ചെലവും ആകർഷകമായ സബ്സിഡിയും കാരണം അമേരിക്കൻ സിനിമാ നിർമ്മാതാക്കളുടെ പ്രധാന ലൊക്കേഷനായി കാനഡ മാറിയിരുന്നു. ബ്രിട്ടീഷ് കൊളംബിയ, അൽബെർട്ട, ടൊറന്റോ തുടങ്ങിയ കനേഡിയൻ നഗരങ്ങളിൽ വൻകിട ഹോളിവുഡ് ചിത്രങ്ങൾ നിരന്തരം ചിത്രീകരിച്ചുപോരുന്നുണ്ട്. മുൻപ് 1997ൽ തന്നെ വിദേശ ചിത്രീകരണങ്ങളെ ആകർഷിക്കാൻ കാനഡ പ്രത്യേക നികുതി ഇളവുകൾ നടപ്പിലാക്കിയിരുന്നു.

അമേരിക്കയിൽ ഫെഡറൽ തലത്തിൽ വൻ നികുതി ഇളവ് വരുന്നതോടെ കാനഡയിലേക്ക് പോകുന്ന ഹോളിവുഡ് പ്രൊജക്ടുകളുടെ എണ്ണത്തിൽ കുറവുണ്ടാകാൻ സാധ്യതയുണ്ട്. കാനഡയിലെ സിനിമാ മേഖല വിദേശ പ്രൊഡക്ഷനുകളെയാണ് വലിയ അളവിൽ ആശ്രയിക്കുന്നത്.

പ്രതിവർഷം ശതകോടി ഡോളറിന്റെ വരുമാനവും ആയിരക്കണക്കിന് തൊഴിലവസരങ്ങളുമാണ് വിദേശ സിനിമാ ചിത്രീകരണങ്ങളിലൂടെ കാനഡയ്ക്ക് ലഭിക്കുന്നത്.

എന്നാൽ കുറഞ്ഞ കനേഡിയൻ ഡോളർ മൂല്യവും മിടുക്കരായ അണിയറ പ്രവർത്തകരും കാനഡയുടെ പ്ലസ് പോയിന്റായി തുടരുമെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ. അമേരിക്കയിൽ പുതിയ നിയമം നിലവിൽ വന്നാലും മികച്ച ലൊക്കേഷനുകൾ തേടി ഹോളിവുഡ് കമ്പനികൾ കാനഡയിൽ എത്തുമെന്ന് വ്യവസായ പ്രമുഖർ പ്രതീക്ഷിക്കുന്നു. എങ്കിലും തദ്ദേശീയ സിനിമാ മേഖലയ്ക്ക് കൂടുതൽ പിന്തുണ നൽകാൻ കാനഡ തയ്യാറാകണമെന്ന് ആവശ്യമുയരുന്നുണ്ട്.

യുഎസ് ജനപ്രതിനിധി സഭാ തിരഞ്ഞെടുപ്പ് അടുത്തുനിൽക്കുന്ന പശ്ചാത്തലത്തിൽ അമേരിക്കൻ നിർമ്മാണ മേഖലയെ സംരക്ഷിക്കുക എന്ന രാഷ്ട്രീയ തന്ത്രം കൂടിയാണ് ഈ നീക്കത്തിന് പിന്നിലുള്ളത്. അമേരിക്കയ്ക്കുള്ളിലെ തൊഴിലവസരങ്ങൾ തിരികെ കൊണ്ടുവരാനാണ് ട്രംപ് ഭരണകൂടം ശ്രമിക്കുന്നത്. വിഷയം അമേരിക്കയും കാനഡയും തമ്മിലുള്ള വ്യാപാര ചർച്ചകളിലും വലിയ തരംഗമുണ്ടാക്കിയേക്കാം.

# ട്രംപിന്റെ ഉപരോധ ഭീഷണിക്ക് പിന്നാലെ കാനഡയിലെ വ്യോമയാന ഭീമനായ ബോംബാർഡിയറിന് പിന്തുണയുമായി യുഎസ് റിപ്പബ്ലിക്കൻ നേതാക്കൾ

കനേഡിയൻ വിമാന നിർമ്മാണ കമ്പനിയായ ബോംബാർഡിയറിന് അമേരിക്കൻ വിപണിയിൽ നിരോധനം ഏർപ്പെടുത്തുമെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മുന്നറിയിപ്പിന് പിന്നാലെ കടുത്ത പ്രതിസന്ധി പുകയുന്നു. കാൻസസ് സംസ്ഥാനത്തെ പ്രമുഖ റിപ്പബ്ലിക്കൻ നേതാക്കൾ തങ്ങളുടെ പ്രവിശ്യയിലെ തൊഴിൽ സാധ്യതകൾ സംരക്ഷിക്കുന്നതിനായി ബോംബാർഡിയറിന് പിന്തുണ പ്രഖ്യാപിച്ച് രംഗത്തെത്തി. ട്രംപിന്റെ പുതിയ വ്യാപാര നയം തദ്ദേശീയമായ ആയിരക്കണക്കിന് അമേരിക്കക്കാരുടെ ജോലിയെ ബാധിക്കുമെന്ന ഭീതിയിലാണ് ഈ നിർണ്ണായക നീക്കം.

കാനഡയിൽ നിന്നുള്ള മദ്യത്തിനും മറ്റ് വ്യാവസായിക ഉൽപ്പന്നങ്ങൾക്കും പുറമെ കനേഡിയൻ വിമാനങ്ങൾക്കും അമേരിക്കയിൽ വിലക്കേർപ്പെടുത്തുമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നു. അമേരിക്കൻ ജെറ്റ് വിമാന കമ്പനിയായ ഗൾഫ്സ്ട്രീമിന് കാനഡ സർട്ടിഫിക്കേഷൻ നൽകാൻ വൈകുന്നുവെന്ന് ആരോപിച്ച് ആയിരുന്നു ട്രംപിന്റെ ഈ കടുത്ത നീക്കം. കാനഡയിലെ പ്രമുഖ ബിസിനസ്സ് ജെറ്റ് നിർമ്മാതാക്കളായ ബോംബാർഡിയറിനെയാണ് ട്രംപിന്റെ ഈ പോര് പ്രധാനമായും ബാധിച്ചത്.

എന്നാൽ അമേരിക്കയിലെ കാൻസസ് സംസ്ഥാനത്തുള്ള വിചിറ്റയിൽ ബോംബാർഡിയറിന് കൂറ്റൻ വിമാന പരിപാലന സേവന കേന്ദ്രവും നിർമ്മാണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രത്തിൽ കാൻസസിലെ ആയിരക്കണക്കിന് അമേരിക്കൻ തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. കനേഡിയൻ കമ്പനിക്ക് ഉപരോധം ഏർപ്പെടുത്തിയാൽ തങ്ങളുടെ നാട്ടിലെ സാധാരണക്കാരായ തൊഴിലാളികൾക്ക് ജോലിനഷ്ടപ്പെടുമെന്ന് കാൻസസ് റിപ്പബ്ലിക്കൻ ജനപ്രതിനിധികൾ ആശങ്ക പ്രകടിപ്പിക്കുന്നു.

യുഎസ് വിപണിയിലേക്ക് പ്രവേശിക്കുന്ന ബോംബാർഡിയർ വിമാനങ്ങൾക്ക് പമ്പരം കറങ്ങുന്ന രീതിയിൽ അമ്പത് ശതമാനം കടുത്ത തീരുവ ചുമത്തുമെന്നാണ് ട്രംപ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ഇത് സ്വന്തം രാജ്യത്തെ വിമാന അനുബന്ധ വ്യവസായ രംഗത്തെ തകർക്കുമെന്നാണ് റിപ്പബ്ലിക്കൻ നിയമസഭാംഗങ്ങൾ സർക്കാരിന് മുന്നറിയിപ്പ് നൽകുന്നത്. വൈറ്റ് ഹൗസുമായി സംസാരിച്ച് വിഷയം നയതന്ത്ര തലത്തിൽ പരിഹരിക്കാൻ നേതാക്കൾ ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

യുഎസ് വ്യോമയാന രംഗത്തെ പ്രധാന കേന്ദ്രങ്ങളിലൊന്നായ വിചിറ്റയിൽ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്ക് വൻ പങ്കാളിയാണ് ബോംബാർഡിയർ കമ്പനി. ബോംബാർഡിയർ അമേരിക്കയിൽ ആയിരക്കണക്കിന് ആളുകൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകിവരുന്ന സ്ഥാപനമാണ്. അതിനാൽ ട്രംപിന്റെ തിരിച്ചടി നയം അമേരിക്കൻ തൊഴിൽ വിപണിക്ക് തന്നെ പ്രഹരമാകുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. കാനഡയും അമേരിക്കയും തമ്മിലുള്ള വ്യാപാര യുദ്ധം ദിവസം ചെല്ലുംതോറും കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുകയാണ്. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സാമ്പത്തിക ബന്ധങ്ങൾ മുൻപെങ്ങുമില്ലാത്ത വിധം വൻ തകർച്ചയിലാണ് എത്തിനിൽക്കുന്നത്. തദ്ദേശീയമായി അമേരിക്കൻ കർഷകരെയും വ്യവസായികളെയും സംരക്ഷിക്കാനാണ് ട്രംപ് ഇത്തരമൊരു കടുത്ത തീരുമാനത്തിലേക്ക് കടന്നത്.

ഗൾഫ്സ്ട്രീം ജെറ്റുകൾക്ക് അതിവേഗം പ്രവർത്തനാനുമതി നൽകാൻ കാനഡ തയ്യാറാകാത്തതാണ് ട്രംപിനെ വലിയ രീതിയിൽ ചൊടിപ്പിച്ചത്. ഇതിന് മറുപടിയായി ബോംബാർഡിയർ വിമാനങ്ങളുടെ വിൽപന തടയുമെന്ന് അമേരിക്ക വെല്ലുവിളിക്കുകയായിരുന്നു. ഇതോടെ ബോംബാർഡിയർ കമ്പനിയുടെ ആഗോള ഓഹരി മൂല്യത്തിലും വൻ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്.




തങ്ങളുടെ പ്രവിശ്യയിലെ തൊഴിലവസരങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ട്രംപിന്റെ തീരുമാനത്തിനെതിരെ സ്വന്തം പാർട്ടിക്കാർ തന്നെ എതിർപ്പുമായി വരുന്നത് ശ്രദ്ധേയമാണ്. ട്രംപിന്റെ സാമ്പത്തിക വിജ്ഞാപനങ്ങൾ അമേരിക്കയ്ക്കുള്ളിൽ തന്നെ തിരിച്ചടിയുണ്ടാക്കുന്നു എന്നതിന്റെ തെളിവാണ് ഈ പുതിയ സംഭവവികാസം. പ്രശ്നം പരിഹരിച്ചില്ലെങ്കിൽ സമരം ശക്തമാക്കാനും വ്യാവസായിക കൂട്ടായ്മകൾ ആലോചിക്കുന്നു. അമേരിക്കയിൽ നിക്ഷേപം നടത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് കാൻസസ് നേതാക്കൾ വ്യക്തമാക്കി. വിമാന സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട സാങ്കേതിക തർക്കങ്ങൾ ഇരുരാജ്യങ്ങളിലെയും ഏജൻസികൾ തമ്മിൽ ചർച്ച ചെയ്ത് തീർക്കണമെന്നാണ് ആവശ്യം. ഇതിനായി രാഷ്ട്രീയ വിദ്വേഷങ്ങൾ മാറ്റിനിർത്തണമെന്നും അവർ ആവശ്യപ്പെട്ടു.

കാനഡയിൽ നിർമ്മിക്കുന്ന ബോംബാർഡിയർ ലിയർജെറ്റ്, ഗ്ലോബൽ പരമ്പരയിൽപ്പെട്ട ആഡംബര വിമാനങ്ങൾക്ക് ലോകമെമ്പാടും വലിയ വിപണിയുണ്ട്. അമേരിക്കയിലെ ബിസിനസ് പ്രമുഖരും പ്രൊഫഷണലുകളും വൻതോതിൽ ഈ വിമാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇറക്കുമതി തടസ്സപ്പെട്ടാൽ ഈ മേഖലയിൽ വലിയ സാമ്പത്തിക നഷ്ടമുണ്ടാകും. യുഎസ് ബോർഡർ ഏജൻസികളും ഏവിയേഷൻ കൺട്രോളർമാരും പുതിയ ഉത്തരവുകൾ എപ്പോൾ വേണമെങ്കിലും നടപ്പിലാക്കാൻ സജ്ജരായി നിൽക്കുകയാണ്. ഈ സാഹചര്യത്തിലാണ് അടിയന്തിര ഇടപെടലുമായി യുഎസ് സെനറ്റർമാരും ഗവർണറും രംഗത്തെത്തിയത്. തങ്ങളുടെ അതിർത്തിക്കുള്ളിലെ വ്യാവസായിക മുന്നേറ്റം നിശ്ചലമാകരുതെന്ന് അവർ വാദിക്കുന്നു.

സാധാരണക്കാരുടെ ജീവിതത്തെ ബാധിക്കുന്ന ഇത്തരം തിടുക്കപ്പെട്ട നിരോധനങ്ങൾ പുനഃപരിശോധിക്കണമെന്ന് പ്രാദേശിക വാണിജ്യ മണ്ഡലങ്ങളും ആവശ്യപ്പെട്ടു. കാനഡയിലെ പുതിയ വിപണി നയങ്ങളോടുള്ള ട്രംപിന്റെ അമർഷം ശരിയാണെങ്കിലും പരിഹാര മാർഗ്ഗങ്ങൾ അമേരിക്കൻ ജനതയെ ബാധിക്കരുതെന്നാണ് നിർദ്ദേശം. സാമ്പത്തിക ലോകം ആശങ്കയോടെയാണ് ഈ യുഎസ് നയങ്ങളെ വീക്ഷിക്കുന്നത്.

അതിനിടെ വിമാനങ്ങളുടെ സുരക്ഷാ പരിശോധനകളും സർട്ടിഫിക്കേഷനുകളും വേഗത്തിലാക്കാൻ കാനഡയും തയാറാകണമെന്ന് ആവശ്യം ഉയരുന്നുണ്ട്. നയതന്ത്ര തലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ ഈ വ്യാപാര തർക്കങ്ങൾക്ക് അവസാനമുണ്ടാകൂ. തങ്ങളുടെ ആവശ്യങ്ങൾ വൈറ്റ് ഹൗസിന് മുന്നിൽ റിപ്പബ്ലിക്കൻ നേതാക്കൾ ഉടൻ അവതരിപ്പിക്കും. അമേരിക്കൻ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ ഏതൊരു കടുത്ത തീരുമാനവുമായും മുന്നോട്ടുപോകുമെന്ന ഉറച്ച നിലപാടിലാണ് ട്രംപ്. സ്വന്തം പാർട്ടിയിലെ നേതാക്കളുടെ ആശങ്കകൾ അദ്ദേഹം കണക്കിലെടുക്കുമോ എന്ന് വരും ദിവസങ്ങളിൽ കണ്ടറിയണം. ഇതിൽ ഉണ്ടാകുന്ന കാലതാമസം കൂടുതൽ സാമ്പത്തിക നഷ്ടത്തിന് വഴിവെക്കും.

വ്യോമയാന മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ കമ്പനി അധികൃതരും നയതന്ത്ര ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുന്നുണ്ട്. അമേരിക്കയിലുള്ള കമ്പനിയുടെ നിക്ഷേപങ്ങളും തൊഴിൽ ശക്തിയും സംരക്ഷിക്കാൻ സാധ്യമായ എല്ലാ വഴികളും അവർ തേടും. വിചിറ്റയിലെ താവളം തങ്ങളുടേ വലിയ മുൻഗണനയാണെന്ന് ബോംബാർഡിയറും വ്യക്തമാക്കിയിട്ടുണ്ട്. യുഎസ് കാനഡ ബന്ധത്തിലെ ഈ അസ്ഥിരത ഇരുരാജ്യങ്ങളിലെയും ഷെയർ മാർക്കറ്റുകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പ്രമുഖ ഏവിയേഷൻ കമ്പനികളുടെ ഓഹരികൾ കഴിഞ്ഞ ദിവസങ്ങളിൽ ഇടിവ് രേഖപ്പെടുത്തി. യുഎസിലെ കനേഡിയൻ നിക്ഷേപകർ വരും ദിവസങ്ങളിലെ വിവരങ്ങൾക്കായി കാത്തിരിക്കുകയാണ്.

വ്യവസായമേഖലയിലെ ഈ പിരിമുറുക്കം ഒഴിവാക്കാൻ നയതന്ത്ര ശ്രമങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. അന്താരാഷ്ട്ര തലത്തിലുള്ള സഖ്യരാഷ്ട്രങ്ങളും ഇരുരാജ്യങ്ങളും തമ്മിലുള്ള ഈ പൊരുത്തക്കേടുകൾക്ക് വേഗത്തിൽ പരിഹാരം വേണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. സാമ്പത്തിക രംഗത്തെ കടുത്ത തീരുമാനങ്ങൾ പെട്ടെന്ന് മാറ്റിമറിക്കപ്പെടാൻ സാധ്യത കുറവാണ്. കാൻസസിലെ ജനങ്ങളുടെ തൊഴിൽ സംരക്ഷണം തങ്ങളുടെ പ്രാഥമിക കടമയാണെന്ന് പ്രാദേശിക റിപ്പബ്ലിക്കൻ നേതാക്കൾ ഉറപ്പിച്ചു പറയുന്നു. വൈറ്റ് ഹൗസിന്റെ തീരുമാനങ്ങളിൽ ഇളവുകൾ വരുത്താൻ ഇവർ നടത്തുന്ന സമ്മർദ്ദം എത്രത്തോളം ഫലം കാണുമെന്ന് വരും ദിവസങ്ങളിൽ വ്യക്തമാകും. ലോകം മുഴുവൻ ഈ വ്യാപാര തർക്കത്തിന്റെ പരിണാമം നിരീക്ഷിച്ചു വരികയാണ്.



# വ്യാപാര ബന്ധങ്ങൾ ശക്തമാക്കി മാർക്ക് കാർണി!

(ഒന്നാം പേജ് തുടർച്ച)



സമഗ്രമായി പരിശോധിച്ച് വിലയിരുത്താം:

**സ്ട്രാസ്ബർഗ് പ്രസംഗവും പുതിയ 'യൂണിക്ക് സഖ്യത്തിന്റെ ലക്ഷ്യങ്ങളും**

ഒരു യൂറോപ്യൻ ഇതര ഭരണാധികാരിക്ക് അപൂർവ്വമായി മാത്രം ലഭിക്കുന്ന ക്ഷണം സ്വീകരിച്ചാണ് കനേഡിയൻ പ്രധാനമന്ത്രി സ്ട്രാസ്ബർഗിലേക്ക് എത്തുന്നത്.

**1. ചരിത്രപരമായ യൂറോപ്യൻ പാർലമെന്റ് അഭിസംബോധനകൾ**

യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ നടത്തുന്ന സ്റ്റേറ്റ് ഓഫ് ദി യൂണിയൻ പ്രസംഗത്തിൽ പങ്കെടുത്ത ശേഷമാണ് മാർക്ക് കാർണി യൂറോപ്യൻ എംപിമാരെ അഭിസംബോധന ചെയ്യുന്നത്. ആഗോള തലത്തിൽ വൻശക്തി രാഷ്ട്രങ്ങൾ നടത്തുന്ന സാമ്പത്തിക ഭീഷണികൾക്കെതിരെ സ്വതന്ത്ര നയതന്ത്ര ശക്തികൾ ഒരുമിച്ചു നിൽക്കണമെന്ന് കാർണി മുൻപ് ആഹ്വാനം ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായാണ് സ്ട്രാസ്ബർഗിലെ ഈ അടിയന്തിര സാന്നിദ്ധ്യം.

**2. പരമ്പരാഗത കരാറുകളിൽ നിന്നും വേറിട്ട പപുതിയ മാതൃകകൾ**

നിലവിൽ യൂറോപ്യൻ യൂണിയനിൽ അംഗമല്ലാത്ത മറ്റ് യൂറോപ്യൻ രാജ്യങ്ങൾക്ക് നൽകിയിട്ടുള്ള സ്വാതന്ത്ര്യങ്ങളേക്കാൾ വ്യാപ്തിയുള്ള പങ്കാളിത്തമാണ് കാനഡയ്ക്ക് ലഭിക്കാൻ പോകുന്നത്. പ്രതിരോധ തന്ത്രങ്ങൾ, ബഹിരാകാശ ഗവേഷണങ്ങൾ, ക്രിട്ടിക്കൽ മിനറൽസ് അഥവാ അപൂർവ്വ ധാതുക്കളുടെ വിതരണം, അത്യാധുനിക സാങ്കേതികവിദ്യ കൈമാറ്റം എന്നിവ ഈ പുതിയ കൂട്ടുകെട്ടിന്റെ പ്രധാന ഭാഗമായിരിക്കും.

**3. 'സെഫ്' പ്രതിരോധ ഫണ്ടിലെ കനേഡിയൻ പങ്കാളിത്തങ്ങൾ**

യൂറോപ്യൻ യൂണിയൻ രൂപീകരിച്ച 150 ബില്യൺ യൂറോ മൂല്യമുള്ള സൈനിക സുരക്ഷാ ഫണ്ടായ സെക്യൂരിറ്റി ആക്ഷൻ ഫോർ യൂറോപ്പിൽ അംഗമാകുന്ന ആദ്യ ഇയു ഇതര രാജ്യമാണ് കാനഡ. സ്ട്രാസ്ബർഗിൽ നടക്കുന്ന പുതിയ ചർച്ചകൾ വഴി കാനഡയിലെ പ്രതിരോധ കമ്പനികൾക്കും ടെക്നോളജി വികസനങ്ങൾക്കും യൂറോപ്യൻ വിപണിയിൽ ബില്യൺ കണക്കിന് ഡോളറിന്റെ പുതിയ അവസരങ്ങൾ തുറക്കപ്പെടും.

**4. ഒക്ടോബർ ഉച്ചകോടിയും ഔദ്യോഗിക ഒപ്പുവെക്കലുകളും**

സെപ്തംബർ മധ്യത്തിൽ സ്ട്രാസ്ബർഗിൽ നടക്കുന്ന ചർച്ചകൾക്ക് ശേഷം യൂറോപ്യൻ യൂണിയൻ തങ്ങളുടെ 27 അംഗരാജ്യങ്ങളുമായും, കാനഡ തങ്ങളുടെ ആഭ്യന്തര പ്രവിശ്യകളുമായും ചർച്ചകൾ നടത്തും. ഇതിന് ശേഷം ഒക്ടോബർ അവസാന വാരത്തിൽ നടക്കുന്ന പ്രത്യേക കാനഡ-ഇയു ഉച്ചകോടിയിൽ വെച്ച് പുതിയ കരാർ ഔദ്യോഗികമായി പ്രഖ്യാപിക്കും.

**ആഗോള വ്യാപാര അസ്ഥിരതകളും വൻശക്തികൾക്ക് മേലുള്ള കവചങ്ങളും**

അമേരിക്കൻ സാമ്പത്തിക ഭീഷണികൾ സജീവമാകുമ്പോൾ കാനഡ തങ്ങളുടെ വിദേശ വാണിജ്യം വിപുലീകരിക്കാൻ നിർബന്ധിതരാവുകയാണ്.

**1. യുഎസ് തീരുവകൾക്ക് ബദലായുള്ള അറ്റ്ലാന്റിക് പ്രതിരോധങ്ങൾ**

അമേരിക്കൻ ഗവൺമെന്റ് കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് മേൽ ഏകപക്ഷീയമായി ചുമത്തിയ കടുത്ത ഇറക്കുമതി തീരുവകൾ കാനഡയുടെ സാമ്പത്തിക സ്ഥിരതയെ തളർത്തിയിരുന്നു. അമേരിക്കയെ മാത്രം ആശ്രയിച്ച് നിൽക്കുന്ന പഴയ ശൈലി ഉപേക്ഷിച്ച് യൂറോപ്യൻ യൂണിയന്റെ വൻകിട ഏകീകൃത വിപണിയിലേക്ക് തങ്ങളുടെ വാണിജ്യം വിപുലീകരിക്കാനാണ് മുൻ ബാങ്ക് ഓഫ് ഇംഗ്ലണ്ട് ഗവർണർ കൂടിയായ മാർക്ക് കാർണി പ്ലാൻ ചെയ്യുന്നത്.

**2. അപൂർവ്വ മിനറലുകളും യൂറോപ്യൻ ഊർജ്ജ ആവശ്യങ്ങളും**

ഹരിത സാങ്കേതികവിദ്യകൾക്കും പ്രതിരോധ നിർമ്മാണങ്ങൾക്കും ആവശ്യമായ ലിഥിയം, ഗ്രാഫൈറ്റ്, ടങ്സ്റ്റൺ തുടങ്ങിയ ക്രിട്ടിക്കൽ മിനറൽസിന്റെ വൻ ശേഖരം കാനഡയിലുണ്ട്.

റഷ്യൻ-ചൈനീസ് ഇറക്കുമതികളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ ആഗ്രഹിക്കുന്ന യൂറോപ്യൻ യൂണിയന് കാനഡയിൽ നിന്നുള്ള ഇന്ധനധാതു വിതരണം വലിയ ആശ്വാസമാകും.

**3. 'സിഇടിഎ' വ്യാപാര കരാറിലെ വിപുലീകരണങ്ങൾ**

കാനഡയും യൂറോപ്പും തമ്മിൽ നിലവിലുള്ള കോംപ്രിഹെൻസീവ് ഇക്കണോമിക് ആൻഡ് ട്രേഡ് അഗ്രിമെന്റ് വഴി 178 ബില്യൺ ഡോളറിന്റെ ഉഭയകക്ഷി വ്യാപാരമാണ് നടക്കുന്നത്. പുതിയ പങ്കാളിത്തം പ്രാബല്യത്തിൽ വരുന്നതോടെ ഇരുപക്ഷത്തിനും ഇടയിലുള്ള നിക്ഷേപ തടസ്സങ്ങൾ പൂർണ്ണമായി നീങ്ങുകയും സപ്ലൈ ചെയിൻ സുരക്ഷകൾ വർദ്ധിക്കുകയും ചെയ്യും.

**4. നയതന്ത്ര തലത്തിലെ ഇന്റർനാഷണൽ ഓർഡർ പുനഃസ്ഥാപനങ്ങൾ**

നിയമാധിഷ്ഠിത അന്താരാഷ്ട്ര വ്യവസ്ഥകൾ തകരുന്ന കാലഘട്ടത്തിൽ, തങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യം സംരക്ഷിക്കാൻ ഇടത്തരം രാഷ്ട്രങ്ങൾ കൈകോർക്കണം എന്ന നയമാണ് കാനഡയും യൂറോപ്പും ഉയർത്തിപ്പിടിക്കുന്നത്.

ഇത് ഭാവിയിലെ ആഗോള സാമ്പത്തിക നയങ്ങളിൽ വലിയൊരു ശക്തികേന്ദ്രമായി മാറാൻ ഇയുകാനഡ സഖ്യത്തെ സഹായിക്കും.

# അടിയന്തിര ക്യാബിനറ്റ് പ്ലാനിംഗ് ഫോറം വിളിച്ച് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി!

(ഒന്നാം പേജ് തുടർച്ച)



റണ്ടത്തിൽ കാനഡയിൽ നിന്നും വേർപിരിയുന്നതിനെക്കുറിച്ചുള്ള ചോദ്യാവലി ഉൾപ്പെടുത്തിയത് ദേശീയ ഐക്യത്തിന് ഭീഷണിയാകുന്നുണ്ട്.

**യുഎസ് വ്യാപാര യുദ്ധവും കാനഡയുടെ സാമ്പത്തിക പ്രതിരോധ തന്ത്രങ്ങളും**

അമേരിക്കൻ സാമ്പത്തിക ഭീഷണികൾക്ക് വഴങ്ങാതെ സ്വന്തം തദ്ദേശീയ വ്യവസായങ്ങളെ സംരക്ഷിക്കാനാണ് ഓട്ടവ ഭരണകൂടം ശ്രമിക്കുന്നത്.

**1. 27.8 ബില്യൺ ഡോളറിന്റെ ബദൽ തിരിച്ചടി തീരുവകൾ**

അമേരിക്കൻ അടിയന്തിര നിയമങ്ങൾ കാരണം തടസ്സപ്പെട്ട കനേഡിയൻ സ്റ്റീൽ, അലുമിനിയം, ഓട്ടോമൊബൈൽ, തടി ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് സംരക്ഷണം നൽകാൻ 15 മുതൽ 50 ശതമാനം വരെ ഉയർന്ന തിരിച്ചടി തീരുവകൾ കാനഡ പ്രഖ്യാപിച്ചു. അമേരിക്കൻ ഉൽപ്പന്നങ്ങൾ തീരുവയില്ലാതെ കാനഡയിലേക്ക് വരുന്നത് തടയാനാണ് തങ്ങൾ ഈ നടപടി സ്വീകരിച്ചതെന്ന് പ്രധാനമന്ത്രി മാർക്ക് കാർണി വ്യക്തമാക്കി.

**2. യുഎസ് ആശ്രയത്വം കുറയ്ക്കാനുള്ള 'ട്രേഡ് പിവറ്റ്' നയങ്ങൾ**

വാഷിംഗ്ടൺ തങ്ങളെ സാമ്പത്തികമായി തളർത്താൻ ശ്രമിക്കുകയാണെന്നും അതിന് വഴങ്ങാതെ യൂറോപ്യൻ യൂണിയൻ, ഏഷ്യ-പസഫിക്, ഭാരതം തുടങ്ങിയ പുതിയ വിപണികളിലേക്ക് കാനഡ വ്യാപാരം വിപുലീകരിക്കുമെന്നും കാർണി പ്രഖ്യാപിച്ചു. കാനഡയുടെ വിദേശ വാണിജ്യ വിപുലീകരണം സാമ്പത്തിക രംഗത്ത് താത്കാലിക ചെലവുകൾ ഉണ്ടാക്കുമെങ്കിലും, ദീർഘകാലാടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു രാജ്യത്തിന് തങ്ങളെ സാമ്പത്തികമായി ബന്ദിയാക്കാൻ സാധിക്കില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

**3. ചരിത്രപരമായ മക്കിൻലി തീരുവ പാഠങ്ങളും കാർണിയുടെ ആഹ്വാനങ്ങളും**

1890ൽ അന്നത്തെ അമേരിക്കൻ ഗവൺമെന്റ് കാനഡയ്ക്ക് മേൽ 50 ശതമാനം തീരുവ ചുമത്തി രാജ്യത്തെ അമേരിക്കയുടെ ഭാഗമാക്കാൻ ശ്രമിച്ച ചരിത്രം കാർണി ഓർമ്മിപ്പിച്ചു. അന്ന് ഭയന്നു പിന്മാറുന്നതിന് പകരം കാനഡ മറ്റു വിദേശ രാഷ്ട്രങ്ങളിലേക്ക് വ്യാപാരം വിപുലീകരിച്ച് കൂടുതൽ ശക്തമായതുപോലെ, ഇത്തവണയും ട്രംപിന്റെ സമ്മർദ്ദ തന്ത്രങ്ങളെ അതിജീവിച്ച് കാനഡ സാമ്പത്തിക പരമാധികാരം ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

**4. പ്രതിപക്ഷ നേതാവ് പിയറി പോയിലിവ്രെയുടെ വിമർശനങ്ങൾ**

പ്രധാനമന്ത്രി മാർക്ക് കാർണി യുഎസുമായുള്ള ചർച്ചകളിൽ നിന്നും ഏകപക്ഷീയമായി പിന്മാറിയെന്ന് ആരോപിച്ച് പ്രതിപക്ഷ കൺസർവേറ്റീവ് പാർട്ടി നേതാവ് പിയറി പോയിലിവ്രെ രംഗത്തെത്തിയിട്ടുണ്ട്. ഈ വ്യാപാര യുദ്ധം കാരണം കനേഡിയൻ കുടുംബങ്ങൾക്ക് അനുഭവപ്പെടുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന്റെ തത്സമയ സാമ്പത്തിക കണക്കുകൾ പാർലമെന്റിൽ ഹാജരാക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുന്നു.

**ആൽബർട്ട റഫറണ്ടവും കാനഡ നേരിടുന്ന ദേശീയ ഐക്യ പ്രതിസന്ധികളും**

**1. 'ഡെയ്ഞ്ചറസ് ബ്ലഫ്' എന്ന് വിശേഷിപ്പിച്ച് കാർണി**

ആൽബർട്ട പ്രവിശ്യാ ഗവൺമെന്റ് വരാനിരിക്കുന്ന വോട്ടെടുപ്പിൽ കാനഡയിൽ നിന്നും വേർപിരിയുന്നതിനെക്കുറിച്ചുള്ള ചോദ്യാവലി ഉൾപ്പെടുത്തിയത് ഒരു അപകടകരമായ ഭീഷണിയാണെന്ന് മുൻ ബാങ്ക് ഓഫ് ഇംഗ്ലണ്ട് ഗവർണർ കൂടിയായ മാർക്ക് കാർണി മുന്നറിയിപ്പ് നൽകി. ഒരു പതിറ്റാണ്ട് മുൻപ് ബ്രിട്ടനിൽ നടന്ന ബ്രെക്സിറ്റ് റഫറണ്ടത്തിന് സമാനമായി, ജനങ്ങൾ ചിന്തിക്കാത്ത വൻ സാമ്പത്തിക തകർച്ചയിലേക്ക് ഈ വിഘടനവാദ നീക്കങ്ങൾ ആൽബർട്ടയെ തള്ളിവിടുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

**2. ആൽബർട്ടയിലെ എണ്ണവാതക മേഖലകളുടെ പരാതികൾ**

അമേരിക്കൻ തീരുവകൾ കാനഡയുടെ കിഴക്കൻ പ്രവിശ്യകളിലെ മാനുഫാക്ചറിംഗ് മേഖലകളെയാണ് ബാധിച്ചതെന്നും, എന്നാൽ തങ്ങളുടെ എണ്ണവാതക ഉൽപ്പാദന വിപണികൾക്ക് കേന്ദ്ര ഗവൺമെന്റ് അർഹമായ പിന്തുണ നൽകുന്നില്ലെന്നുമാണ് ആൽബർട്ടയിലെ വിഘടനവാദി ഗ്രൂപ്പുകൾ ആരോപിക്കുന്നത്. വിദേശ വ്യാപാര നയങ്ങളിൽ പ്രവിശ്യകൾക്ക് കൂടുതൽ സ്വയംഭരണാവകാശം വേണമെന്ന് അവർ ആവശ്യപ്പെടുന്നു.

**3. 'ക്ലാരിറ്റി ആക്ട്' നിയമപരമായ അവലോകനങ്ങൾ**

1995ലെ ക്യൂബെക്ക് റഫറണ്ടത്തിന് ശേഷം കാനഡ പാർലമെന്റ് പാസാക്കിയ 'ക്ലാരിറ്റി ആക്ട്' പ്രകാരം ഒരു പ്രവിശ്യയ്ക്കും ഏകപക്ഷീയമായി രാജ്യത്ത് നിന്നും വേർപിരിയാൻ സാധിക്കില്ല.

ആൽബർട്ട തയ്യാറാക്കിയ ബാലറ്റ് ചോദ്യങ്ങൾ ഫെഡറൽ സെസെഷൻ നിയമങ്ങൾക്ക് അനുസൃതമാണോ എന്ന് കനേഡിയൻ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് സസൂക്ഷ്മം പരിശോധിച്ചു വരികയാണ്.

**4. നവംബർ പാർലമെന്റ് പുനരാരംഭത്തിലെ പ്രക്ഷുബ്ധതകൾ**

സെപ്തംബർ 21ന് കനേഡിയൻ പാർലമെന്റ് തിരികെ സമ്മേളിക്കുമ്പോൾ, അടിയന്തിരമായി യുഎസ് വ്യാപാര സങ്കീർണ്ണതകളും ആൽബർട്ട വിഷയം ചർച്ച ചെയ്യാനും പ്രതിപക്ഷം നീക്കങ്ങൾ നടത്തുന്നുണ്ട്.

കാർണി ഗവൺമെന്റ് ആവിഷ്കരിക്കുന്ന സാമ്പത്തിക പാക്കേജുകൾക്ക് പാർലമെന്ററി അംഗീകാരം നേടുക എന്നത് ഭരണപക്ഷത്തിന് നിർണ്ണായക പരീക്ഷണമായിരിക്കും.

## പ്രധാന ഊർജ പദ്ധതികളുടെ ഫെഡറൽ പരിശോധനയിൽ ഇളവ് വരുത്തി കാർണി സർക്കാർ

കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ സർക്കാർ, മുൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ ഭരണകാലത്ത് നടപ്പാക്കിയ പ്രധാന പാരിസ്ഥിതിക പരിശോധനാ നടപടികളിൽ മാറ്റം വരുത്തുന്നു. രാജ്യത്തെ ഏറ്റവും വലിയ വ്യാവസായിക പദ്ധതികളിൽ ചിലതിന്റെ പരിസ്ഥിതി മേൽനോട്ടം ഇതോടെ ദുർബലമാകുമെന്ന് പരിസ്ഥിതി സംഘടനകൾ വിമർശിച്ചു.

ബുധനാഴ്ച കാനഡ ഗസറ്റിൽ പ്രസിദ്ധീകരിച്ച പുതിയ ഉത്തരവ് പ്രകാരം നിരവധി ഊർജ പദ്ധതികളെ ഫെഡറൽ സ്വാധീന വിലയിരുത്തൽ സംവിധാനത്തിൽ നിന്ന് ഒഴിവാക്കും. പകരം ഇത്തരം പദ്ധതികളുടെ പരിശോധനയുടെ ചുമതല കാനഡ എനർജി റെഗുലേറ്ററിന് നൽകും. ഒരൊറ്റ ഫെഡറൽ നിയന്ത്രണ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിലൂടെ പദ്ധതികളുമായി ബന്ധപ്പെട്ട തീരുമാനമെടുക്കൽ നടപടികൾ കൂടുതൽ ലളിതമാക്കാനാണ് മാറ്റമെന്ന് കാനഡ സർക്കാർ വ്യക്തമാക്കി.

എന്നാൽ സർക്കാർ നടപടിക്കെതിരെ പരിസ്ഥിതി സംഘടനകൾ ശക്തമായി രംഗത്തെത്തി. കാലാവസ്ഥാ ദുരന്തങ്ങൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എണ്ണ പൈപ്പ്ലൈനുകളും വാതക പ്ലാന്റുകളും പോലുള്ള കൂടുതൽ മലിനീകരണമുണ്ടാക്കുന്ന പദ്ധതികളുടെ സമഗ്രമായ പരിസ്ഥിതി പരിശോധനയിൽനിന്ന് സർക്കാർ പിന്മാറുകയാണെന്ന് എൻവയോൺമെന്റൽ ഡിഫൻസിലെ ജൂലിയ ലെവിൻ ആരോപിച്ചു.

വലിയ പദ്ധതികൾക്ക് യഥാർഥവും സമഗ്രവുമായ പരിശോധന നടത്തണമെന്ന വ്യവസ്ഥയിൽ നിന്ന് കാർണി സർക്കാർ പിന്നോട്ടുപോകുകയാണെന്നും അവർ പറഞ്ഞു. 2025ലെ ഫെഡറൽ തിരഞ്ഞെടുപ്പിന് ശേഷം വലിയ പദ്ധതികൾക്ക് അനുമതി നൽകുന്ന നടപടികൾ വേഗത്തിലാക്കണമെന്നും വിവിധ സർക്കാർ ഏജൻസികൾ നടത്തുന്ന പരിശോധനകളിലെ ആവർത്തനം കുറയ്ക്കണമെന്നും കാർണി സർക്കാർ നിലപാട് വ്യക്തമാക്കിയിരുന്നു.

പുതിയ മാറ്റത്തിന് ഊർജ മേഖലയിലെ കമ്പനികളുടെ പിന്തുണയുണ്ടെന്നും സർക്കാർ രേഖ വ്യക്തമാക്കുന്നു. എല്ലാ പൈപ്പ്ലൈൻ പദ്ധതികളും കാനഡ എനർജി റെഗുലേറ്റർ മാത്രം പരിശോധിക്കുന്ന സംവിധാനത്തെ വ്യവസായ മേഖലയിലെ പ്രതിനിധികൾ ശക്തമായി പിന്തുണച്ചതായി സർക്കാർ അറിയിച്ചു.

നിയന്ത്രണങ്ങളിലെ വ്യക്തത വർധിപ്പിക്കാനും ആവർത്തന പരിശോധനകൾ ഒഴിവാക്കാനും അനുമതി നടപടികൾ വേഗത്തിലാക്കാനും ഈ മാറ്റം സഹായിക്കുമെന്ന് വ്യവസായ മേഖലയിലുള്ളവർ കരുതുന്നതായും സർക്കാർ വ്യക്തമാക്കി.

അടുത്തയാഴ്ച ടൊറന്റോയിൽ കാർണി നേതൃത്വം നൽകുന്ന കാനഡ ഇൻവെസ്റ്റ്മെന്റ് ഉച്ചകോടി നടക്കാനിരിക്കെയാണ് പുതിയ നീക്കം. അടുത്ത അഞ്ച് വർഷത്തിനിടെ ഒരു ട്രില്യൺ ഡോളറിന്റെ പുതിയ നിക്ഷേപം രാജ്യത്തേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ വൻകിട അടിസ്ഥാന സൗകര്യ പദ്ധതികളിലേക്ക് നിക്ഷേപകരെ ആകർഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

## 'ഞങ്ങൾ ഒരിക്കലും 51–ാമത്തെ യു.എസ് സംസ്ഥാനമാകില്ല': അതിർത്തി ബോർഡുകളിലൂടെ യു.എസിനുള്ള കനേഡിയൻ പ്രവിശ്യയുടെ മറുപടി

ഒട്ടാവ: കാനഡയും അമേരിക്കയും തമ്മിലുള്ള വ്യാപാര തർക്കം കൂടുതൽ രൂക്ഷമാകുന്നതിനിടെ, അമേരിക്കൻ അതിർത്തിയിൽ വേറിട്ട പ്രതിഷേധ സൂചക ബോർഡുകൾ സ്ഥാപിക്കാനൊരുങ്ങി കനേഡിയൻ പ്രവിശ്യയായ ബ്രിട്ടീഷ് കൊളംബിയ (ബി.സി). "ഞങ്ങൾ ശക്തരും അഭിമാനമുള്ളവരുമാണ്, കാനഡ ഒരിക്കലും യു.എസിന്റെ 51–ാമത്തെ സംസ്ഥാനമാകില്ല, ക്ഷമിക്കണം!" എന്ന സന്ദേശമടങ്ങിയ പുതിയ അതിർത്തി ബോർഡുകൾ ബി.സി പ്രീമിയർ ഡേവിഡ് ഈബി വാർത്താ സമ്മേളനത്തിൽ പുറത്തിറക്കുകയായിരുന്നു.




വാഷിംഗ്ടൺ സ്റ്റേറ്റുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലാണ് ഈ ബോർഡുകൾ സ്ഥാപിക്കുന്നത്. കാനഡയെ സ്വതന്ത്ര രാജ്യമായി കാണാതെ, ആനുകൂല്യങ്ങൾ മാത്രം ആഗ്രഹിക്കുന്ന സംസ്ഥാനമായി കാണുന്നു എന്ന യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മുൻ പരാമർശങ്ങൾക്കുള്ള കൃത്യമായ മറുപടിയായാണ് ഈ നീക്കം വിലയിരുത്തപ്പെടുന്നത്.

യാത്രക്കാരെ ബി.സിയിലേക്ക് സ്വാഗതം ചെയ്യുന്ന മറ്റൊരു ബോർഡിൽ മാലിന്യം തള്ളരുത്, വേഗപരിധി പാലിക്കുക, ദയയെ ബലഹീനതയായി കാണരുത്, മൂസ് മാനുകളെ ശ്രദ്ധിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾക്കൊപ്പം 'കാനഡ ഒരിക്കലും 51–ാം സംസ്ഥാനമാകില്ല' എന്നും വ്യക്തമാക്കിയിട്ടുണ്ട്.

അമേരിക്കയിൽ നിന്നുള്ള 28 ബില്യൺ ഡോളറിന്റെ ഉൽപ്പന്നങ്ങൾക്ക് കാനഡ തിരിച്ചടി താരിഫുകൾ ചുമത്തിയതിന് തൊട്ടുപിന്നാലെയാണ് പ്രീമിയർ ഡേവിഡ് ഈബി വാർത്താ സമ്മേളനം വിളിച്ചുചേർത്തത്. വ്യാപാര യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ വിദേശ ഉൽപ്പന്നങ്ങൾക്ക് പകരം പ്രാദേശിക ഉൽപ്പന്നങ്ങൾ വാങ്ങാൻ പ്രോത്സാഹിപ്പിക്കുന്ന 'ബൈ ബി.സി' പദ്ധതി കൂടുതൽ ശക്തമാക്കുമെന്നും അദ്ദേഹം അറിയിച്ചു.

ട്രംപിന്റെ വ്യാപാര നയങ്ങളോടുള്ള പ്രതിഷേധത്തിന്റെ ഭാഗമായി ബി.സി ഉൾപ്പെടെയുള്ള കനേഡിയൻ പ്രവിശ്യകൾ നേരത്തെ തന്നെ യു.എസ് നിർമ്മിത മദ്യങ്ങൾ കടകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. നിലവിലെ വ്യാപാര തർക്കം പെട്ടെന്നൊന്നും അവസാനിക്കാൻ സാധ്യതയില്ലെന്നും രണ്ട് രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ചർച്ചകൾ നിലച്ച മട്ടാണെന്നും പ്രീമിയർ അഭിപ്രായപ്പെട്ടു. ഇരു രാജ്യങ്ങൾക്കുമിടയിൽ പരസ്പര ബഹുമാനവും ശക്തമായ ബന്ധവും ആഗ്രഹിക്കുന്ന ഒരു ഭരണകൂടം അമേരിക്കയിൽ വരുന്നത് വരെ പ്രതിസന്ധി തുടർന്നേക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# കാനഡയ്ക്കെതിരെ പ്രതികാരം കടുപ്പിച്ച് ട്രംപ്

(ഒന്നാം പേജ് തുടർച്ച)

ലുള്ള സാമ്പത്തിക ബന്ധം ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിലായി.യുഎസ് വിപണിയിലേക്ക് എത്തുന്ന കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് മേൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ട്രംപ് വിജ്ഞാപനം പുറപ്പെടുവിച്ചു. കാനഡയുടെ സാമ്പത്തിക രംഗത്തെ കനത്ത ആഘാതത്തിലാക്കുന്ന തീരുമാനമാണിതെന്ന് നയതന്ത്ര വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ഉഭയകക്ഷി ചർച്ചകൾ പരാജയപ്പെട്ടതിന് പിന്നാലെയാണ് പെട്ടെന്നുള്ള ഈ നിരോധന പ്രഖ്യാപനം വന്നത്.

കനേഡിയൻ ചീസ് ഉൾപ്പെടെയുള്ള പാലുൽപ്പന്നങ്ങൾക്ക് അമ്പത് ശതമാനം വരെ അധിക തീരുവ ചുമത്താനും ട്രംപ് ഭരണകൂടം തീരുമാനിച്ചു. കാനഡയിലെ പ്രാദേശിക വിപണികളിൽ അമേരിക്കൻ ഉൽപ്പന്നങ്ങൾ നേരിടുന്ന വിവേചനം അവസാനിപ്പിക്കാതെ വിട്ടുവീഴ്ചയ്ക്കില്ലെന്നാണ് വൈറ്റ് ഹൗസിന്റെ നിലപാട്. ഈ സാമ്പത്തിക ഉപരോധം വരും ദിവസങ്ങളിൽ കൂടുതൽ മേഖലകളിലേക്ക് വ്യാപിച്ചേക്കാം.

അമേരിക്കയുടെ ഈ ഏകപക്ഷീയമായ തീരുമാനത്തിൽ കനേഡിയൻ വിപണിയും പ്രവിശ്യാ സർക്കാരുകളും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. എന്നാൽ സ്വന്തം രാജ്യത്തെ വ്യവസായികളുടെയും കർഷകരുടെയും താല്പര്യങ്ങൾ സംരക്ഷിക്കാനാണ് താൻ മുൻഗണന നൽകുന്നതെന്ന് ട്രംപ് പ്രഖ്യാപിച്ചു. കാനഡയുമായുള്ള വ്യാപാര കരാറുകൾ പുനഃപരിശോധിക്കുമെന്ന ഭീഷണിയും ഉയർന്നിട്ടുണ്ട്.

കാനഡയിലെ മദ്യ നിർമ്മാണ മേഖലയ്ക്കും പാലുൽപ്പന്ന കയറ്റുമതിക്കാർക്കും പുതിയ യുഎസ് നയം



കനത്ത സാമ്പത്തിക നഷ്ടമുണ്ടാക്കും. അമേരിക്കൻ വിപണിയെ മാത്രം ആശ്രയിച്ച് പ്രവർത്തിച്ചിരുന്ന പല പ്രമുഖ കമ്പനികളും അടച്ചുപൂട്ടലിന്റെ വക്കിലാണ്. കാനഡയിലെ പ്രവിശ്യാ സർക്കാരുകൾ അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ റദ്ദാക്കിയതാണ് തിരിച്ചടിക്ക് കാരണം.

കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ഭരണകൂടം അമേരിക്കയുടെ ഈ നീക്കത്തെ പ്രതിരോധിക്കാൻ അടിയന്തിര കൂടിയാലോചനകൾ ആരംഭിച്ചു. അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് മേൽ തിരിച്ചടിയായി പുതിയ ഇറക്കുമതി തീരുവകൾ ചുമത്താൻ കാനഡയും ആലോചിക്കുന്നുണ്ട്. ഇത് ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരത്തിന്റെ താളം പൂർണ്ണമായി തെറ്റിക്കും.

അമേരിക്കയും കാനഡയും തമ്മിലുള്ള അതിർത്തി കടന്നുള്ള വിതരണ ശൃംഖലയെ ഈ വ്യാപാര തർക്കം ബാധിച്ചു തുടങ്ങി. വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ വ്യാവസായിക മേഖലയ്ക്ക് മൊത്തത്തിൽ ഇത് വലിയ ഭീഷണിയാണെന്ന് സാമ്പത്തിക നിരീക്ഷകർ മുന്നറിയിപ്പ് നൽകുന്നു. വാഹന നിർമ്മാണം, കൃഷി, ഇന്ധന മേഖല എന്നിവയിലാണ് പ്രത്യാഘാതം കഠിനമാകുക.

അമേരിക്കൻ വിപണിയിലെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ ഏത് കടുത്ത നടപടിയും സ്വീകരിക്കുമെന്ന് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയിട്ടുണ്ട്. കാനഡ സ്വന്തം വിപണിയിലെ നിയന്ത്രണങ്ങൾ നീക്കാൻ തയ്യാറാകുന്നതുവരെ നിരോധനം തുടരുമെന്നാണ് സൂചന. ഈ കടുത്ത നിലപാട് അന്താരാഷ്ട്ര തലത്തിലും വലിയ ചർച്ചകൾക്ക് വഴിവെച്ചു.മദ്യ ഇറക്കുമതി തടഞ്ഞതോടെ അമേരിക്കയിലെയും കാനഡയിലെയും റീട്ടെയിൽ വ്യാപാരികൾക്ക് വലിയ തിരിച്ചടിയാണ് നേരിടുന്നത്. അതിർത്തി കടന്നുള്ള ചരക്കുനീക്കം തടസ്സപ്പെട്ടതോടെ പല വിതരണക്കാരും പ്രവർത്തനം നിർത്തിവെച്ചു. വിപണിയിൽ അത്യാവശ്യ സാധനങ്ങളുടെ ലഭ്യതക്കുറവ് അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

കാനഡയിൽ നിന്നുള്ള കയറ്റുമതി നിലയ്ക്കുന്നത് യുഎസ് ഉപഭോക്താക്കൾക്കും വിലക്കയറ്റത്തിന് വഴിവെച്ചേക്കാം. പ്രത്യേകിച്ച് പാലുൽപ്പന്നങ്ങളുടെയും പ്രത്യേക തരം മദ്യങ്ങളുടെയും വില വർദ്ധിക്കാൻ സാധ്യതയുണ്ട്. എന്നിരുന്നാലും ദേശീയ താല്പര്യത്തിനാണ് മുൻഗണനയെന്ന നിലപാടിലാണ് വൈറ്റ് ഹൗസ് വൃത്തങ്ങൾ.

യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ ഏജൻസി അതിർത്തികളിൽ കർശന പരിശോധന ആരംഭിച്ചു കഴിഞ്ഞു. വിലക്കപ്പെട്ട കനേഡിയൻ ഉൽപ്പന്നങ്ങൾ രാജ്യത്തിനുള്ളിലേക്ക് കടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ പ്രത്യേക സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്. ചരക്കുലോറികൾ അതിർത്തികളിൽ മണിക്കൂറുകളോളം കെട്ടിക്കിടക്കുകയാണ്.യുഎസ് കർഷകരുടെയും ഉൽപ്പാദകരുടെയും അവകാശങ്ങൾ നിഷേധിക്കാൻ കാനഡയെ അനുവദിക്കില്ലെന്ന് ട്രംപ് ആവർത്തിച്ച് വ്യക്തമാക്കി. മുൻകാല ഭരണകൂടങ്ങൾ വരുത്തിയ വീഴ്ചകൾ തിരുത്തുകയാണ് താൻ ചെയ്യുന്നതെന്നും അദ്ദേഹം അവകാശപ്പെട്ടു. കാനഡ നിലപാട് മാറ്റാത്ത പക്ഷം ആകാശ, സമുദ്ര ഗതാഗത മേഖലകളിലേക്കും നിയന്ത്രണങ്ങൾ നീളും.കാനഡയിലെ പ്രവിശ്യാ പ്രീമിയർമാർ ട്രംപിന്റെ നയങ്ങളെ കടുത്ത ഭാഷയിലാണ് വിമർശിച്ചത്.

സ്വതന്ത്ര വ്യാപാര കരാറുകളുടെ ലംഘനമാണ് അമേരിക്കയുടെ ഭാഗത്തുനിന്നുണ്ടാകുന്നതെന്ന് അവർ ആരോപിച്ചു. അന്താരാഷ്ട്ര വ്യാപാര സംഘടനകളെ സമീപിച്ച് നിയമനടപടി സ്വീകരിക്കുന്ന കാര്യവും കാനഡ പരിഗണിക്കുന്നു.യുഎസ് നടപടിയെത്തുടർന്ന് യൂറോപ്യൻ രാജ്യങ്ങളുമായും ഏഷ്യൻ വിപണികളുമായും പുതിയ വ്യാപാര ബന്ധങ്ങൾ സ്ഥാപിക്കാൻ കാനഡ ശ്രമങ്ങൾ ഊർജ്ജിതമാക്കി. അമേരിക്കൻ വിപണിയെ മാത്രം ആശ്രയിക്കുന്നത് അപകടമാണെന്ന തിരിച്ചറിവിലാണ് കാനഡയുടെ ഈ നീക്കം. എന്നാൽ പെട്ടെന്നൊരു മാറ്റം എളുപ്പമല്ലെന്ന് വിദഗ്ധർ വിലയിരുത്തുന്നു.

ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര പ്രതിസന്ധി പരിഹരിക്കാൻ അന്താരാഷ്ട്രതലത്തിൽ മധ്യസ്ഥശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇരുപക്ഷവും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്തത് ചർച്ചകളെ നിഷ്ഫലമാക്കുന്നു. ട്രംപിന്റെ ശക്തമായ നിലപാടുകൾ അമേരിക്കൻ വോട്ടർമാർക്കിടയിൽ വലിയ തരംഗമാണ് സൃഷ്ടിക്കുന്നത്.അമേരിക്കൻ നിർമ്മിത മദ്യത്തിനും കൃഷി ഉൽപ്പന്നങ്ങൾക്കും കാനഡ പൂർണ്ണ വിപണി പ്രവേശനം നൽകണമെന്നാണ് പ്രധാന ആവശ്യം. ഇത് അംഗീകരിക്കാത്ത പക്ഷം കാനഡയ്ക്ക് മേലുള്ള സാമ്പത്തിക സമ്മർദ്ദം ഇനിയും വർദ്ധിപ്പിക്കും. ഈ വ്യാപാര യുദ്ധം ഉടനെയൊന്നും അവസാനിക്കില്ലെന്നാണ് പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

സാമ്പത്തിക പ്രതിസന്ധി രൂക്ഷമായാൽ കാനഡയിലെ തൊഴിൽ മേഖലയെ അത് സാരമായി ബാധിക്കും. ആയിരക്കണക്കിന് ആളുകൾക്ക് ജോലി നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് തൊഴിൽ സംഘടനകൾ ഭയപ്പെടുന്നു. അതിർത്തി നഗരങ്ങളിലെ പ്രാദേശിക സാമ്പത്തിക രംഗം പൂർണ്ണമായി നിശ്ചലമായ അവസ്ഥയിലാണ്.

ഉഭയകക്ഷി ചർച്ചകൾക്കായി പ്രത്യേക പ്രതിനിധി സംഘത്തെ അയക്കാൻ കാനഡ ആലോചിക്കുന്നുണ്ട്. സാമ്പത്തിക താല്പര്യങ്ങൾ മുൻനിർത്തി ഇരുരാജ്യങ്ങളും തമ്മിൽ ധാരണയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ട്രംപിന്റെ അപ്രതീക്ഷിത തീരുമാനങ്ങൾ വ്യാപാര ലോകത്ത് വലിയ ആശങ്ക പടർത്തുന്നു.

വടക്കേ അമേരിക്കൻ സാമ്പത്തിക മേഖലയിലെ ഈ അസ്ഥിരത ആഗോള വിപണിയിലും പ്രതിഫലിക്കുന്നുണ്ട്. ഓഹരി വിപണികളിൽ വൻ ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ കടുത്ത തീരുമാനങ്ങൾ ഉണ്ടാകുമോ എന്ന് സാമ്പത്തിക ലോകം ഉറ്റുനോക്കുകയാണ്.

# ഇ.ഡി റിപ്പോർട്ടും പിണറായി വിജയന്റെ രാഷ്ട്രീയ ഭാവിയും

(മൂന്നാം പേജ് തുടർച്ച)

ബാംഗങ്ങളെയും വരെ നിയമപരമായ കുരുക്കിലേക്ക് എത്തിച്ചിരിക്കുകയാണ്.

### കേന്ദ്ര ഏജൻസികളുടെ അന്വേഷണവും തുകയിലെ വർദ്ധനവും

കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ആറോളം കേന്ദ്ര ഏജൻസികളാണ് ഈ കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ അന്വേഷിച്ചുവരുന്നത്.കേസന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുറത്തുവന്ന റിപ്പോർട്ടുകളിൽ പണമിടപാടിന്റെ തുകയിലുണ്ടായ വർദ്ധനവ് കേസിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നുണ്ട്. ആദായനികുതി ഇന്ററിം സെറ്റിൽമെന്റ് ബോർഡ് പുറത്തുവിട്ട റിപ്പോർട്ടിൽ വീണയും എക്സാലോജിക്കും ചേർന്ന് 1.72 കോടി രൂപ കൈപ്പറ്റിയെന്നാണ് ആദ്യം കണ്ടെത്തിയിരുന്നത്. എന്നാൽ പിന്നീട് അന്വേഷണം നടത്തിയ സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസിന്റെ റിപ്പോർട്ടിൽ ഈ തുക 2.78 കോടി രൂപയായി ഉയർന്നു. ഏറ്റവും ഒടുവിൽ ഇ.ഡി സമർപ്പിച്ച റിപ്പോർട്ടിൽ സാമ്പത്തിക ക്രമക്കേടിന്റെ തുക 3.28 കോടി രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

ഇതിനുപുറമേ, വീണയുടെ പക്കൽ നിന്ന് 20.5 കോടി രൂപയുടെ മറ്റ് പണമിടപാടുകളുടെ രേഖകൾ കണ്ടെത്തിയതായും ഇ.ഡി അവകാശപ്പെടുന്നുണ്ട്. കൈക്കൂലിയായി ലഭിച്ച തുക ദുബായിലേക്ക് കടത്തി കമ്പനി സ്ഥാപിക്കാനും ബിസിനസ് നടത്താനും ഉപയോഗിച്ചു എന്ന മൊഴികളുടെ അടിസ്ഥാനത്തിൽ, വിദേശ രാജ്യങ്ങളിലെ അക്കൗണ്ടുകളുടെ ഔദ്യോഗിക വിവരങ്ങൾ ശേഖരിക്കാനായി ഇ.ഡി ലെറ്റർ റൊഗേറ്ററി അയക്കാൻ കോടതിയെ സമീപിക്കാൻ ഒരുങ്ങുകയാണ്.

### പിണറായി വിജയന്റെ രാഷ്ട്രീയ പ്രതിച്ഛായയ്ക്ക് ഏൽക്കുന്ന ആഘാതം

കേരളത്തിലെ ഇടതുപക്ഷത്തെ ദീർഘകാലം നയിക്കുകയും ശക്തനായ ഭരണാധികാരി എന്ന നിലയിൽ അറിയപ്പെടുകയും ചെയ്ത നേതാവാണ് പിണറായി വിജയൻ. മുൻ മുഖ്യമന്ത്രി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ ഏറ്റവും നിർണ്ണായകമായ പ്രതിസന്ധിയാണ് ഇപ്പോൾ രൂപപ്പെട്ടിരിക്കുന്നത്. മുൻപ് മകൾ വീണയ്ക്കെതിരെ ഉയർന്ന ആരോപണങ്ങൾ കേവലം രണ്ടു കമ്പനികൾ തമ്മിലുള്ള വാണിജ്യ ഇടപാടാണെന്നായിരുന്നു സി.പി.എമ്മിന്റെ പ്രധാന പ്രതിരോധം. എന്നാൽ ഇ.ഡി നേരിട്ട് പിണറായി വിജയനെയും മുഹമ്മദ് റിയാസിനെയും കേസിന്റെ പരിധിയിൽ കൊണ്ടുവന്നതോടെ പാർട്ടിക്ക് മുൻപത്തെ പോലെ കേസിനെ ന്യായീകരിക്കാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുകയാണ്.

നിലവിലെ തെളിവുകളും ഇ.ഡി റിപ്പോർട്ടും അനുസരിച്ച് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ നിയമതടസ്സമില്ലെന്ന വിലയിരുത്തലും ഉയരുന്നുണ്ട്. അന്വേഷണം വിജിലൻസിന് കൈമാറി എഫ്.ഐ.ആർ ഇട്ടാൽ, അത് അടിസ്ഥാനമാക്കി ഇ.ഡിക്ക് കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം തുടർനടപടികളിലേക്ക് കടക്കാൻ സാധിക്കും. അഴിമതി വിരുദ്ധ നിലപാടുകൾ ഉയർത്തിപ്പിടിക്കുന്ന ഒരു പാർട്ടി നേതാവ് എന്ന നിലയിൽ, സ്വന്തം കുടുംബത്തിലേക്ക് നേരിട്ട് വിരൽ ചൂണ്ടുന്ന ഈ സാമ്പത്തിക ആരോപണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പിണറായി വിജയനുണ്ടാക്കിയ രാഷ്ട്രീയ പ്രതിച്ഛായയ്ക്ക് കനത്ത മങ്ങലേൽപ്പിക്കും.

### സി.പി.എമ്മിന്റെ ഭാവി നിലപാടുകളും ദേശീയ രാഷ്ട്രീയ തന്ത്രങ്ങളും

തീവ്രമായ രാഷ്ട്രീയ ആരോപണങ്ങൾ നേരിടമ്പോൾ ആരോപണങ്ങളെ പൂർണ്ണമായും രാഷ്ട്രീയമായി ചെറുത്തതോൽപ്പിക്കാനാണ് സി.പി.എം ലക്ഷ്യമിടുന്നത്. കേന്ദ്രത്തിലെ ബി.ജെ.പി ഭരണകൂടത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള വേട്ടയാടലാണ് ഇതെന്ന പ്രചാരണം ശക്തിപ്പെടുത്താനാണ് പാർട്ടി തീരുമാനിച്ചിരിക്കുന്നത്. കോഴിക്കോട്ട് നടക്കുന്ന സി.പി.എം സംസ്ഥാന സമിതി യോഗത്തിൽ ഇതിന്റെ പ്രതിരോധ തന്ത്രങ്ങൾക്ക് കൃത്യമായ രൂപം നൽകും.

ദേശീയതലത്തിൽ ബി.ജെ.പിക്കെതിരെ പോരാടുന്ന സി.പി.എം നേതാവിനെതിരെ കേസെടുക്കാൻ കോൺഗ്രസ് നേതൃത്വം കൊടുക്കുന്നു എന്ന് ആരോപിച്ച്, വിഷയത്തെ ബി.ജെ.പി കോൺഗ്രസ് രഹസ്യബന്ധമായി പ്രചരിപ്പിക്കാനും പാർട്ടി പദ്ധതിയിടുന്നുണ്ട്. കൂടാതെ പ്രതിപക്ഷ പാർട്ടികളുടെ ഇന്ത്യാ സഖ്യത്തിലും ഈ വിഷയം ഉയർത്തിക്കാട്ടി ദേശീയ തലത്തിൽ കോൺഗ്രസിനെ പ്രതിരോധത്തിലാക്കാനും സി.പി.എം ശ്രമിക്കും.

### പാർട്ടിയിലെ അന്തർധാരകളും മുന്നണിയിലെ അനൈക്യവും

പുറമെ ശക്തമായി പ്രതിരോധിക്കാൻ ശ്രമിക്കമ്പോഴും സി.പി.എമ്മിനുള്ളിലും മുന്നണിക്കുള്ളിലും വലിയ ആശങ്കകളും അഭിപ്രായവ്യത്യാസങ്ങളും നിലനിൽക്കുന്നുണ്ട്. രണ്ട് സെക്രട്ടേറിയറ്റ് അംഗങ്ങൾക്കെതിരെ ഇത്രയും വലിയ ആരോപണം ഉയർന്നിട്ടും പാർട്ടി എന്തുകൊണ്ട് ആഭ്യന്തര അന്വേഷണം നടത്തുന്നില്ല എന്ന ചോദ്യം ചില നേതാക്കൾ രഹസ്യമായി ഉയർത്തുന്നുണ്ട്. പൊളിറ്റ് ബ്യൂറോ വാർത്താക്കുറിപ്പ് ഇറക്കാൻ വൈകിയതും പാർട്ടിയിലെ പ്രധാന നേതാക്കൾ വിഷയത്തിൽ മൗനം പാലിക്കുന്നതും വലിയ ആശയക്കുഴപ്പത്തിന് വഴിവെച്ചിട്ടുണ്ട്.

മുൻപ് ഇത്തരം സന്ദർഭങ്ങളിൽ കേന്ദ്ര ഏജൻസികൾക്കെതിരെ ശക്തമായി രംഗത്തുവന്നിരുന്ന ഘടകകക്ഷിയായ സി.പി.ഐ ഈ കേസിൽ പുലർത്തുന്ന പൂർണ്ണ മൗനവും ശ്രദ്ധേയമാണ്. മുന്നണിയിലെ പ്രധാന ഘടകകക്ഷികളുടെ ഈ അകൽച്ചയും മൗനവും നിർണ്ണായകമായ ഒരു ഘട്ടത്തിൽ പിണറായി വിജയനെ രാഷ്ട്രീയമായി ഒറ്റപ്പെടുത്തുന്ന സാഹചര്യത്തിലേക്കാണ് കാര്യങ്ങളെ എത്തിച്ചിരിക്കുന്നത്.

സിഎംആർഎൽ മാസപ്പടി കേസും ഇ.ഡിയുടെ നിർണ്ണായക കണ്ടെത്തലുകളും കേരള രാഷ്ട്രീയത്തിൽ പുതിയൊരു വിപ്ലവകരമായ മാറ്റത്തിനാണ് തുടക്കം കുറിച്ചിരിക്കുന്നത്. വിജിലൻസ് അന്വേഷണവും കേസെടുക്കലും സംബന്ധിച്ച് വരും ദിവസങ്ങളിലെ സർക്കാർ തീരുമാനങ്ങൾ പിണറായി വിജയന്റെ രാഷ്ട്രീയ ഭാവിയെയും സി.പി.എമ്മിന്റെ സംഘടനാപരമായ സുദൃഢതയെയും ഒരപോലെ ബാധിക്കുന്ന ഒന്നാണ്. നിയമോപദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന ഏത് നടപടിയും കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ഭാവി ഗതിവിഗതികളിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.

# വ്യാപാര യുദ്ധത്തിൽ ഉറച്ചുനിന്ന് അമേരിക്കയും കാനഡയും: വിലക്കുകളുമായി ട്രംപ്, ചർച്ചകൾ പുനരാരംഭിക്കാൻ മാസങ്ങളെടുക്കും




ഒട്ടാവ: കാനഡയും അമേരിക്കയും തമ്മിലുള്ള വ്യാപാര തർക്കം പുതിയ തലങ്ങളിലേക്ക് കടക്കുന്നതിനിടെ, ഇരുരാജ്യങ്ങളും തമ്മിലുള്ള ഔദ്യോഗിക ചർച്ചകൾ പുനരാരംഭിക്കാൻ മാസങ്ങളെടുക്കുമെന്ന് വിലയിരുത്തൽ. കാനഡ ഏർപ്പെടുത്തിയ തിരിച്ചടി തീരുവകൾക്ക് മറുപടിയായി കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് മേൽ പുതിയ നിയന്ത്രണങ്ങളും വിലക്കുകളും ചുമത്തി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് എക്സിക്യൂട്ടീവ് ഉത്തരവുകളിൽ ഒപ്പുവെച്ചു. വരുന്ന സെപ്തംബർ 29 മുതൽ കാനഡയിൽ നിന്നുള്ള മദ്യം, മോട്ടോർസൈക്കിളുകൾ, ചില ക്ഷീരോൽപ്പന്നങ്ങൾ എന്നിവയുടെ ഇറക്കുമതി പൂർണ്ണമായി നിരോധിക്കാനാണ് അമേരിക്കയുടെ തീരുമാനം.

അമേരിക്കയിലെ കനേഡിയൻ മുൻ അംബാസഡർ കേർസ്റ്റൺ ഹിൽമാൻ ചർച്ചകൾക്ക് ശേഷം ഇരുവിഭാഗവും താൽക്കാലികമായി പിന്മാറുന്നത് സാധാരണയാണെന്ന് വ്യക്തമാക്കി. കാനഡയുടെ വ്യവസായ താൽപ്പര്യങ്ങളെ തകർക്കുന്ന തരത്തിലുള്ള ഒരു കരാറിനും രാജ്യത്തിന് വഴങ്ങാനാകില്ലെന്നും, അമേരിക്ക ഈ യാഥാർത്ഥ്യം മനസ്സിലാക്കിയാൽ മാത്രമേ ഫലപ്രദമായ ചർച്ചകൾ ഇനി സാധ്യമാകൂ എന്നും അവർ ചൂണ്ടിക്കാട്ടി. തർക്കങ്ങൾക്കിടയിലും ഇരുരാജ്യങ്ങളിലെയും ഉദ്യോഗസ്ഥർ പ്രാഥമിക തലത്തിൽ ആശയവിനിമയം നടത്തുന്നുണ്ടെന്ന് കനേഡിയൻ ധനമന്ത്രി ഫ്രാൻസ്വാഫിലിപ്പ് ചാമ്പെയ്ൻ സ്ഥിരീകരിച്ചു.

പെട്ടെന്നുള്ള ഒരു വൈകാരിക പ്രതികരണത്തിന് മുതിരാതെ നിയന്ത്രണങ്ങളുടെ പ്രത്യാഘാതങ്ങൾ പഠിച്ചുവരികയാണെന്നും, ഉചിതമായ സമയത്ത് ഉന്നതതല ചർച്ചകൾ ഉണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വ്യാപാര യുദ്ധം മൂർച്ഛിക്കുന്നത് അമേരിക്കയ്ക്കുള്ളിലും വലിയ വിമർശനങ്ങൾക്ക് വഴിവെച്ചിട്ടുണ്ട്.

ട്രംപിന്റെ തീരുവ നയം അർത്ഥശൂന്യമാണെന്നും അത് അമേരിക്കൻ സാധാരണക്കാരുടെ കുടുംബ ബജറ്റിനെയും ചെറുകിട വ്യവസായങ്ങളെയും ശക്തമായി ബാധിക്കുമെന്നും ചൂണ്ടിക്കാട്ടി പ്രമുഖ ഡെമോക്രാറ്റിക് സെനറ്റർമാർ രംഗത്തെത്തി. കാനഡ അമേരിക്കയുടെ അടുത്ത വ്യാപാര പങ്കാളിയാണെന്നും തിരിച്ചടി തീരുവകൾ പ്രാദേശിക സാമ്പത്തിക മേഖലയെ തകർക്കുമെന്നും വിസ്കോൺസിൻ ഗവർണർ ടോണി എവേഴ്സും മുന്നറിയിപ്പ് നൽകി.

അതേസമയം ചില റിപ്പബ്ലിക്കൻ നേതാക്കൾ ഇതൊരു കുടുംബ വഴക്ക് മാത്രമാണെന്നും ഉടൻ പരിഹരിക്കപ്പെടുമെന്നുമുള്ള പ്രതീക്ഷ പങ്കുവെക്കുന്നുണ്ട്. അമേരിക്കയിലെ വിപണി നഷ്ടപ്പെടുന്നത് കാനഡയിലെ പ്രമുഖ ബിയർ നിർമ്മാതാക്കളായ മൂസ്ഹെഡ് ബ്രൂവറീസ്, വാഹന നിർമ്മാതാക്കളായ ബിആർപി തുടങ്ങിയ വൻകിട കമ്പനികൾക്ക് കനത്ത തിരിച്ചടിയാകും.

പുതിയ ഉത്തരവിലൂടെ സിമന്റ്, റോഡ് സാൾട്ട് തുടങ്ങിയ ചില ഉൽപ്പന്നങ്ങളുടെ തീരുവകളിൽ ട്രംപ് ഇളവ് നൽകിയിട്ടുണ്ടെങ്കിലും മൊത്തത്തിലുള്ള വ്യാപാര അനിശ്ചിതത്വം ഇരുരാജ്യങ്ങളുടെയും സാമ്പത്തിക വിപണികളിൽ ഇടിവ് ഉണ്ടാക്കിയിട്ടുണ്ട്.

വ്യാപാര യുദ്ധത്തിന് ആഗോള തലത്തിൽ പരിഹാരം കാണാൻ കനേഡിയൻ പ്രതിപക്ഷ നേതാവ് പിയറി പൊയിലീവ് അമേരിക്കൻ ജനതയോടും വ്യവസായ പ്രമുഖരോടും നേരിട്ട് സംസാരിക്കാൻ ന്യൂയോർക്ക് സന്ദർശിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.



# താരിഫുകൾക്ക് മുന്നിലെ അമേരിക്കൻ മാധ്യമങ്ങളുടെ 'നിഷ്പക്ഷ' മൗനം

യു.എസ്കാനഡ വ്യാപാര തർക്കം കേവലമൊരു സാമ്പത്തിക തർക്കത്തിനപ്പുറം, വടക്കേ അമേരിക്കൻ രാഷ്ട്രീയത്തിൽ വലിയ അസ്വസ്ഥതകൾക്ക് വഴിതുറക്കുകയാണ്. കഴിഞ്ഞ രണ്ടര വർഷത്തോളമായി കാനഡയ്ക്ക് മേൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഏർപ്പെടുത്തിയിരിക്കുന്ന ഉയർന്ന താരിഫുകളും സാമ്പത്തിക ഉപരോധങ്ങളും ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദബന്ധത്തിന്റെ അടിത്തറയിളക്കുന്നു. എന്നാൽ ഈ വിഷയത്തിൽ അമേരിക്കൻ മാധ്യമങ്ങൾ പുലർത്തുന്ന വ്യാജ നിഷ്പക്ഷത യു.എസിലെ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന വിമർശനം ശക്തമാകുകയാണ്.




## വ്യാജ തുല്യത സൃഷ്ടിക്കുന്ന മാധ്യമങ്ങൾ

അമേരിക്കൻ മാധ്യമങ്ങളിൽ ഭൂരിഭാഗവും ഇരുരാജ്യങ്ങളുടെയും വാദങ്ങളെ ഒരേ തട്ടിൽ വെച്ച് തൂക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ മുൻപ് അദ്ദേഹം തന്നെ ഒപ്പുവെച്ച യു.എസ്-മെക്സിക്കോകാനഡ കരാർ കാറ്റിൽപ്പറത്തി ട്രംപ് ഭരണകൂടം ഏകപക്ഷീയമായി ആരംഭിച്ച ഒരു അധിനിവേശ യുദ്ധമാണിതെന്ന യാഥാർത്ഥ്യം പല പ്രമുഖ മാധ്യമങ്ങളും മറച്ചുവെക്കുന്നുവെന്നാണ് ഇപ്പോഴത്തെ പ്രധാന ആക്ഷേപം. ഫോക്സ് ന്യൂസ് പോലുള്ള ട്രംപ് അനുകൂല മാധ്യമങ്ങൾ മാത്രമല്ല, നിഷ്പക്ഷമെന്ന് അവകാശപ്പെടുന്ന മറ്റ് ചില മുഖ്യധാര മാധ്യമങ്ങളും ട്രംപ് ഭരണകൂടത്തിലെ ഉദ്യോഗസ്ഥർക്ക് മുന്നിൽ ശക്തമായ ചോദ്യങ്ങൾ ഉയർത്താൻ മടിക്കുകയാണ്.

നൂറ്റാണ്ടുകൾക്ക് മുൻപുള്ള സ്മൂട്ട്ഹോളി ആക്ടിലെ സെക്ഷൻ 338 പോലുള്ള, കോടതികൾ പോലും മുൻപ് തള്ളിക്കളഞ്ഞ അപരിഷ്കൃത നിയമങ്ങളാണ് കാനഡക്കെതിരെ യു.എസ് ആയുധമാക്കുന്നത് എന്നതാണ് പ്രധാന വിമർശനം. കാനഡയെ 51-ാമത് സംസ്ഥാനമാക്കും എന്ന രീതിയിലുള്ള പരിഹാസങ്ങളും അതിർത്തി തർക്കങ്ങളും ഉയർത്തിക്കാട്ടി സാമ്പത്തികമായി കാനഡയെ കീഴടക്കാനാണ് ട്രംപ് ശ്രമിക്കുന്നത്.

## കാനഡയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചകൾ

ലഭിക്കുന്ന വിവരങ്ങൾ അനുസരിച്ച്, കാനഡ പബ്ലിക് റിലേഷൻസ് രംഗത്ത് അമേരിക്കൻ പൊതുജനങ്ങൾക്കിടയിൽ തങ്ങളുടെ വാദങ്ങൾ എത്തിക്കാൻ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ടെങ്കിലും ഔദ്യോഗിക തലത്തിൽ ശക്തമായ തിരിച്ചടി നൽകുന്നതിൽ പരാജയപ്പെടുന്നുണ്ട്. കാനഡയുടെ തൊഴിൽ മന്ത്രി ഡൊമിനിക് ലെബ്ലാങ്ക് അടക്കമുള്ള നേതാക്കൾ മാന്യതയുടെ പേരിൽ പുലർത്തുന്ന അമിത സൗമ്യത അമേരിക്കൻ മാധ്യമങ്ങൾക്ക് കാനഡയുടെ ന്യായമായ വാദങ്ങൾ കൃത്യമായി എത്തിച്ചു കൊടുക്കുന്നതിന് തടസ്സമാകുന്നുണ്ട് എന്ന് അഭിപ്രായപ്പെടുന്നു.

## ഭാവി എന്ത്?

അമേരിക്കയിൽ തങ്ങൾക്കെതിരെ നിർമ്മിക്കപ്പെടുന്ന തെറ്റായ പ്രചാരണങ്ങളെ ചെറുക്കാൻ കാനഡ സർക്കാർ വൻതോതിലുള്ള ലോബിയിംഗും ആശയവിനിമയ പ്രചാരണങ്ങളും നടത്തേണ്ടത് അനിവാര്യമാണ്. മാധ്യമങ്ങളുടെ മൃദുസമീപനം കാരണം അമേരിക്കൻ ജനതയ്ക്ക് മുന്നിൽ ട്രംപിന്റെ അന്യായമായ താരിഫ് നയങ്ങൾ ന്യായീകരിക്കപ്പെടുകയാണ്. തങ്ങളുടെ വിപണിയെയും പരമാധികാരത്തെയും സംരക്ഷിക്കാൻ കാനഡ ഇനി സൗമ്യത വെടിഞ്ഞ് നയതന്ത്രപരമായി കൂടുതൽ ആക്രമണോത്സുക നിലപാട് സ്വീകരിക്കേണ്ടി വരും എന്നാണ് വിലയിരുത്തൽ.

കാനഡയും അമേരിക്കയും തമ്മിൽ നിലനിൽക്കുന്ന വ്യാപാര തർക്കവും പരസ്പരമുള്ള താരിഫ് ആക്രമണങ്ങളും ഇരു രാജ്യങ്ങളുടെയും സമ്പദ്വ്യവസ്ഥകളിൽ വ്യത്യസ്ത തലങ്ങളിലാണ് ആഘാതം സൃഷ്ടിക്കുന്നത്. വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിൽ ദശകങ്ങളായി നിലനിൽക്കുന്ന അങ്ങേയറ്റം സംയോജിതമായ ഉൽപ്പാദന ശൃംഖലകളെയും ഉപഭോക്താക്കളെയും ഇത് പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ഇരു രാജ്യങ്ങളുടെയും സമ്പദ്വ്യവസ്ഥകളിൽ ഈ താരിഫ് യുദ്ധം ഉണ്ടാക്കുന്ന പ്രധാന പ്രത്യാഘാതങ്ങൾ എന്താണെന്ന് പരിശോധിക്കാം:

## കാനഡയുടെ സമ്പദ്വ്യവസ്ഥയ്ക്ക് ഏൽക്കുന്ന ആഘാതം

കാനഡയുടെ സമ്പദ്വ്യവസ്ഥ അമേരിക്കയെ വളരെയധികം ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കാനഡയുടെ മൊത്തം കയറ്റുമതിയുടെ 70 ശതമാനത്തിലധികവും യു.എസിലേക്കാണ് പോകുന്നത്. അതിനാൽ താരിഫുകൾ കാനഡയ്ക്കാണ് കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുന്നത്.

**പ്രധാന വ്യവസായങ്ങളുടെ തകർച്ച:** സ്റ്റീൽ, അലുമിനിയം, ഓട്ടോമൊബൈൽ, ക്ഷീരമേഖല, മദ്യ കയറ്റുമതി എന്നിവയ്ക്ക് യു.എസ് അടിച്ചേൽപ്പിച്ച 25% മുതൽ 50% വരെയുള്ള കനത്ത താരിഫുകളും നിരോധനങ്ങളും വലിയ തിരിച്ചടിയായിട്ടുണ്ട്.

**തൊഴിൽ നഷ്ടവും ഉൽപ്പാദന തടസ്സവും:** അമേരിക്കൻ വിപണിയിലെ ഡിമാൻഡ് കുറയുന്നത് മൂലം കനേഡിയൻ ഫാക്ടറികളിൽ ഉൽപ്പാദനം കുറയ്ക്കേണ്ടി വരികയും ഇത് വലിയ തോതിലുള്ള തൊഴിൽ നഷ്ട ഭീഷണി ഉയർത്തുകയും ചെയ്യുന്നു.

**ഉപഭോക്തൃ വിലവർദ്ധനവ് (പണപ്പെരുപ്പം):** അമേരിക്കയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് കാനഡ തിരിച്ചടി താരിഫ് അടിച്ചേൽപ്പിച്ചതോടെ, കാനഡയിലെ സാധാരണക്കാർ വാങ്ങുന്ന വസ്ത്രങ്ങൾ, ഇലക്ട്രോണിക്സ്, പാക്കറ്റ് ഭക്ഷണങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവയുടെ വില ഉയർന്നു.

**നിക്ഷേപങ്ങളിലെ അനിശ്ചിതത്വം:** വ്യാപാര കരാറുകൾ (ഡടങഇഅ പോലുള്ളവ) അട്ടിമറിക്കപ്പെടുന്നത് കാനഡയിലേക്ക് വരാനിരുന്ന വിദേശ നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുകയും സാമ്പത്തിക വളർച്ചയെ മന്ദഗതിയിലാക്കുകയും ചെയ്തു.

## അമേരിക്കൻ സമ്പദ്വ്യവസ്ഥയ്ക്ക് ഏൽക്കുന്ന ആഘാതം

അമേരിക്കയുടെ ബൃഹത്തായ സാമ്പത്തിക ശേഷി കാരണം കാനഡയുടെ താരിഫുകൾ യു.എസ് ജി.ഡി.പിയെ മൊത്തത്തിൽ തകർക്കില്ലെങ്കിലും ചില മേഖലകളിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്.

**അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം:** കാനഡയിൽ നിന്നുള്ള സ്റ്റീൽ, അലുമിനിയം, മരം എന്നിവയ്ക്ക് താരിഫ് ചുമത്തിയതോടെ അമേരിക്കയിലെ നിർമ്മാണ മേഖലയ്ക്കും റിയൽ എസ്റ്റേറ്റിനും ചെലവേറി.

**അമേരിക്കൻ കാർഷികവ്യാവസായിക മേഖലയ്ക്ക് തിരിച്ചടി:** യു.എസ് ഉൽപ്പന്നങ്ങൾക്ക് (പാൽ ഉൽപ്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ, വീട്ടുപകരണങ്ങൾ) കാനഡ തിരിച്ചടിയായി താരിഫ് ഏർപ്പെടുത്തിയത് അമേരിക്കൻ കർഷകരുടെയും നിർമ്മാതാക്കളുടെയും വിപണി നഷ്ടപ്പെടുത്തി.

**അമേരിക്കൻ ഉപഭോക്താക്കൾക്ക് വിലക്കയറ്റം:** താരിഫ് എന്നത് യഥാർത്ഥത്തിൽ ഇറക്കുമതി ചെയ്യുന്ന കമ്പനികൾ നൽകേണ്ട തുകയായതിനാൽ, ആ അധിക ചെലവ് അമേരിക്കൻ ഉപഭോക്താക്കളുടെ തലയിലേക്കാണ് എത്തുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില അമേരിക്കയിലും വർദ്ധിക്കാൻ ഇത് കാരണമായി.

## പൊതുവായ ആഘാതം: സംയോജിത ഉൽപ്പാദന ശൃംഖലകളുടെ തകർച്ച

**ഓട്ടോമൊബൈൽ മേഖല:** യു.എസ് കാനഡ ഓട്ടോമൊബൈൽ മേഖല ഒന്നിച്ചാണ് പ്രവർത്തിക്കുന്നത്. ഒരു വാഹനം പൂർണ്ണമായി നിർമ്മിക്കപ്പെടുന്നതിന് മുൻപ് അതിന്റെ ഭാഗങ്ങൾ ഇരുരാജ്യങ്ങളുടെയും അതിർത്തി കടന്ന് പലതവണ സഞ്ചരിക്കാറുണ്ട്. ഈ അതിർത്തി കടക്കലുകളിൽ താരിഫ് ചുമത്തപ്പെടുന്നത് വാഹന നിർമ്മാണ ചെലവ് വൻതോതിൽ വർദ്ധിപ്പിച്ചു.

വ്യാപാര ബന്ധങ്ങളിലെ വിള്ളൽ: ഒരുകാലത്ത് ലോകത്തിലെ ഏറ്റവും വലിയ സ്വതന്ത്ര വ്യാപാര പങ്കാളികളായിരുന്ന ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരാന്തരീക്ഷത്തിൽ അവിശ്വാസം വളരുകയും ഭാവിയിലെ സാമ്പത്തിക സഹകരണത്തെ ഇത് ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു.

കാനഡയെ കൂടുതൽ സാമ്പത്തികമായി ബാധിക്കുന്ന ഒന്നാണ് ഈ യുദ്ധമെങ്കിലും, ഒടുവിൽ ഇരു രാജ്യങ്ങളിലെയും സാധാരണ ഉപഭോക്താക്കളും തൊഴിലാളികളുമാണ് വിലക്കയറ്റത്തിന്റെയും തൊഴിലില്ലായ്മയുടെയും രൂപത്തിൽ ഇതിന്റെ പ്രത്യാഘാതം അനുഭവിക്കുന്നത്.

യു.എസ്കാനഡ താരിഫ് തർക്കം ഇരു രാജ്യങ്ങളുടെയും സാമ്പത്തിക രംഗത്ത് വലിയ ആശങ്കകൾ ഉയർത്തുമ്പോഴും, അമേരിക്കയുടെ ബൃഹത്തായ സാമ്പത്തിക ശേഷിയും രാഷ്ട്രീയ ആധിപത്യവും കാനഡയെ കൂടുതൽ പ്രതിരോധത്തിലാക്കുകയാണ് ചെയ്യുന്നത്.

എന്നാൽ വ്യാജ നിഷ്പക്ഷതയുടെ പേരിൽ ട്രംപ് ഭരണകൂടത്തിന്റെ ഏകപക്ഷീയമായ സാമ്പത്തിക ആക്രമണങ്ങൾക്ക് മൃദുസമീപനം നൽകുന്ന അമേരിക്കൻ മാധ്യമ നിലപാട് അന്താരാഷ്ട്ര നയതന്ത്രത്തിലെ വലിയൊരു വീഴ്ചയായി മാറുന്നു.

അതിർത്തിക്കപ്പുറത്ത് നിന്നുള്ള സാമ്പത്തിക അടിച്ചമർത്തലുകളെയും തെറ്റായ പ്രചാരണങ്ങളെയും ചെറുക്കാൻ കാനഡയ്ക്ക് ഇനി സൗമ്യത മാത്രം പോരാ. തങ്ങളുടെ സാമ്പത്തിക പരമാധികാരവും വിപണിയും സംരക്ഷിക്കാൻ തന്ത്രപരമായ നയതന്ത്ര സമ്മർദ്ദങ്ങളും കൂടുതൽ ആക്രമണോത്സുകമായ ആശയവിനിമയ ശൈലിയും കാനഡ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ടെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ.

ഇല്ലെങ്കിൽ വടക്കേ അമേരിക്കയിലെ ഏറ്റവും സുദൃഢമായ ഒരു സാമ്പത്തിക പങ്കാളിത്തം കാലക്രമേണ തകരുകയും, അതിന്റെ അന്തിമ പ്രത്യാഘാതം ഇരു രാജ്യങ്ങളിലെയും സാധാരണ ഉപഭോക്താക്കൾ അനുഭവിക്കേണ്ടി വരികയും ചെയ്യുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

# ജന്മനാട്ടിൽനിന്ന് അകന്നാലും കാനഡയിലെ മിൽട്ടണിൽ പൊന്നോണം തുളുമ്പി

മിൽട്ടൺ: ജന്മനാടിന്റെ ഗൃഹാതുരത്വമുണർത്തിയും കേരളീയ പാരമ്പര്യത്തിന്റെ തനിമ കാത്തുസൂക്ഷിച്ചും കാനഡയിലെ മിൽട്ടണിലെ മലയാളി സുഹൃത്തുക്കൾ ഓണം ആഘോഷിച്ചു. ആഗസ്റ്റ് 22ന് ഹാൽട്ടൺ ഹിൽസിലെ ടൊറാകോട്ട കൺവെൻഷൻ ഏരിയായിൽ മിഥുൻ മുരളിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആഘോഷം പൂക്കളവും ഓണക്കളികളും വിഭവസമൃദ്ധമായ ഓണസദ്യയും കൊണ്ട് വർണാഭമായി.



എയ്റോസ്പേസ് ആൻഡ് ഡിഫൻസ് മാനുഫാക്ചറിംഗ് കമ്പനിയായ HPG Precinmac-ൽ ജോലി ചെയ്യുന്ന മലയാളി സുഹൃത്തുക്കളാണ് ആഘോഷത്തിൽ പ്രധാനമായും പങ്കെടുത്തത്. മിഥുൻ മുരളി, ബിജു പട്ടശ്ശേരിൽ എന്നിവർക്കൊപ്പം മറ്റ് മുപ്പതോളം പേരും ഒത്തചേർന്നു. ജോലിത്തിരക്കുകൾക്കിടയിൽ സമയം കണ്ടെത്തിയെത്തിയ സുഹൃത്തുക്കൾക്ക് കേരളത്തിന്റെ ദേശീയോത്സവമായ ഓണം ജന്മനാടിന്റെ ഓർമകൾ പങ്കുവെക്കാനും സൗഹൃദങ്ങൾ പുതുക്കാനുമുള്ള അവസരമായി.

ആഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നായ ഓണപ്പൂക്കളം എല്ലാവരും ചേർന്നാണ് ഒരുക്കിയത്. വിവിധ നിറങ്ങളിലുള്ള പൂക്കൾകൊണ്ട് തീർത്ത മനോഹരമായ പൂക്കളം ആഘോഷവേദിക്ക് കേരളീയത്തനിമ പകർന്നു. നാട്ടിലെ ഓണനാളുകളുടെ ഓർമകൾ പങ്കുവെച്ചും ഒരുമയുടെ സന്തോഷം അനുഭവിച്ചുമാണ് സുഹൃത്തുക്കൾ പൂക്കളമൊരുക്കിയത്.

തുടർന്ന് നടന്ന ഓണക്കളികൾ ആഘോഷത്തിന് ആവേശം പകർന്നു. വടംവലി, കസേരക്കളി, നാരങ്ങ സ്പൂൺ ഓട്ടം തുടങ്ങിയ മത്സരങ്ങളിൽ സുഹൃത്തുക്കൾ ഉത്സാഹത്തോടെ പങ്കെടുത്തു. പരസ്പരം പ്രോത്സാഹിപ്പിച്ചും കളിചിരികൾ പങ്കിട്ടും നടന്ന മത്സരങ്ങൾ ആഘോഷത്തിന്റെ മാറ്റുകൂട്ടി.

Marar's Kitchen തയ്യാറാക്കിയ പരമ്പരാഗത ഓണസദ്യയായിരുന്നു മറ്റൊരു പ്രധാന ആകർഷണം. വിവിധ കേരളീയ വിഭവങ്ങൾ ഉൾപ്പെടുത്തിയ വിഭവസമൃദ്ധമായ സദ്യ എല്ലാവർക്കുമായി വിളമ്പി. പ്രവാസമണ്ണിലും ജന്മനാടിന്റെ തനത് രുചികൾ ആസ്വദിക്കാൻ അവസരമൊരുക്കിയ സദ്യ, ഒത്തചേരലിനെ കൂടുതൽ ഹൃദ്യമാക്കി. ഒരുമിച്ചിരുന്ന് സദ്യയുണ്ണുകയും വിശേഷങ്ങൾ പങ്കുവെക്കുകയും ചെയ്ത സുഹൃത്തുക്കൾ ഓണത്തിന്റെ സന്തോഷം പങ്കിട്ടു.

ദേശത്തിന്റെയും ഭാഷയുടെയും അതിരുകൾക്കപ്പുറം മലയാളികളെ ചേർത്തുനിർത്തുന്ന സാംസ്കാരികോത്സവമാണ് ഓണം. ജാതിമതചിന്തകൾക്കതീതമായ ഒരുമയും സമത്വവും പങ്കുവെക്കലുമാണ് അതിന്റെ സന്ദേശം. സ്വന്തം നാടിന്റെ സംസ്കാരവും പാരമ്പര്യവും പ്രവാസജീവിതത്തിലും കാത്തുസൂക്ഷിക്കാനും വരുംതലമുറയ്ക്ക് പരിചയപ്പെടുത്താനും ഇത്തരം ഒത്തചേരലുകൾ അവസരമൊരുക്കുന്നു.

ജോലിത്തിരക്കുകളിൽനിന്ന് മാറി ഓണത്തിന്റെ സന്തോഷം പങ്കിട്ട ഈ കൂട്ടായ്മ സൗഹൃദത്തിന്റെയും ഒത്തൊരുമയുടെയും ഓർമയായി. ലോകത്തിന്റെ ഏതു കോണിലായാലും മലയാളിയുടെ ഹൃദയത്തിൽ ഒരു തുണ്ട് കേരളമുണ്ടെന്ന ഓർമപ്പെടുത്തൽ കൂടിയായി മിൽട്ടണിലെ സുഹൃത്തുക്കളുടെ പൊന്നോണാഘോഷം. ജന്മനാടിന്റെ മണ്ണിൽനിന്ന് അകന്നാലും മനസ്സിലെ ഓണത്തിന് മങ്ങലില്ലെന്ന സന്ദേശവുമായി ആഘോഷം സമാപിച്ചു.

*ഷിബു കിഴക്കേകുറ്റ്*

# കാനഡയിൽ നിർണ്ണായക സന്ദർശനവുമായി ഉക്രെയ്ൻ പ്രസിഡന്റ് സെലെൻസ്കി



ഉക്രെയ്ൻ പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കി കാനഡയിലെ കാൽഗറി നഗരത്തിൽ എത്തിച്ചേർന്നു. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുമായി കൂടിക്കാഴ്ച നടത്തുന്നതിനായാണ് അദ്ദേഹം എത്തിയത്. ഇരുരാഷ്ട്രത്തലവന്മാരും തമ്മിലുള്ള ചർച്ചകൾ അന്താരാഷ്ട്ര തലത്തിൽ വലിയ ശ്രദ്ധ നേടിയിട്ടുണ്ട്.

വ്യാഴാഴ്ച രാവിലെയാണ് ഇരുനേതാക്കളുടെയും ഔദ്യോഗിക ചർച്ചകൾ നിശ്ചയിച്ചിരിക്കുന്നത്. ആൽബർട്ടയിലെ ബാൻഫ് നഗരത്തിൽ നടക്കുന്ന മന്ത്രിസഭാ യോഗത്തിലും സെലെൻസ്കി പങ്കെടുത്ത് സംസാരിക്കും. ഉക്രെയ്നിനുള്ള തുടർച്ചയായ പിന്തുണയും പ്രതിരോധ സഹകരണങ്ങളും യോഗത്തിൽ പ്രധാന ചർച്ചയാകും.

പ്രതിരോധ രംഗത്തെ സഹകരണം കൂടുതൽ ശക്തമാക്കുന്നത് സംബന്ധിച്ച് പ്രധാനമന്ത്രി മാർക്ക് കാർണി വ്യക്തത വരുത്തി. സാമ്പത്തിക പങ്കാളിത്തവും ഊർജ്ജ മേഖലയിലെ സഹകരണങ്ങളും ഇരു നേതാക്കളും അവലോകനം ചെയ്യും. റഷ്യൻ ആക്രമണങ്ങളെ നേരിടുന്ന ഉക്രെയ്ന് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുമെന്ന് കാനഡ ആവർത്തിച്ചു വ്യക്തമാക്കി. ആയിരക്കണക്കിന് കോടി രൂപയുടെ സൈനിക സഹായങ്ങളാണ് കാനഡ ഉക്രെയ്ന് ഇതിനോടകം പ്രഖ്യാപിച്ചിട്ടുള്ളത്. ഉക്രെയ്ൻ ജനതയുടെ സുരക്ഷ ഉറപ്പാക്കാനും രാജ്യത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും കാനഡ മുൻകൈയെടുക്കുന്നുണ്ട്. ഇരു രാജ്യങ്ങളും തമ്മിലുള്ള ജനങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കാൻ ഈ സന്ദർശനം സഹായിക്കും.

കാൽഗറി സന്ദർശനത്തിന് ശേഷം സെലെൻസ്കിയും ഭാര്യ ഒലീന സെലെൻസ്കിയും ടൊറന്റോ, നോർത്ത് ബേ എന്നീ നഗരങ്ങളും സന്ദർശിക്കും. വെള്ളിയാഴ്ചയോടെ കാനഡ സന്ദർശനം പൂർത്തിയാക്കി അദ്ദേഹം മടങ്ങും. ഈ വർഷം ഉക്രെയ്ൻ പ്രസിഡന്റ് നടത്തുന്ന ആദ്യ കാനഡ സന്ദർശനമാണിത്.

റഷ്യയുമായുള്ള സംഘർഷങ്ങൾ തുടരുന്നതിനിടയിൽ ഉക്രെയ്ൻ നടത്തുന്ന നയതന്ത്ര നീക്കങ്ങൾ നിർണ്ണായകമാണ്. ആഗോളതലത്തിൽ ഉക്രെയ്ന് പിന്തുണ ഉറപ്പാക്കാൻ ഇത്തരം സന്ദർശനങ്ങൾ സഹായകരമാകുമെന്ന് നിരീക്ഷകർ കരുതുന്നു. കാനഡയും ഉക്രെയ്നും തമ്മിലുള്ള സൗഹൃദം ഇരുരാജ്യങ്ങളുടെയും തന്ത്രപ്രധാനമായ നയങ്ങളുടെ ഭാഗമാണ്.

റഷ്യൻ അധിനിവേശത്തെ ചെറുക്കുന്നതിൽ ഉക്രെയ്ൻ സൈന്യം കാണിക്കുന്ന ചെറുത്തുനിൽപ്പ് അന്താരാഷ്ട്ര തലത്തിൽ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. വ്യോമ പ്രതിരോധ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ സഖ്യകക്ഷികളുടെ സഹായം ഉക്രെയ്ൻ നിരന്തരം ആവശ്യപ്പെടുന്നുണ്ട്. കാനഡയുടെ പിന്തുണ ഉക്രെയ്ന് വലിയ ആശ്വാസമാണ് നൽകുന്നത്.

യൂറോപ്യൻ രാജ്യങ്ങളിലെ വിവിധ സുരക്ഷാ വെല്ലുവിളികളും ചർച്ചകളിൽ കടന്നുവരുമെന്നാണ് സൂചന. ആഗോള സമാധാനം നിലനിർത്തുന്നതിൽ കാനഡയും ഉക്രെയ്നും ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കൂടിക്കാഴ്ച വടക്കേ അമേരിക്കൻ യൂറോപ്യൻ നയതന്ത്ര ബന്ധങ്ങളിൽ പുതിയ വഴിതിരിവാകും.

# വ്യാപാര കരാറിനായി കാനഡ കൊതിക്കുകയാണെന്ന് ട്രംപ്; വികസന പദ്ധതികൾ അതിവേഗത്തിലാക്കാൻ മാർക്ക് കാർണി



അമേരിക്കയുമായി പുതിയ വ്യാപാര കരാർ ഒപ്പിടാൻ കാനഡ കൊതിക്കുകയാണെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രസ്താവിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാര ബന്ധം കൂടുതൽ വഷളായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് ട്രംപിന്റെ ഈ പുതിയ പരാമർശം. വൈറ്റ് ഹൗസിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവേയാണ് ട്രംപ് കാനഡയെ കടന്നാക്രമിച്ചത്.

കാനഡയിലെ പുതിയ പ്രധാനമന്ത്രി മാർക്ക് കാർണി അമേരിക്കൻ ഉപരോധ ഭീഷണികളെ പ്രതിരോധിക്കാൻ നിർണ്ണായക തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനിടയിലാണ് ട്രംപ് പ്രകോപനപരമായ പ്രസ്താവന നടത്തിയത്. കാനഡയ്ക്ക് അമേരിക്കയുമായുള്ള വ്യാപാരം അത്യന്താപേക്ഷിതമാണെന്നും അതിനാൽ അവർ കരാറിനായി കാത്തിരിക്കുകയാണെന്നും ട്രംപ് അവകാശപ്പെട്ടു. എന്നാൽ കനേഡിയൻ ഉൽപ്പാദകരുടെയും കർഷകരുടെയും താല്പര്യങ്ങൾ ബലികഴിച്ച് ഒരു കരാറിനും തങ്ങൾ തയ്യാറല്ലെന്ന നിലപാടിലാണ് ഒട്ടാവ.

അതേസമയം അമേരിക്കയുടെ നിരന്തരമായ വ്യവസായ ഉപരോധ നീക്കങ്ങളെ പ്രതിരോധിക്കാൻ കാനഡയിൽ വലിയ ഊർജ്ജവ്യാവസായിക പദ്ധതികൾ അതിവേഗം പൂർത്തിയാക്കാൻ പ്രധാനമന്ത്രി മാർക്ക് കാർണി നിർദ്ദേശം നൽകി. പദ്ധതികളുടെ പരിസ്ഥിതി പരിശോധനകളും അനുമതി നടപടികളും വേഗത്തിലാക്കാൻ പ്രത്യേകം നിയമാവലി തയ്യാറാക്കാനും ഭരണകൂടം തീരുമാനിച്ചു. അമേരിക്കൻ വിപണിയെ മാത്രം ആശ്രയിക്കുന്നത് ഒഴിവാക്കാനാണ് കാനഡയുടെ ഈ അടിയന്തിര നീക്കം.

വലിയ ക്രൂഡോയിൽ, സ്വാഭാവിക വാതകം, പുനരുപയോഗ ഊർജ്ജ പദ്ധതികൾ എന്നിവയ്ക്കുള്ള അനുമതി പ്രക്രിയ ലളിതമാക്കുമെന്ന് കാനഡ സർക്കാർ വ്യക്തമാക്കി. ഇതിലൂടെ വിദേശ നിക്ഷേപകരെ ആകർഷിക്കാനും യൂറോപ്യൻഏഷ്യൻ വിപണികളിലേക്ക് കയറ്റുമതി വർദ്ധിപ്പിക്കാനും സാധിക്കും. അമേരിക്കൻ ഉപരോധം മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്താൻ ഇത് സഹായിക്കുമെന്നാണ് കാർണിയുടെ വിലയിരുത്തൽ.

അമേരിക്കൻ വിപണിയിലെ തടസ്സങ്ങൾ കനേഡിയൻ കമ്പനികൾക്ക് വലിയ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. എങ്കിലും മറ്റ് ഭൂഖണ്ഡങ്ങളിലേക്ക് വിപണി വിപുലീകരിക്കുന്നത് ദീർഘകാലാടിസ്ഥാനത്തിൽ രാജ്യത്തിന് ഗുണം ചെയ്യുമെന്ന് സാമ്പത്തിക വിദഗ്ധരും ചൂണ്ടിക്കാണിക്കുന്നു. ഊർജ്ജ മേഖലയിലെ ഈ പുതിയ നയം കാനഡയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അതിർത്തി കടന്നുള്ള അതിവേഗ വ്യാപാരം പുനഃസ്ഥാപിക്കാൻ ഇരുരാജ്യങ്ങളിലെയും വ്യാപാരികൾ ആഗ്രഹിക്കുന്നുണ്ടെങ്കിലും രാഷ്ട്രീയ തർക്കങ്ങൾ പരിഹാരമില്ലാതെ തുടരുകയാണ്. കാനഡയുടെ പ്രാദേശിക വിപണി നയങ്ങളിൽ മാറ്റം വരുത്താതെ കരാറില്ലെന്ന ഉറച്ച നിലപാടിലാണ് ട്രംപ്. കാനഡയും സ്വന്തം സാമ്പത്തിക താല്പര്യങ്ങളിൽ ഉറച്ചുനിൽക്കുകയാണ്.

വരും ദിവസങ്ങളിൽ കനേഡിയൻ ഊർജ്ജ പദ്ധതികളുടെ പുതിയ പുനരവലോകന വിവരങ്ങൾ കാർണി ഭരണകൂടം ഔദ്യോഗികമായി പുറത്തുവിടും.

പ്രാദേശിക പ്രവിശ്യകളുടെ പിന്തുണയോടെ ഈ വൻ പദ്ധതികൾ നടപ്പിലാക്കാനാണ് തീരുമാനം. വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ ഈ സാമ്പത്തിക പോരാട്ടം കൂടുതൽ വഷളായേക്കാമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.



# യൂറോപ്പിനെപ്പോലെ കേരളത്തെയും പൊള്ളിക്കാൻ ഉഷ്ണ തരംഗം



ബാബു കദളിക്കാട്

മൺസൂൺ കാലം പിന്മാറുന്നതിനു മുമ്പു തന്നെ കേരളം ചുട്ടുപൊള്ളിത്തുടങ്ങി. പകൽ സഹിക്കാനാവാത്ത നിലയിൽ താപനില ഉയരുന്നത് കടുത്ത വേനലിന്റെ അവസ്ഥ സംസ്ഥാനത്ത് സൃഷ്ടിച്ചിരിക്കുന്നു. തണുത്ത കാറ്റിനും ചാറ്റൽമഴയ്ക്കും പേരുകേട്ട മലയാളനാട് കൊടും ചൂടിൽ വിയർക്കുകയാണ്. രാത്രി താപനിലയും അനിയന്ത്രിതമായി ഉയരുന്നു. സംസ്ഥാനം നേരിടുന്ന ചൂടിന്റെ ചരിത്രം വളരെ പ്രകടമായിത്തന്നെ മാറിവരുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 1.15 ഡിഗ്രി സെൽഷ്യസ് തോതിലാണ് കേരളത്തിൽ വർഷം തോറും ചൂടു കൂടിവരുന്നതെന്ന വിവരം ആശങ്ക ജനിപ്പിക്കുന്നു.

പ്രകൃതിയുടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഇരയായി കേരളം മാറിക്കൊണ്ടിരിക്കുന്നു എന്നതിന്റെ ലക്ഷണം കൂടിയാണ്, മൺസൂൺ കാലത്തു പോലും ചൂട് അസാധാരണമാകുന്നത്. മഴ ഒഴിയും മുമ്പേ ചൂട് കനത്തിരിക്കുന്ന ഈ അവസ്ഥ നിരവധി ആരോഗ്യപ്രശ്നങ്ങൾക്കും കടുത്ത വൈദ്യുതി ക്ഷാമത്തിനും ഇടയാക്കുന്നതാണ്. പാലക്കാട്, കൊല്ലം, തൃശൂർ തുടങ്ങിയ ജില്ലകളിൽ താപനില റെക്കോഡുകൾ ഭേദിച്ച് മുന്നേറുന്നു. പ്രവചനാതീതമായ ഈ കാലാവസ്ഥാ വ്യതിയാനം ഉയർത്തിയിരിക്കുന്ന ഭീഷണികൾ ചെറുതല്ല.

കേരളമുൾപ്പെടുന്ന മേഖല പൊതുവെ മിതമായ ഉഷ്ണമേഖലാ കാലാവസ്ഥയുള്ള ഇടമാണെന്നു പറയപ്പെടുന്നുണ്ടെങ്കിലും കുറച്ചു ദശകങ്ങളായി ഇതിൽ കാതലായ മാറ്റങ്ങൾ സംഭവിക്കുന്നു. അന്തരീക്ഷ താപനിലയിൽ ഏതാനും ദിവസങ്ങളായി ശരാശരിയിൽ നിന്ന് രണ്ടു മുതൽ നാല് ഡിഗ്രി സെൽഷ്യസിലേറെ വർദ്ധനയാണ് രേഖപ്പെടുത്തുന്നത്. സ്ഥിതി ഇനിയും രൂക്ഷമായാൽ സൂര്യാഘാത സൂര്യാതപ ഭീഷണികളും നേരിടേണ്ടി വരും. പകൽ 11 മുതൽ 3 മണിവരെയുള്ള സമയങ്ങളിൽ പുറത്തിറങ്ങരുതെന്ന ദുരന്ത നിവാരണ അതോറിട്ടിയുടെ മുന്നറിയിപ്പ് ഇപ്പോൾ തന്നെ നിലവിലുണ്ട്. അന്തരീക്ഷ മർദ്ദ വ്യതിയാനങ്ങളും ആഗോള താപനവുമാണ് ഈ കഠിനമായ ചൂടിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും കൃഷിക്കും ജലസ്രോതസുകൾക്കും ഒരുപോലെ സമ്മർദവും ആശങ്കയും ഒപ്പം ഭീഷണിയും സൃഷ്ടിക്കുന്ന കാലാവസ്ഥാ മാറ്റം കേരളത്തിന് ആപൽസൂചനയാണെന്ന കാര്യത്തിൽ തർക്കമുണ്ടാവില്ല. തെക്കു പടിഞ്ഞാറൻ കാലവർഷമായ ഇടവപ്പാതി സെപ്തംബർ 30 വരെയാണ്. എന്നാൽ ചില ദിവസങ്ങളൊഴികെ കാര്യമായ രീതിയിൽ മഴയുണ്ടാകുമെന്ന് വിദഗ്ധ നിരീക്ഷകർ കരുതുന്നില്ല. കേരളത്തിന് കാലവർഷം ഇക്കുറി നിരാശയാണ് സമ്മാനിച്ചത്. ജൂൺ മുതൽ ഓഗസ്റ്റ് അവസാനം വരെ ശരാശരി 1,767. 9 മില്ലീ മീറ്റർ മഴ ലഭിക്കേണ്ട സ്ഥാനത്ത് 1,367. 6 മില്ലീ മീറ്റർ മാത്രമാണ് ലഭിച്ചത്. എൽനിനോ പ്രതിഭാസം ശക്തിപ്പെടുന്നതാണ് മഴ കുറയുന്നതുൾപ്പെടെയുള്ള കാലാവസ്ഥാ മാറ്റങ്ങൾക്ക് കാരണമെന്നും വിദഗ്ധർ പറയുന്നു.

ജലസ്രോതസുകളുടെ നാശം, കുളങ്ങൾ, അരുവികൾ, നദികൾ, മറ്റ് ജലാശയങ്ങൾ എന്നിവയിലെ ജലവിതാനത്തിന്റെ കുറവ് എന്നിവ ഭൂഗർഭജലത്തെ ബാധിക്കും. മഴമാറും മുമ്പുതന്നെ ചില ഭാഗങ്ങളിൽ കുടിവെള്ള പ്രതിസന്ധിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയത് നിസാരമായി കാണാനാകില്ല. അന്തരീക്ഷ താപനില കൂടുന്നത് കള്ളക്കടൽ പ്രതിഭാസം, തീരശോഷണം, ജന്തുജാലങ്ങൾക്ക് ഭീഷണി തുടങ്ങി ആവാസവ്യവസ്ഥയിൽ പ്രതികൂലമായ വലിയ മാറ്റങ്ങൾക്ക് കാരണമാകും. അതേസമയം, എൽനിനോ പ്രതിഭാസത്തിനിടെ മഴക്കുറവുണ്ടാകുന്നതോടൊപ്പം അപ്രതീക്ഷിതമായി പൊടുന്നനെ തീവ്രമഴ രൂപപ്പെടുന്നതും മിന്നൽപ്രളയങ്ങളുണ്ടാവുന്നതും ആശങ്കപ്പെടുത്തുന്നതാണ്. ഓഗസ്റ്റ് മാസം കേരളത്തിൽ പ്രളയസമാനമായ രീതിയിൽ തീവ്രമഴയും ഉരുൾപൊട്ടലുകളും ഉണ്ടായത് അപായ സൂചനതന്നെയാണ്.

## എങ്ങും തിരിച്ചടി

കേരളത്തിലെ ഉയർന്ന താപനില 2024 ൽ 38നും 42നും ഇടയിലായിരുന്നു. പരമ്പരാഗതമായി പാലക്കാട് ഉൾപ്പെടെയുള്ള മേഖലകളിലാണ് കൂടുതൽ ചൂട് അനുഭവപ്പെട്ടിരുന്നതെങ്കിൽ ഇപ്പോഴത് സ്ഥലമേഖലാ വ്യത്യാസമില്ലാതെ എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. ഫാൻ നോക്കുവസ്തുവാകവേ കൂടുതൽ പേർ എസിയെ ആശ്രയിക്കുന്നു. സംസ്ഥാനത്തെ വൈദ്യുതി ഉപയോഗത്തിൽ 500 – 600 മെഗാവാട്ട് വരെ വർദ്ധനയുണ്ടാകുമെന്നാണ് കെ.എസ്.ഇ.ബിയുടെ വിലയിരുത്തൽ. രാജ്യത്താകെ വൈദ്യുതിക്ഷാമം നിലനിൽക്കുകയാണ്. ആവശ്യമായ വൈദ്യുതി പവർ എക്സ്ചേഞ്ചുകളിൽ നിന്ന് ലഭിക്കുന്നില്ല. ചൂട് കൂടുന്നതോടെ ഉപഭോഗത്തിൽ വലിയ വർധനയുണ്ടാകും. നിലവിലെ ആവശ്യത്തിനുപോലും തികയാത്തവിധത്തിലാണ് കേരളത്തിലെ വൈദ്യുതി ഉൽപാദനശേഷി എന്നിരിക്കെ കൂടുതൽ നിയന്ത്രണ നടപടികളിലേക്ക് കടക്കുന്നത് മറ്റൊരു ഇരുട്ടടിയായി മാറും.

കൽക്കരി ക്ഷാമം കണക്കിലെടുത്ത് രാജ്യത്തെ താപനിലയങ്ങൾ വൈദ്യുതി ഉത്പാദനം കുറച്ചതോടെ കേരളം കൂടുതൽ പ്രതിസന്ധിയിലാണ്. 36 ദശലക്ഷം വൈദ്യുതിയാണ് കേന്ദ്ര ഗ്രിഡിൽ നിന്നും പ്രതിദിനം ലഭിക്കുന്നത്. ഇതിൽ 12 ദശലക്ഷം യൂണിറ്റ് കുറഞ്ഞു. രാജ്യത്തെ 190 താപനിലയങ്ങളിൽ 50 എണ്ണവും പ്രവർത്തനം നിലയ്ക്കുന്ന സ്ഥിതിയിലാണ്. വൈകിട്ട് 6 നും 12നുമിടയിൽ ഇപ്പോൾതന്നെ ലോഡ് ഷെഡിംഗ് നടപ്പാക്കിയിട്ടുണ്ട്. വേനൽ ഈ രീതിയിൽ തുടരുന്ന സാഹചര്യത്തിൽ ലോഡ് ഷെഡിംഗിന്റെ ദൈർഘ്യം കൂട്ടേണ്ടിവരുന്ന അവസ്ഥയും അകലെയല്ല. നിർമ്മാണ രംഗത്തും വൈദ്യുതി നിയന്ത്രണം ബാധകമായതിനാൽ ആ രംഗത്തെ പുരോഗതിയെ ഇത് കാര്യമായി ബാധിക്കും.

മനുഷ്യരെ മാത്രമല്ല, നാട്ടിലെ മൃഗങ്ങളെയും കാട്ടിലെ വന്യമൃഗങ്ങളെയും വേനൽ പല രീതിയിലും കുഴപ്പത്തിലാക്കും. ജലാശയങ്ങൾ വരളുന്നതിനാൽ വന്യജീവികൾ ജനവാസ മേഖലയിലേക്ക് ഇറങ്ങാനുള്ള സാദ്ധ്യത പ്രതിസന്ധിയുടെ ആഴം കൂട്ടുന്നതാണ്.

ആരോഗ്യമേഖലയിലാണ് ആഘാതമേറെ. ചൂട് ക്രമാതീതമായി കൂടിയതോടെ പലവിധ പകർച്ചവ്യാധികളുടെ പിടിയിലാണ് കേരളം. രണ്ടാഴ്ചയിലേറെ നീണ്ടുനിൽക്കുന്ന പനിയാണ് കാലാവസ്ഥാമാറ്റത്തിലൂടെ പലർക്കുമുണ്ടായത്. പനി, ജലദോഷം, ശ്വാസകോശ സംബന്ധ അസുഖങ്ങൾ, നിർജലീകരണം തുടങ്ങി പല വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും കുറച്ചു ദിവസങ്ങളായി കേരളത്തെ അലട്ടുകയാണ്.

താപനിലയിലെ മാറ്റം ഏറ്റവും അധികമായും വേഗത്തിലും ബാധിക്കുന്നത് കാർഷികരംഗത്താണ്. വിളകളുടെ വളർച്ച, പൂക്കൽ, കായ്ക്കൽ എന്നിവയെയെല്ലാം അതിതാപം ദോഷകരമായി ബാധിച്ചുതുടങ്ങിയെന്നാണ് കർഷകർ പറയുന്നത്. മഴക്കുറവിനൊപ്പം കൂടിയ ചൂട് ഇക്കുറി നാണ്യവിളകൾക്കും പഴവർഗങ്ങൾക്കും വലിയ തിരിച്ചടിയായി മാറുമെന്നാണ് ആശങ്ക. താപനില ഉയരുന്നതോടെ കർഷകരും മത്സ്യത്തൊഴിലാളികളും തുടങ്ങി പകൽസമയങ്ങളിൽ വെയിലിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് തൊഴിലാളികളെയും അതിതാപം പ്രതികൂലമായി ബാധിക്കും.

ആഗോളതലത്തിൽ ശക്തിപ്രാപിക്കുന്ന സൂപ്പർ എൽനിനോ ഇന്ത്യൻ മഹാസമുദ്രത്തിന്റെ കാലാവസ്ഥാ ഭൂപടം മാറ്റിമറിച്ചതാണ് ഇത്തരത്തിൽ മഴക്കുറവും കഠിനതാപവും തീവ്രമഴയും മിന്നൽ പ്രളയവും സൃഷ്ടിക്കുന്നത്. താപനിലയിലെ ക്രമാതീതമായ ഉയർച്ച ഒറ്റപ്പെട്ട ഉഷ്ണകാല പ്രതിഭാസമായി കണക്കാക്കാനാകില്ല. മറിച്ച് കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി വന്ന മാറ്റമാണത്. കാർബൺ ഡൈഓക്സൈഡ്, മീഥെയ്ൻ തുടങ്ങിയ ഹരിതഗൃഹ വാതകങ്ങളുടെ വർധനയാണ് ഭൂമിയുടെ ശരാശരി താപനില ഉയരാൻ കാരണം. വനനശീകരണം, അതിദ്രുത നഗരവൽക്കരണം, ആഗോളതാപനമുൾപ്പെടെയുള്ള കാലാവസ്ഥാവ്യതിയാനം എന്നിവ കാരണമാണ് കണ്ടുശീലമില്ലാത്ത കാലാവസ്ഥയുടെ രൗദ്രഭാവങ്ങൾ അനുഭവിക്കേണ്ടിവരുന്നത്.

## 'ഒമേഗ ബ്ലോക്ക്'

''മേഗ ബ്ലോക്ക്' എന്ന പ്രതിഭാസത്താൽ കനത്ത ഉഷ്ണതരംഗത്തിൽ വലഞ്ഞതിന്റെ തീവ്ര അനുഭവത്തിൽ നിന്ന് ഫ്രാൻസ്, ഇറ്റലി, ബ്രിട്ടൻ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങൾ ഇനിയും കര കയറിയിട്ടില്ല. കേരളത്തിലും ഇതേ ദുരവസ്ഥ വന്നുപെടുമോയെന്ന് യൂറോപ്പിലുള്ള മലയാളികൾ ഭയക്കുന്നു. ഫ്രാൻസിൽ 80 വർഷത്തിന് ശേഷം ഏറ്റവും ചൂടുകൂടിയ ദിവസങ്ങൾ ആണ് കടന്നുപോയത്. മുങ്ങിമരിച്ചത് 48 പേർ. കാറിനുള്ളിൽപെട്ട രണ്ട് കുട്ടികളടക്കം വേറെയും മരണങ്ങൾ റിപ്പോർട്ട് ചെയ്തു. പവർകട്ട് കാരണമുള്ള ചൂട് വേറെ. ഇറ്റലിയിൽ 16 നഗരങ്ങളിൽ താപനില മുന്നറിയിപ്പ് വന്നു. ബ്രിട്ടനിലും ചൂട് കൂടി. സ്പെയിനിലും മരണങ്ങൾ സംഭവിച്ചു. 2003 ഓഗസ്റ്റിലും ഉണ്ടായിരുന്നു ഇത്രയും തന്നെ ചൂട്. 16 ദിവസം നീണ്ടുനിന്നു. രേഖപ്പെടുത്തിയത് 80,000 മരണം.

മറ്റിടങ്ങളേക്കാൾ ചൂട് കൂടിവരുന്നുണ്ടായിരുന്നു യൂറോപ്പിൽ. കാലാവസ്ഥാ റിപ്പോർട്ടുകൾ മുന്നറിയിപ്പും നൽകുന്നുണ്ടായിരുന്നു. ഉഷ്ണതരംഗങ്ങളും കനത്ത മഴയും വെള്ളപ്പൊക്കവും പതിവായിട്ട് പതിറ്റാണ്ടുകളായി. മനുഷ്യന്റെ പ്രവൃത്തികൾ തന്നെയാണ് കാരണം. കുറച്ചുകാലമായി യൂറോപ്പിൽ ആൽബിഡോ പ്രഭാവവും കണ്ടുതുടങ്ങിയിരുന്നു. ഇതു മൂലം സൂര്യപ്രകാശം തിരികെ പ്രതിഫലിക്കുന്നു. ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകുന്നതും യൂറോപ്പിൽ ചൂടുകൂടാൻ കാരണമാണ്. സമുദ്രങ്ങൾക്ക് മുകളിലെ വെളുത്ത മഞ്ഞുപാളികൾ പ്രകൃതിദത്തമായ എയർകണ്ടീഷണറാണ്. മഞ്ഞ് സൂര്യന്റെ ചൂട് പ്രതിഫലിപ്പിച്ച് തിരിച്ചയക്കുകയാണ് ചെയ്യുക. പക്ഷേ, മഞ്ഞില്ലാത്തതിനാൽ ധ്രുവപ്രദേശത്തെ സമുദ്രത്തിലേക്കാണ് സൂര്യപ്രകാശം വീഴുന്നത്. സമുദ്രം അത് ആഗിരണം ചെയ്യുന്നു. അങ്ങനെയും ചൂട് യൂറോപ്പ് വരെയെത്തും.

കാലാവസ്ഥാവ്യതിയാനം ഒരു ദീർഘകാല പ്രതിഭാസമായി കണക്കാക്കി അതിനുള്ള മുന്നൊരുക്കങ്ങളും പരിഹാരക്രിയകളും നടത്തുകയാണ് വേണ്ടത്. ഹരിത മേഖലകളെ സംരക്ഷിക്കാനും നിലനിറുത്താനുമുള്ള വികസന നയങ്ങൾക്കു ഭരണകൂടങ്ങൾ മനസിരുത്തേണ്ടത് അനിവാര്യം. കേരളം നേരിടുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രതിസന്ധിയെക്കുറിച്ച് വിദഗ്ദ്ധ സംഘത്തിന്റെ പഠനവും ആവശ്യമാണെന്ന് കാര്യവിവരമുള്ളവർ പറയുന്നു. കേരളത്തിന്റെ താപനില നിയന്ത്രിച്ചുനിർത്തുന്നതിൽ പ്രകൃതിയുടെ വരദാനമായ പശ്ചിമഘട്ട മലനിരകളുടെ പ്രാധാന്യം ഏറെയാണ്. എന്നാൽ, വനനശീകരണം, ലക്കും ലഗാനുമില്ലാത്ത ഭൂവിനിയോഗം, നിർമാണപ്രവൃത്തികൾ, കൈയേറ്റം തുടങ്ങിയവ കാരണം പശ്ചിമഘട്ടം അതീവ ദുർബലമായി മാറിയിരിക്കുന്നു.

പശ്ചിമഘട്ട സംരക്ഷണത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ച അനുവദിച്ചാൽ കേരളം വൈകാതെ വലിയ വിഷമത്തിലാകുമെന്നു വ്യക്തം. സംസ്ഥാനത്ത് ജലസംരക്ഷണം പ്രഥമ പരിപാടിയായി നടപ്പാക്കേണ്ടതുണ്ട്. തുള്ളി വെള്ളംപോലും പാഴാക്കാൻ പാടില്ലെന്ന ശീലം കുട്ടികൾ മുതൽ മുതിർന്നവർ വരെ പിന്തുടരണം. മഴവെള്ള സംഭരണം നിയമമാക്കണം. ഒരു മരം മുറിക്കുമ്പോൾ പേരിന് നാല് മരം നടുകയല്ല, അത് പരിപാലിക്കാനുള്ള നിയമപരമായ ബാധ്യത ഉറപ്പാക്കണം. കുളങ്ങളും തണ്ണീർത്തടങ്ങളും നിയമം മൂലം സംരക്ഷിതമാക്കണം. പ്രാദേശിക ഹോട് സ്പോട്ടുകൾ കണ്ടെത്തി അതിനെ മറികടക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടുന്ന രീതിയിൽ കാർഷിക മേഖലയിൽ നവീകരണം നടപ്പാക്കുക കൂടി വേണം. ആവാസവ്യവസ്ഥയെ സംരക്ഷിക്കാൻ അനിവാര്യമായ കർശന നടപടികൾക്കുള്ള പ്രേരണ അധികാരികൾക്കേകുമോ ഇപ്പോഴത്തെ കൊടും ചൂടെന്നതാണ് നിർണ്ണായക ചോദ്യം.





## ജോർജി വർഗീസ് ഫൊക്കാന കേരളാ കൺവെൻഷൻ ചെയർമാൻ, പോൾ കറുകപ്പിള്ളിൽ കോഓർഡിനേറ്റർ, കോശി കുരുവിള രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാൻ

2027 ജനുവരി 11, 12,13 തിയതികളിൽ കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് വെച്ച് നടക്കുന്ന കേരളാ കൺവെൻഷൻ ചെയർമാനായി മുൻ ഫൊക്കാന പ്രസിഡന്റ് ജോർജി വർഗീസ് (ഫ്ളോറിഡ), കോർഡിനേറ്ററായി മുൻ ഫൊക്കാന പ്രസിഡന്റ് പോൾ കറുകപ്പിള്ളിൽ, രെജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായി കോശി കുരുവിള എന്നിവരെ തിരഞ്ഞെടുത്തു. ഫ്രാൻസിസ് കിഴക്കേകൂറ്റ് റിസപ്ഷൻ കമ്മിറ്റി ചെയർമാൻ ആയും ഷീല ജോസഫ് വൈസ് ചെയർപേഴ്സണായും പ്രവർത്തിക്കും.

2020–2022 കാലയളവിൽ ഫൊക്കാനയെ നയിച്ച പ്രസിഡന്റാണ് ജോർജി വർഗ്ഗീസ്. ഫൊക്കാന ടുഡേ എഡിറ്റർ, ട്രസ്റ്റി ബോർഡ് അംഗം, ട്രസ്റ്റി ബോർഡ് ചെയർമാൻ, ഇലക്ഷൻ കമ്മീഷൻ ചെയർമാൻ തുടങ്ങി നിരവധി പദവികൾ വഹിച്ചു.

ഫൊക്കാന കേരളാ കൺവൻഷൻ കോ–ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട പോൾ കറുകപ്പിള്ളിൽ ഫൊക്കാനയുടെ മുൻ പ്രസിഡന്റാണ്. ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ, കേരളാ കൺവൻഷൻ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു. രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായ കോശി കുരുവിള ഫൊക്കാനയുടെ വിവിധതലങ്ങളിൽ സേവനം അനുഷ്ഠിച്ച മികച്ച സംഘാടകനാണ്. കലഹാരി കൺവെൻഷൻ രജിസ്ട്രേഷൻ, റീജിയണൽ വൈസ് പ്രസിഡന്റ് മുതലായി സ്തുത്യർഹമായ ചുമതലകൾ നിർവഹിച്ചു. റിസപ്ഷൻ കമ്മിറ്റി ചെയർമാനായ ഫ്രാൻസിസ് കിഴക്കേകൂറ്റ് ഷിക്കാഗോയിലെ പ്രമുഖ പൊതു പ്രവർത്തകനും, ഉഴവൂർ അലുംമ്നി അസോസിയേഷൻ പ്രസിഡന്റുമായി പ്രവർത്തിച്ചിട്ടുണ്ട്.

വൈസ് ചെയർപേഴ്സണായ ഷീല ജോസഫ്, ഫൊക്കാനയുടെ വിവിധ ചുമതലകൾ നിർവഹിച്ചു. മികച്ച സംഘാടകയും, മിഡ് ഹഡ്സൺ അസോസിയേഷന്റെ മുൻ പ്രസിഡന്റും, ഇപ്പോൾ ന്യൂജേഴ്സി നാമം അസോസിയേഷന്റെ കമ്മറ്റി മെമ്പറുമാണ്.

ജോർജി വർഗീസ്, പോൾ കറുകപ്പിള്ളിൽ, കോശി കുരുവിള, ഫ്രാൻസിസ് കിഴക്കേകൂറ്റ്, ഷീല ജോ സഫ് എന്നിവരുടെ നിയമനത്തോട് കൂടി ഫൊക്കാന കേരളാ കൺവൻഷൻ എന്തുകൊണ്ടും ശ്രദ്ധേയമായിരിക്കുമെന്ന് ഫൊക്കാനാ പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അറിയിച്ചു.

## ഫോമാ ദേശീയ കൺവെൻഷന്റെ ഉജ്ജ്വല വിജയം; പ്രസിഡന്റ് ബേബി മണക്കുന്നേലിനെ ആദരിച്ചു



ഹൂസ്റ്റൺ: ഫോമാ ദേശീയ കൺവൻഷൻ ഹൂസ്റ്റണിൽ വിജയകരമായി സംഘടിപ്പിക്കുന്നതിന് മികച്ച നേതൃത്വം നൽകിയ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലിനെ അഭിനന്ദിക്കുന്നതിനും ആദരിക്കുന്നതിനുമായി ഓഗസ്റ്റ് 30 ഞായറാഴ്ച വൈകുന്നേരം അപ്നാ ബസാർ ഓഡിറ്റോറിയത്തിൽ ഹൂസ്റ്റൺ സംഘാടക സമിതി പ്രത്യേക യോഗം സംഘടിപ്പിച്ചു.

കൺവൻഷന്റെ വിജയത്തിൽ ബേബി മണക്കുന്നേലിന്റെ നേതൃത്വവും അർപ്പണബോധവും നിർണായക പങ്കുവഹിച്ചതായി യോഗത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ക്ഷമ, വിനയം, എല്ലാവരെയും ഒരുമിച്ച് നയിക്കാനുള്ള കഴിവ് എന്നിവയെ പ്രഭാഷകർ പ്രത്യേകം പ്രശംസിച്ചു. സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഡിസ്ട്രിക്ട് ജഡ്ജി സുരേന്ദ്രൻ കെ.പട്ടേൽ, ജഡ്ജി ജൂലി മാത്യു, പോലീസ് ക്യാപ്ടൻ മനു പൂപ്പാറയിൽ എന്നീ പ്രമുഖർ യോഗത്തിൽ പങ്കെടുത്തു. ബേബി മണക്കുന്നേലിന് മെമെന്റോയും പൊന്നാടയും നൽകി ആദരിച്ചു.

ഫോമാ നാഷണൽ കമ്മിറ്റി അംഗം ജിജു കുളങ്ങര യോഗത്തിൽ അധ്യക്ഷത വഹിച്ചു. മീറ്റിംഗിന്റെ പ്രധാന സംഘാടകനും കൺവൻഷൻ റിസപ്ഷൻ കമ്മിറ്റി ചെയർമാനുമായ ജോയ് എൻ. സാമുവൽ അതിഥികളെയും സന്നിഹിതരായവരെയും സ്വാഗതം ചെയ്തു. ഫോമാ മുൻ സെക്രട്ടറിയും മുൻ ട്രഷററുമായ ഷാജി എഡ്വേർഡ് പരിപാടിയുടെ എംസിയായി പ്രവർത്തിച്ചു.

രാജൻ യോഹന്നാൻ സെക്യൂരിറ്റി ചെയർ, രജേഷ് മാത്യു ട്രാൻസ്പോർട്ടേഷൻ ചെയർ, സൈമൺ വളച്ചേരിൽ & ജീമോൻ റാന്നി മീഡിയ ചെയർ & കോ ചെയർ, പ്രസാദ് ഉമ്മൻ (ബിസിനസ് ഫോറം ചെയർ) & ജോൺ ഡബ്ലിയു വർഗീസ്, ഡോ. റെയ്ന റോക്ക് ഹെൽത്ത് ഫെയർ ചെയർ & കൺവെൻഷൻ എംസി, മൈക്കിൾ ജോയ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട റീജിണൽ ആർവിപി, ക്രിസ് ആൻഡ് ആൻസി (കൺവെൻഷൻ എംസി), സാജൻ ആൻഡ് മെർലിൻ (കൺവെൻഷൻ എംസി), സുരേഷ് രാമകൃഷ്ണൻ (അപ്ന ബസാർ), ജോർജ് തോമസ് (ബാബു ടിജി എംപ്രസ്സ്), ഡോ.സാം ജോസഫ് (ഫോമാ പത്താം വാർഷികം ആർവിപി) തുടങ്ങിയ മുൻനിര പ്രവർത്തകരെയും സന്നദ്ധ പ്രവർത്തകരെയും ചടങ്ങിൽ ആദരിച്ചു.

കൺവെൻഷന്റെ ഭക്ഷണക്രമീകരണങ്ങൾക്കു ചുക്കാൻ പിടിച്ച എസ്.കെ ചെറിയാനെ പ്രത്യേകം അഭിനന്ദിച്ചു. സാലി ശാമുവേലും സിൽവിയ ഷാജിയും ചേർന്ന് ആനി ഫിലിപ്പ് മണക്കുന്നേലിന് പുഷ്പഹാരം നൽകി ആദരിച്ചു. എം.ജി മാത്യുവിന്റെ ചിരിയരങ്ങു സമ്മേളനത്തിന് മാറ്റു കൂടി, അദ്ദേഹം മണക്കുന്നേലിന് ഹാരമണിയിച്ചു. അനിൽ ആറന്മുള, എബ്രഹാം ഈപ്പൻ, അഡ്വ. മാത്യു വൈരമൺ, സണ്ണി കാരിക്കൽ, സുനിൽ കോര & റാണി , ജോർജ് കോളച്ചേരിൽ, രമേശ് അത്തിയോടി, ലിജി ഉമ്മൻ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ച് സംസാരിച്ചു.

ഫോമാ സ്ഥാപക പ്രസിഡന്റ് ശശിധരൻ നായർ, കൺവെൻഷൻ ചെയർ സുബിൻ കുമാരൻ, തോമസ് ഒലിയാംകുന്നേൽ & പൊടിയാമ്മ പിള്ള (പ്രോസഷൻ നാഷണൽ, റീജിയണൽ ചെയർ) നാഷണൽ കമ്മിറ്റി മെമ്പർ എലെക്ട് തോമസ് ജോർജ് (സഞ്ജു), ഡെന്നിസ് മാത്യു & സലിൽ മുഹമ്മദ് (സെക്യൂരിറ്റി), ശശി പിള്ള തുടങ്ങിയവരുടെ പ്രവർത്തനങ്ങളെ പ്രത്യേകം ശ്ലാഘിച്ചു. ജോർജ് തെക്കേമല, മോട്ടി മാത്യു, സജി പുല്ലാട് എന്നിവർ സമ്മേളനത്തിന്റെ മീഡിയ ടീമിന് നേതൃത്വം നൽകി. നാഷണൽ കമ്മിറ്റി മെമ്പർ ഇലെക്ട് ക്രിസ്റ്റഫർ ജോർജ് നന്ദി പ്രകാശിപ്പിച്ചു. വിഭവസമൃദ്ധമായ ഡിന്നറോടു കൂടി സമ്മേളനം സമാപിച്ചു.

*ജീമോൻ റാന്നി*





JAMES AUTO GROUP
800+ CARS AVAILABLE.
DRIVE MORE. PAY LESS.
ONLY AT JAMES AUTO GROUP!
www.jamesauto.ca
BROWSE OUR INVENTORY TODAY!
Stratford NISSAN
ALL-NEW 2026
ROGUE
FINANCE FROM
$229
BIWEEKLY
Stratford KIA
ALL-NEW 2027
SELTOS
ALL NEW. ALL YOU.
$99 WEEKLY FINANCE
MISSISSAUGA
CHRYSLER
0%
FINANCING
FOR 84 MONTHS OAC
2026 JEEP
WRANGLER
OAKVILLE MITSUBISHI
MITSUBISHI MOTORS
2026 PHEV
FINANCE FOR
3.99%
FOR UP TO
84 MONTHS
MISSISSAUGA
USED CAR SUPERSTORE
PRE-OWNED VEHICLES!
GET A
$250
GAS CARD
WITH EVERY
PRE-OWNED PURCHASE!
GAS CARD
Stratford NISSAN
2001 ONTARIO ST EAST
STRATFORD, ON N5A 6S5
(519) 273-3119
KIA Stratford
STRATFORD KIA
863 ERIE ST
STRATFORD, ON N4Z 0A6
(519) 508-5755
OAKVILLE MITSUBISHI
MITSUBISHI MOTORS
OAKVILLE MITSUBISHI
1450 SPEERS RD
OAKVILLE, ON L6L 2X6
(905) 847-3822
MISSISSAUGA USED CAR SUPERSTORE
225 DUNDAS ST. E
MISSISSAUGA, ON L5A 1W8
(905) 866-4000
MISSISSAUGA CHRYSLER
Jeep RAM
MISSISSAUGA CHRYSLER
2260 BATTLEFORD RD
MISSISSAUGA, ON L5N 3K6
(905) 567-1700
*T&C APPLY - PLEASE SEE DEALER FOR DETAILS AND LATEST OFFERS. INCENTIVES ARE BASED ON SEPTEMBER 2026 PROGRAMS AND MAY BE SUBJECT TO CHANGE. ON SELECT MODELS & TRIMS ONLY


CELEBRATING 48 MOHANLAL YEARS
വിസ്മയനടനം 02

# അമർഷങ്ങളുടെ അങ്കത്തട്ട്

**മികച്ച നടനുള്ള പുരസ്കാരം മോഹൻലാലിന്! അങ്കത്തട്ടിൽ തോറ്റമ്പിയ പത്താം ക്ലാസുകളിലെ 'റൗഡിപ്പട' മണിയൻപിള്ള രാജുവിനെ തല്ലാൻ തെരഞ്ഞുനടന്ന നാളുകൾ. ഒപ്പം സ്കൂൾ ബസ്സിലെ കൂട്ടത്തല്ലും, പ്രിയദർശനെ തോൽപ്പിക്കാൻ കരാട്ടെ പഠിക്കാൻ ഇറങ്ങിപ്പുറപ്പെട്ട കുട്ടി ലാലിന്റെ രസകരമായ വിശേഷങ്ങളും...**


ജോഷി ജോർജ്

ആകാംക്ഷയ്ക്ക് അറുതിവരുത്തിക്കൊണ്ട് ഒടുവിൽ ആ പ്രഖ്യാപനം എത്തി:

ഒന്നാം സമ്മാനം: കമ്പ്യൂട്ടർ ബോയ്
മികച്ച നടൻ: മോഹൻലാൽ

ആർപ്പുവിളികളോടെ കൂട്ടുകാർ മോഹൻലാലിന് ചുറ്റുംകൂടി. സന്തോഷം കൊണ്ട് ലാൽ വീർപ്പുമുട്ടുകയായിരുന്നു. അവരെല്ലാം ചേർന്ന് തങ്ങളുടെ 'മികച്ച നടനെ' തോളിലേറ്റിയപ്പോൾ സന്തോഷാധിക്യം കൊണ്ട് ലാലിന്റെ കണ്ണുകൾ നിറഞ്ഞു, തൊണ്ട ഇടറി. അപ്പോഴും ആ നാടകത്തിന്റെ സംവിധായകൻ മണിയൻപിള്ള രാജുവിനെ എവിടെയും കണ്ടില്ല. ഫലപ്രഖ്യാപനം വന്ന ഉടൻതന്നെ രാജു സ്റ്റേജിന്റെ പുറകിലൂടെ ഓടിപ്പോകുന്നത് കണ്ടതായി ആരോ പറഞ്ഞു!

ലാലിനും കൂട്ടർക്കും കാര്യം മനസ്സിലായില്ല. എന്നാൽ, പത്താം ക്ലാസുകാർ കലിതുള്ളി നിൽക്കുകയായിരുന്നു:

''എവിടെയടാ അവൻ? ആ പൊണ്ണനെ വിട്ടുപോകരുത്! ആറാം ക്ലാസിലെ പൊടിപിള്ളേരെക്കൊണ്ട് നാടകം കളിപ്പിച്ച് സമ്മാനം തട്ടിയെടുത്ത കശ്മലൻ!'

ഗവ. മോഡൽ സ്കൂളിൽ അന്ന് റൗഡികളായ പത്താം ക്ലാസുകാരുടെ ഒരു വമ്പൻ സംഘം തന്നെയുണ്ടായിരുന്നു. അവന്മാർ ലാലിനെയും കൂട്ടരെയും ശരിക്കും വിരട്ടി. അവർക്ക് കമ്പ്യൂട്ടർ ബോയിയുടെ സംവിധായകൻ സുധീർകുമാർ എന്ന രാജുവിനെ തല്ലണം! കാരണം, ആ സ്കൂളിന്റെ ചരിത്രത്തിൽ പത്താം ക്ലാസുകാർക്ക് ഇതുപോലെ ഒരു തിരിച്ചടി ഉണ്ടായിട്ടില്ല. സ്കൂളിലെ വമ്പന്മാർ പല നാടകങ്ങളും കളിച്ചിട്ടും, വെറും ആറാം ക്ലാസിലെ 'ഡ്യൂക്കിലികൾ' അവതരിപ്പിച്ച നാടകത്തിന് ഒന്നാം സമ്മാനം! പോരാത്തതിന് മികച്ച നടനുള്ള പുരസ്കാരവും!

പ്രിയദർശനാകട്ടെ ഇത് ഒട്ടും സഹിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. റൗഡിക്കൂട്ടം സ്കൂൾ പരിസരത്തെല്ലാം മണിയൻപിള്ള രാജുവിനെ തെരഞ്ഞു നടന്നു. എന്നാൽ ആ സംവിധായകന്റെ പൊടിപോലും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. റൗഡി സംഘത്തിന്റെ നിഴലായി പ്രിയദർശനുമുണ്ടായിരുന്നു.

പിറ്റേന്ന് മോഹൻലാലും കൂട്ടരും രാജുവിന്റെ വീട്ടിലെത്തി:

'ചേട്ടൻ എന്തു പണിയാ ഈ കാണിച്ചത്? ഞങ്ങൾ എവിടെയെല്ലാം തിരഞ്ഞു! ഇത് എവിടെപ്പോയിരുന്നു?'ആകാംക്ഷയോടെ ലാൽ ചോദിച്ചു.

'ഹേയ്... ഞാൻ അപ്പോൾ അവിടെ നിന്നാൽ ശരിയാകില്ല എന്ന് മാത്രവുമല്ല, എനിക്ക് പോന്നിട്ട് അല്പം അത്യാവശ്യവുമുണ്ടായിരുന്നു! അവതരിപ്പിച്ച നാടകങ്ങൾ മുഴുവൻ കഴിഞ്ഞപ്പോഴേ ഞാൻ തീരുമാനിച്ചതാ, അട്ടിമറിയൊന്നും നടന്നില്ലെങ്കിൽ നമ്മുടെ നാടകത്തിന് സമ്മാനം കിട്ടുമെന്ന്!'രാജു വാചാലനായി.

സമ്മാനം പ്രഖ്യാപിച്ചാൽ ആ റൗഡിസെറ്റ് തന്നെ പിടികൂടുമെന്ന് രാജു മുൻകൂട്ടി കണ്ടിരുന്നു. അതുകൊണ്ടാണ് ഫലപ്രഖ്യാപനത്തോടെ താൻ മുങ്ങിയതെന്ന് പിള്ളേരോട് പറയാൻ പറ്റില്ലല്ലോ!

അന്ന് സംവിധായകൻ മുങ്ങിയില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ മോഹൻലാലും കൂട്ടരും മുങ്ങിയേനേ! കാരണം സമ്മാനം ലഭിച്ചാൽ ഹോട്ടൽ ആസാദിൽനിന്ന് മട്ടനും പൊറോട്ടയും വാങ്ങിത്തരാമെന്ന് ലാലും കൂട്ടരും രാജുവിന് ഉറപ്പു നൽകിയിരുന്നതാണ്. പൊറോട്ടയും മട്ടനും പോയിട്ട് ഒരു ചായ പോലും വാങ്ങിക്കൊടുക്കാനുള്ള പണം ആ പീക്കിരിപ്പിള്ളേരുടെ കൈയിൽ അപ്പോൾ ഇല്ലായിരുന്നു.

ആറാം ക്ലാസിലെ ലാലിന്റെ അഭിനയം നല്ലൊരു തുടക്കമായിരുന്നു. കുറേനാൾ കുട്ടികൾ 'കമ്പ്യൂട്ടർ അപ്പൂപ്പൻ' എന്നാണ് ലാലിനെ വിളിച്ചിരുന്നത്.

അന്നത്തെ ലാലിന്റെ പ്രധാന ഹീറോ സത്യനായിരുന്നു. മലയാളത്തിന്റെ അനശ്വര നടനായ സത്യന്റെ നടപ്പും സംസാരരീതിയുമൊക്കെ അറിയാതെതന്നെ ലാലിൽ കുടിയേറി. പ്രേമരംഗങ്ങളിൽ പ്രേംനസീറിനോടായിരുന്നു പ്രിയം. സ്റ്റണ്ട് രംഗങ്ങളിലാകട്ടെ എം.ജി.ആറിനോടും! ഇവർ ഓരോരുത്തരിലുമുള്ള കഴിവുകൾ ഒരാളിൽ ഒത്തുചേർന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന് ലാൽ പലപ്പോഴും ചിന്തിച്ചിരുന്നു. അക്കാലത്തിറങ്ങിയ മലയാളം, തമിഴ് സിനിമകളിൽ ഭൂരിഭാഗവും ലാൽ എങ്ങനെയെങ്കിലും പോയി കാണുമായിരുന്നു.

സിനിമ കാണാനുള്ള പണമുണ്ടാക്കാൻ ലാൽ പല വഴികളും കണ്ടെത്തി. 'സിനിമ കാണാനാണ്' എന്ന് പറഞ്ഞാൽ വീട്ടിൽനിന്ന് ഒറ്റപ്പൈസ പോലും കിട്ടില്ല. പുതിയ സിനിമ ഇറങ്ങിയെന്നറിഞ്ഞാൽ മോഹൻലാലിന് പിന്നെ ഇരിപ്പുറയ്ക്കില്ല; എങ്ങനെയെങ്കിലും പോയി കണ്ടേ തീരൂ!


മോഹൻലാലും അമ്മയും

ബിഹാറിൽ വെള്ളപ്പൊക്കം മൂലം ഒട്ടേറെപ്പേർ ദുരിതമനുഭവിക്കുന്നുവെന്നും, അവർക്കായി സ്കൂളിൽനിന്ന് പിരിവെടുക്കുന്നുണ്ടെന്നും പറയുമ്പോൾ അമ്മയുടെ മനം അലിയും. അങ്ങനെ നല്ലൊരു സംഖ്യ ലാൽ സംഘടിപ്പിക്കും. അടുത്ത ഊഴം അസമിൽ കൊടുംവരൾച്ച മൂലം കഷ്ടതയനുഭവിക്കുന്നവർക്കായി ശേഖരിക്കുന്ന നിധിയിലേക്ക് ഉദാരമായി സംഭാവന ചെയ്യാൻ ഹെഡ്മാസ്റ്റർ പറഞ്ഞിരിക്കുന്നു എന്നാകും ലാലിന്റെ ഡയലോഗ്! അങ്ങനെ പലതരം തന്ത്രങ്ങളിലൂടെ അമ്മയുടെ കൈയിൽനിന്ന് ലാൽ പണം സ്വന്തമാക്കും.

കാശ് കൈയിൽ കിട്ടിയാൽ കക്ഷി നേരെ വെച്ചുപിടിക്കുന്നത് സിനിമാ തിയേറ്ററിലേക്കാണ്. സ്കൂളിലെ ക്രിക്കറ്റ് ടീമിലും ലാലുണ്ടായിരുന്നു. അവിടെയും ലാലിന്റെ പ്രധാന എതിരാളി പ്രിയദർശൻ തന്നെയായിരുന്നു.

സ്കൂളിൽനിന്ന് 'മികച്ച നടൻ' പദവി ലഭിച്ചതോടെ മോഹൻലാലിന്റെ ആത്മവിശ്വാസം ഇരട്ടിച്ചു. സ്കൂളിലെ ഏതു ക്ലാസിലെ എത്ര വലിയ കുട്ടിയോടും ഒപ്പത്തിനൊപ്പം നിൽക്കാമെന്നൊരു ചങ്കൂറ്റം അവനുണ്ടായി! ഇതോടെ സ്കൂളിൽ ലാലിനോട് സൗഹൃദം കൂടാൻ ഏറെപ്പേരുണ്ടായി. ഒപ്പം ചില എതിരാളികളും അങ്ങുമിങ്ങും തലപൊക്കി. അമർഷക്കാരുടെ നേതാവ് പ്രിയദർശനല്ലാതെ മറ്റാരുമായിരുന്നില്ല.

അഭിനയത്തോട് ഉള്ളത്ര കമ്പമൊന്നും ക്രിക്കറ്റിൽ ലാലിന് ഉണ്ടായിരുന്നില്ല. എന്നാൽ, തന്റെ മുഖ്യശത്രുവായ പ്രിയദർശൻ ക്രിക്കറ്റ് ടീമിൽ തിളങ്ങിനിൽക്കുന്നുണ്ടായിരുന്നു. അങ്ങനെ അവനെ തനിയെ 'ഷൈൻ' ചെയ്യാൻ വിടരുതല്ലോ എന്നുകരുതി ലാൽ ക്രിക്കറ്റിലും താല്പര്യം കാണിച്ചു തുടങ്ങി. തൈക്കാട്ടായിരുന്നു പ്രിയദർശന്റെ കുടുംബം ആദ്യം താമസിച്ചിരുന്നത്. പിന്നീടവർ പൂജപ്പുരയിലേക്ക് താമസം മാറി.

സ്കൂൾ ബസ്സിലെ ഒരുമിച്ചുള്ള യാത്രകളിലാണ് ഇരുവരും നിരന്തരം കൊമ്പുകോർക്കുന്നത്. ഇവരുടെ ഉടക്കും വലിയ വായിലെ ചീത്തവിളിയും കാരണം ബസ്സിനകം ഏതാണ്ട് ഒരു ചന്തയുടെ നിലവാരത്തിലേക്ക് ഉയരും! ചിലപ്പോഴൊക്കെ ബസ്സിലെ ഡ്രൈവറും കണ്ടക്ടറുമൊക്കെ ഇരുവരുടെയും ചെവിക്ക് പിടിച്ചെന്നിരിക്കും. എങ്കിലും പൂവൻകോഴികളെപ്പോലെയായിരുന്നു ഇവരുടെ പോര്. പ്രായം കൊണ്ട് മുതിർന്നയാൾ പ്രിയദർശൻ ആയിരുന്നെങ്കിലും, കാഴ്ചയിൽ മോഹൻലാലിനായിരുന്നു തടിമിടുക്ക്! അതുകൊണ്ടുതന്നെ ലഹള തീർക്കാനെത്തുന്നവരുടെ ശകാരം കൂടുതൽ ഏറ്റുവാങ്ങേണ്ടിവന്നത് മോഹൻലാലിനായിരുന്നു.

'ഈ അശുവിനോട് മെക്കിട്ടുകയറാൻ നിനക്ക് നാണമില്ലേടാ പൊണ്ണത്തടിയാ...?' എന്ന് മുതിർന്നവർ ചോദിക്കുമ്പോൾ പ്രിയദർശന് ദേഷ്യം ഇരട്ടിക്കും. താൻ തീർത്തും ഒരു 'അശു' തന്നെയാണോ എന്ന് കക്ഷിക്കു തന്നെ സംശയം തോന്നിത്തുടങ്ങും!

ക്രിക്കറ്റ് ഗ്രൗണ്ടിലെത്തിയ മോഹൻലാലിന് പെട്ടെന്നുതന്നെ നല്ലൊരു ബൗളറെന്ന പേരുണ്ടാക്കാൻ കഴിഞ്ഞു. അതോടെ പ്രിയദർശന്റെ പക ഇരട്ടിച്ചു. മോഹൻലാലിനെ ഒതുക്കാൻ കിട്ടുന്ന ഏതു ചെറിയ അവസരവും പ്രിയൻ നന്നായി ഉപയോഗിച്ചു. ചുരുക്കത്തിൽ, ഇരുവരും കീരിയും പാമ്പും പോലെയായിരുന്നു.

വേണു നാഗവള്ളി, ജഗതി ശ്രീകുമാർ, ജഗദീഷ്, മണിയൻപിള്ള രാജു എന്നിവരെല്ലാം ഗവ. മോഡൽ സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു. ഇവർക്കെല്ലാം വെവ്വേറെ വർഷങ്ങളിൽ സ്കൂളിലെ 'മികച്ച നടൻ' പട്ടം ലഭിച്ചിട്ടുണ്ട്. ഇവരുടെ പാതയിലെ ഒരു കണ്ണിയാകാൻ ആറാം ക്ലാസിൽ എത്തിയപ്പോഴേക്കും മോഹൻലാലിന് കഴിഞ്ഞു. എന്നാൽ ഇതൊന്നും ഒരു തരത്തിലും ഉൾക്കൊള്ളാൻ പ്രിയദർശന് സാധിച്ചിരുന്നില്ല. മോഹൻലാൽ ഏതു ചേരിയിൽ നിൽക്കുന്നുവോ, അതിന്റെ മറുഭാഗത്ത് പ്രിയദർശൻ ഉണ്ടാകുമെന്ന് ഉറപ്പായിരുന്നു.

ഇങ്ങനെയിരിക്കെയാണ് മോഡൽ സ്കൂളിൽ വിദ്യാർത്ഥി രാഷ്ട്രീയം ശക്തമായി ഉരുണ്ടുകൂടിയത്. അടിയുറച്ച രാഷ്ട്രീയബോധമൊന്നും അന്ന് കുട്ടികൾക്കാർക്കുമില്ല; ഷൈൻ ചെയ്യാൻ കിട്ടുന്ന ഒരു വേദി, അത്ര തന്നെ! പ്രിയദർശൻ എങ്ങനെയോ കെ.എസ്.യു.ക്കാരനായി. മോഹൻലാൽ അടങ്ങിയിരിക്കുമോ? ഉടൻ തന്നെ താൻ എസ്.എഫ്.ഐ. ആണെന്ന് ലാലും പ്രഖ്യാപിച്ചു! ആഞ്ഞ് രണ്ടു മുദ്രാവാക്യം വിളിച്ച് സടകുടഞ്ഞ് പോരിന് തയ്യാറായിനിന്നു. പ്രിയദർശനും പിന്നാക്കം പോയില്ല.

ബസ്സിന്റെ ഫുട്ബോർഡിൽ നിന്ന് 'ഷൈൻ' ചെയ്ത് യാത്ര ചെയ്യുകഎന്നതായിരുന്നു ഈ രണ്ടു ശത്രുക്കളുടെയും പ്രധാന വിനോദം. പ്രിയദർശൻ നേരത്തേതന്നെ ഫുട്ബോർഡിൽ സ്ഥാനം പിടിച്ചിരിക്കും. തൊട്ടടുത്ത സ്റ്റോപ്പിൽനിന്ന് മോഹൻലാൽ കയറും. പിന്നെ ഇരുവരും തമ്മിൽ ബലപരീക്ഷണമായി. ഇതിനിടെ കണ്ടക്ടർ ഇടപെടും:

'രണ്ടാളും ഫുട്ബോർഡിൽ നിന്ന് ഉള്ളിലേക്ക് കയറി നിൽക്കണം!'

മോഹൻലാൽ എങ്ങനെയെങ്കിലും വാചകമടിച്ച് കണ്ടക്ടറെ കൈയിലെടുക്കും. അതോടെ അദ്ദേഹം പിന്മാറും. പ്രിയൻ പല്ലുകടിച്ച് രോഷത്തോടെ കണ്ടക്ടറെ നോക്കും. പിന്നെ എന്തെങ്കിലും ഉടക്കുണ്ടാക്കി ലാലിന്റെ അടുത്തേക്ക് വരും. ലാലാകട്ടെ പ്രിയനെ തളർത്താൻ എന്തെങ്കിലും കുസൃതി ഒപ്പിക്കും. ഒടുവിൽ വാക്കേറ്റം മൂത്ത് കൈയേറ്റത്തോടടുക്കും. അപ്പോഴായിരിക്കും ഏതെങ്കിലും ഒരു സുന്ദരിയായ സഹപാഠിയുടെ ഇടപെടൽ:

'പോട്ടെ എന്റെ ലാലേ... ആ പാവത്തിനെ വിട്ടേരെ... അതും വെറും അശു!'

